വാല്യം 06
ഇഷ്യൂ 02

# നിയമധ്വനി

കേരള സർക്കാർ നിയമവകുപ്പ് പ്രസിദ്ധീകരണം






നിയമധ്വനിയുടെ മുൻപതിപ്പുകൾ
നിയമവകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

*https://lawsect.kerala.gov.in*

കേരള സർക്കാർ
നിയമ വകുപ്പ്

# നിയമധ്വനി

കേരള സർക്കാർ നിയമവകുപ്പ് പ്രസിദ്ധീകരണം

# നിയമധ്വനി

കേരള സർക്കാർ നിയമവകുപ്പ് പ്രസിദ്ധീകരണം


## പത്രാധിപസമിതി

ചീഫ് എഡിറ്റർ
**വി. ഹരി നായർ**
നിയമ സെക്രട്ടറി

എഡിറ്റർ
**പി. വി. ഗീത**
അഡീഷണൽ നിയമ സെക്രട്ടറി

അംഗങ്ങൾ
**കെ. പ്രസാദ്**
ജോയിന്റ് സെക്രട്ടറി

**രശ്മി. ഐ.ബി**
സെക്ഷൻ ഓഫീസർ

**ജെസ്സി. പി**
അസിസ്റ്റന്റ് ലീഗൽ ഓഫീസർ

**സൈജു. കെ. എ**
ലീഗൽ അസിസ്റ്റന്റ്



പുറം താൾ രൂപകൽപ്പന
രൂപകൽപന വിഭാഗം
അച്ചടി വകുപ്പ്, ഗവൺമെന്റ് സെൻട്രൽ പ്രസ്സ്,
തിരുവനന്തപുരം-2022

അച്ചടി
ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല, തിരുവനന്തപുരം-2022

മാന്യവായനക്കാരുടെ വിലയേറിയ അഭിപ്രായങ്ങളും
നിർദ്ദേശങ്ങളും അറിയിക്കുക
വിലാസം
**നിയമ (ഔദ്യോഗികഭാഷ – പ്രസിദ്ധീകരണ സെൽ) വകുപ്പ്,**
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം 685 001

ഫോൺ
0471-2517064, 0471-2517066
e-mail.id : so.olpc.law@kerala.gov.in



കേരള സർക്കാർ
നിയമവകുപ്പ്

# പ്രസാധകക്കുറിപ്പ്

ഭരണത്തിന്റെ സർവ്വതലങ്ങളിലും ഔദ്യോഗികഭാഷ മലയാളമാക്കണമെന്ന കേരളസർക്കാരിന്റെ പ്രഖ്യാപിത നയത്തിന്റെ ഭാഗമായാണ് 'നിയമധ്വനി' എന്ന ജേണൽ നിയമവകുപ്പ് പ്രസിദ്ധീകരിച്ചുവരുന്നത്. സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും കാലികവും പ്രധാനപ്പെട്ടതുമായ വിധിന്യായങ്ങളും, നിയമാവബോധമുണർത്തുന്ന ലേഖനങ്ങളും, നിയമരംഗത്തെയും നിയമ വകുപ്പിലെയും വാർത്തകളും ഉൾപ്പെടുത്തിക്കൊണ്ടാണ് പുതിയലക്കം 'നിയമധ്വനി' പ്രസിദ്ധീകരിക്കുന്നത്. സംസ്ഥാനത്തെ ഭരണരംഗത്ത് മലയാളഭാഷയ്ക്ക് പ്രമുഖമായ സ്ഥാനമുണ്ട്. ഒരു വാക്കോ ഒരു പ്രയോഗമോ തെറ്റായരീതിയിൽ പരിഭാഷപ്പെടുത്തിയാൽ ആ പദത്തിന്റെ അർത്ഥത്തിനുപരിയായി ഒരു പ്രധാന ഭാഗംതന്നെ തെറ്റായ രീതിയിൽ വ്യാഖ്യാനിക്കപ്പെടുന്ന സാഹചര്യം, ഭാഷയിലും മറ്റു മേഖലകളിലുമെന്നപോലെ ഭരണരംഗത്തുമുണ്ട്. ഭരണഭാഷയിലെ ഭാഷാപരവും, ഘടനാപരവും, വസ്തുതാപരവുമായ പിശകുകൾ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും അത് സർക്കാർ സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് തടസ്സം സൃഷ്ടിക്കുകയും ചെയ്യും. അതിനാൽ കൃത്യതയുള്ളതും ഒരേ രീതിയിൽ മാത്രം വ്യാഖ്യാനിക്കപ്പെടുന്നതും ലളിതവുമായ ഭാഷയാണ് ഭരണരംഗത്ത് വേണ്ടത്. ഭരണരംഗത്തെ എല്ലാ വകുപ്പുകളിലും മലയാളം ഭരണഭാഷയാക്കുക എന്നതിനു പുറമേ കോടതിഭാഷകൂടി മലയാളമാക്കിയാൽ മാത്രമേ സാധാരണ ജനത്തിന് പൂർണ്ണ പ്രയോജനം ലഭിക്കുകയുള്ളൂ. ഇതിനായി ബഹു. ഹൈക്കോടതിയും നിയമവകുപ്പും ആഭ്യന്തരവകുപ്പും ഏകോപിച്ച് ക്രിയാത്മകമായ പല നടപടികളും സ്വീകരിച്ചു വരുന്നുവെന്നത് നമുക്ക് ശുഭപ്രതീക്ഷ നൽകുന്ന ഒന്നാണ്.

കേരളത്തിലെ ഭരണഭാഷാ വ്യാപനത്തിന് 'നിയമധ്വനി' ഏറെ സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിലെ പ്രയോഗങ്ങളിൽ പിഴവുകളോ ഇതിലുള്ളതിനേക്കാൾ മെച്ചപ്പെട്ട പദങ്ങളോ പ്രയോഗങ്ങളോ ശ്രദ്ധയിൽപ്പെട്ടാൽ ഞങ്ങളെ അറിയിക്കണമെന്ന് മാന്യവായനക്കാരോട് അഭ്യർത്ഥിക്കുന്നു.

**വി. ഹരിനായർ**
നിയമസെക്രട്ടറി

നിയമവകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം
28-11-2022

# ഉൾത്താളുകളിൽ

I. **സുപ്രീംകോടതി വിധിന്യായങ്ങൾ**

പേജ്

1. ഫെർട്ടിലൈസേഴ്സ് ആന്റ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡും മറ്റുള്ളവരും V. അനുശ്രീ. കെ. ബി 5
2. ആർ. കൃഷ്ണമൂർത്തി V. ആർ. ആർ ജഗദേശൻ 12
3. യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും V. രാംസിംഗ് 15

II. **ഹൈക്കോടതി വിധിന്യായങ്ങൾ** 18

1. അൻവറുദ്ദീൻ V. സബീന 19
2. കാലിക്കറ്റ് യൂണിവേഴ്സിറ്റിയും മറ്റുള്ളവരും V. സി. രാജേന്ദ്രനും മറ്റുള്ളവരും 21
3. കുഞ്ഞിപ്പെണ്ണും മറ്റുള്ളവരും V. കേരള സംസ്ഥാനവും മറ്റുള്ളവരും. 26
4. കേരള സംസ്ഥാനവും മറ്റുള്ളവരും V. ഷൈലജ കെ. ഉണ്ണിത്താൻ 29
5. രാജേഷ് നാരായണനും മറ്റുള്ളവരും V. കേരള സംസ്ഥാനവും മറ്റുള്ളവരും 32
6. എൻ ബി പ്രസാദ് V. വൈക്കം മുനിസിപ്പാലിറ്റിയും മറ്റുള്ളവരും 36

III. **സുപ്രീംകോടതി വിധി : സംക്ഷിപ്തം** 38

1. സ്റ്റേറ്റ് ഓഫ് രാജസ്ഥാനും മറ്റുള്ളവരും V. ഫൂൽസിംഗ് 39
2. മൊറേഷർ യാദവ്റാവു മഹാജൻ V. വെങ്കടേശ് സീതാറാം ബേഡിയും മറ്റുള്ളവരും 42

IV. **ലേഖനങ്ങൾ** 44

1. വിവരാവകാശനിയമം : മൂന്നാം കക്ഷി വിവരം 45
(ശ്രീ. സാദിഖ്. എം. കെ, സ്പെഷ്യൽ സെക്രട്ടറി)
2. നിയമനിർമ്മാണത്തിന്റെ വിവിധഘട്ടങ്ങൾ 48
(ശ്രീമതി ഷിജി. വി, അണ്ടർ സെക്രട്ടറി)
3. ശിവാജി ചൗക്കിലെ കൊലപാതകം 54
(ശ്രീ. മനോജ്. എം. പി, സെക്ഷൻ ഓഫീസർ)
4. നോക്കുകൂലി 57
(ശ്രീ ദിപിൻ റോയ് എസ്. എൽ, അസിസ്റ്റന്റ് ലീഗൽ ഓഫീസർ)

V. നിയമപദപരിചയം 61
VI. നിയമസൂക്തങ്ങൾ 63
VII. കേരള തദ്ദേശ സ്വയംഭരണ പൊതുസർവീസ് ആക്ട് 65
VIII. നിയമലോകം 69
IX. നിയമവകുപ്പുവാർത്തകൾ 72
X. പതിനഞ്ചാം കേരളനിയമസഭയുടെ 6-ാം സമ്മേളനത്തിൽ അവതരിപ്പിച്ച ബില്ലുകളും അവയിൽ ആക്റ്റ് ആയവയും 75



# സുപ്രീം കോടതി വിധിന്യായങ്ങൾ

## ബഹു. സുപ്രീംകോടതി മുമ്പാകെ

സിവിൽ അപ്പീൽ നം.-6958/2022

**ഫെർട്ടിലൈസേഴ്സ് ആന്റ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡും മറ്റുള്ളവരും**
**V.**
**അനുശ്രീ.കെ.ബി.**

(2022 സെപ്റ്റംബർ 30-ന് വിധി പ്രസ്താവിച്ചത്)

ബഹു. ജഡ്ജിമാർ
**ജസ്റ്റിസ് എം. ആർ.ഷാ**
**ജസ്റ്റിസ് കൃഷ്ണമുരാരി**

**വിധിയുടെ പ്രസക്തഭാഗങ്ങൾ**

ആശ്രിത നിയമനം.-മരണമടഞ്ഞ ജീവനക്കാരന്റെ നിര്യാണം മുതൽ 24 വർഷങ്ങൾ എന്ന കാലയളവിനുശേഷം ആശ്രിതനിയമനത്തിന് എതിർകക്ഷിക്ക് അവകാശമില്ല. അത്തരം നിയമനം ഇപ്പോഴോ, കൂടാതെ/ അല്ലെങ്കിൽ 14/24 വർഷങ്ങൾക്ക് ശേഷമോ നടത്തിയാൽ ഏതു ലക്ഷ്യത്തിനും ഉദ്ദേശ്യത്തിനുമാണോ ആശ്രിതനിയമനം നൽകുന്നത് ആയതിന് വിരുദ്ധമാണ്. പെട്ടെന്നുണ്ടായ പ്രതിസന്ധി തരണം ചെയ്യുവാൻ കുടുംബത്തെ പ്രാപ്തമാക്കുക എന്നതാണ് ഇപ്രകാരം ആശ്രിത നിയമനം നൽകുന്നതിന്റെ പൂർണ്ണമായ ലക്ഷ്യം. മരണപ്പെട്ടയാൾ വഹിച്ചിരുന്ന തസ്തികയേക്കാൾ വളരെ താഴ്ന്ന ഒരു തസ്തിക അത്തരം കുടുംബത്തിന് നൽകുക എന്നതല്ല ഉദ്ദേശ്യം.

### വിധിന്യായം

**ജസ്റ്റിസ് എം . ആർ. ഷാ**

1. കേരളഹൈക്കോടതിയിൽ (എറണാകുളം) അപ്പീൽവാദികൾ സമർപ്പിച്ച 2021-ലെ റിട്ട് അപ്പീൽ നമ്പർ 543-ൽ ഹൈക്കോടതി ഡിവിഷൻ ബഞ്ച് 31.03.2022-ൽ പുറപ്പെടുവിച്ച ചോദ്യംചെയ്യപ്പെട്ട വിധിന്യായത്തിലും ഉത്തരവിലും, പ്രസ്തുത റിട്ട് അപ്പീൽ തള്ളിക്കൊണ്ട് ആശ്രിതനിയമനത്തിന് വേണ്ടിയുള്ള ഇതിലെ എതിർകക്ഷിയുടെ കേസ് പരിഗണിക്കുവാൻ അപ്പീൽവാദികളോട് നിർദ്ദേശിച്ച് സിംഗിൾ ജഡ്ജി പാസ്സാക്കിയ വിധിന്യായവും ഉത്തരവും സ്ഥിരീകരിച്ചതിലും വൈഷമ്യവും അസംതൃപ്തിയും തോന്നിയത് മൂലമാണ് യഥാർത്ഥ അപ്പീൽവാദി കളായ ഫെർട്ടിലൈസേഴ്സ് ആന്റ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ് നിലവിലെ അപ്പീൽ സമർപ്പിച്ചിട്ടുള്ളത്.

2. നിലവിലെ അപ്പീലിലേക്ക് നയിക്കുന്ന വസ്തുതകളുടെ സംക്ഷിപ്തം താഴെ പറയുന്ന പ്രകാരമാണ് :

2.1 എതിർകക്ഷിയുടെ പിതാവ് ചുമട്ട് സഹായിയായി (ലോഡിംഗ് ഹെൽപ്പർ) ഒന്നാം അപ്പീൽവാദിയാൽ ജോലിചെയ്തു വരവെ 19.04.1995-ൽ കർത്തവ്യ നിർവ്വഹണത്തിനിടയിൽ മരണപ്പെട്ടു. ജീവനക്കാരന്റെ മരണസമയത്ത്, ജീവനക്കാരന്റെ ഭാര്യക്ക് ജോലിയുണ്ടായിരുന്നതിനാൽ, ജോലിയിലിരിക്കവെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന പദ്ധതി പരിഗണിച്ചുകൊണ്ട് ആശ്രിതനിയമനത്തിന് അർഹതയുണ്ടായിരുന്നില്ല. മരണമടഞ്ഞ ജീവനക്കാരന്റെ നിര്യാണത്തെതുടർന്ന് 14 വർഷത്തെ കാലയളവിന് ശേഷം, എതിർകക്ഷിയായ, മരണമടഞ്ഞ ജീവനക്കാരന്റെ മകൾ, ആശ്രിതനിയമനം ആവശ്യപ്പെട്ട് ഒരു നിവേദനം നൽകി. മരണമടഞ്ഞ ജീവനക്കാരൻ സമർപ്പിച്ചിരുന്ന ആശ്രിതരുടെ പട്ടികയിൽ അവളുടെ പേരില്ലായെന്നും, മരണമടഞ്ഞ ജീവനക്കാരന്റെ വിധവയ്ക്കോ മകനോ അവിവാഹിതയായ മകൾക്കോ ജോലി നൽകണമെന്നതാണ് നയം എന്നുമുള്ള കാരണത്താൽ 12.02.2018-ന് അവളുടെ ആശ്രിത നിയമനത്തിനുള്ള അപേക്ഷ നിരസിക്കപ്പെട്ടു.

2.2 ആശ്രിത നിയമനത്തിനുള്ള അപേക്ഷയുടെ നിരസിക്കലായിരുന്നു സിംഗിൾ ജഡ്ജി മുമ്പാകെയുള്ള റിട്ട് ഹർജിയിലെ പ്രതിപാദ്യവിഷയം. പദ്ധതിയിലെ 1-ാം ഖണ്ഡം അനുസരിച്ച് എതിർകക്ഷിയുടെ അപേക്ഷ പുനഃപരിശോധിക്കുവാൻ അപ്പീൽവാദികൾക്കുള്ള നിർദ്ദേശങ്ങളോടെ സിംഗിൾ ജഡ്ജി 13.11.2019-ലെ ഉത്തരവ് പ്രകാരം റിട്ട് ഹർജി തീർപ്പാക്കി.

2.3 ആശ്രിതനിയമനത്തിനുള്ള എതിർകക്ഷിയുടെ അപേക്ഷ ജീവനക്കാരന്റെ മരണസമയത്ത് അയാളുടെ ഭാര്യ കേരള സംസ്ഥാന ആരോഗ്യസേവന വകുപ്പിൽ ആദായകരമായ ഉദ്യോഗത്തിലായിരുന്നതിനാൽ മരണമടഞ്ഞ ജീവനക്കാരൻ "കുടുംബത്തിന്റെ ഏക അന്നദാതാവ് " ആയിരിക്കണമെന്ന പദ്ധതിയുടെ പ്രാഥമിക ഉപാധി പാലിക്കപ്പെട്ടിട്ടില്ലായെന്ന കാരണത്താലും കൂടാതെ, മരണമടഞ്ഞ ജീവനക്കാരൻ നിര്യാതനായി 24 വർഷങ്ങൾ കഴിഞ്ഞു എന്ന കാരണത്താലും പുനഃപരിശോധനക്കുശേഷം അപ്പീൽവാദികൾ 12.12.2019-ന് വീണ്ടും നിരസിച്ചു.

2.4 ആശ്രിതനിയമനത്തിനായുള്ള എതിർകക്ഷിയുടെ അപേക്ഷ നിരസിച്ചുകൊണ്ടുള്ള 13.11.2019-ലെ ഉത്തരവിൽ വിഷമവും അസംതൃപ്തിയും തോന്നിയതുമൂലം എതിർകക്ഷി ഹൈക്കോടതി മുമ്പാകെ റിട്ട് ഹർജി സമർപ്പിച്ചു.

2.5 പ്രസ്തുത റിട്ട് ഹർജി 22.01.2021-ലെ വിധിന്യായവും ഉത്തരവും പ്രകാരം സിംഗിൾ ജഡ്ജി അനുവദിക്കുകയും 2018-ലെ റിട്ട് ഹർജി നമ്പർ 11234-ൽ (മുമ്പത്തെ വ്യവഹാരം) സിംഗിൾ ജഡ്ജി 13.11.2019-ൽ പുറപ്പെടുവിച്ച നിരീക്ഷണങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ എതിർകക്ഷിയുടെ അവകാശവാദം കർശനമായി പുനഃപരിശോധിക്കാൻ അപ്പീൽവാദികളോട് നിർദ്ദേശിക്കുകയും ചെയ്തു.

2.6 സിംഗിൾ ജഡ്ജി പുറപ്പെടുവിച്ച വിധിന്യായവും ഉത്തരവുമായിരുന്നു നിലവിലെ റിട്ട് അപ്പീൽ മുഖേന ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് മുമ്പാകെവന്ന അപ്പീലിലെ പ്രതിപാദ്യവിഷയം. ചോദ്യംചെയ്യപ്പെട്ട വിധിന്യായവും ഉത്തരവും പ്രകാരം ഹൈക്കോടതി ഡിവിഷൻ ബഞ്ച് പ്രസ്തുത റിട്ട് അപ്പീൽ തള്ളിയതാണ് ഈ കോടതിമുമ്പാകെ നിലവിലെ അപ്പീലിന് കാരണമായത്.

3. കേസിന്റെ വസ്തുതകളിലും സാഹചര്യങ്ങളിലും, പ്രത്യേകിച്ചും മരണപ്പെട്ട ജീവനക്കാരന്റെ മകളായ എതിർകക്ഷി ആശ്രിതനിയമനത്തിനായി മരണമടഞ്ഞ ജീവനക്കാരന്റെ നിര്യാണം മുതൽ 14 വർഷക്കാലയളവിന് ശേഷം അപേക്ഷിച്ചപ്പോൾ, ആശ്രിതനിയമനത്തിനായുള്ള എതിർകക്ഷിയുടെ കേസ് പുനഃപരിശോധിക്കുവാൻ ബഹുമാനപ്പെട്ട ഹൈക്കോടതി അപ്പീൽവാദികൾക്ക് നിർദ്ദേശം നൽകേണ്ടിയിരുന്നില്ല എന്ന് അപ്പീൽവാദികൾക്ക് വേണ്ടി ഹാജരായ അഭിഭാഷകനായ ശ്രീ. സിദ്ധാർത്ഥ് ഝാ ശക്തമായി വാദിച്ചു. ആശ്രിതനിയമനത്തിനായുള്ള എതിർകക്ഷിയുടെ കേസ് 24 വർഷത്തിന് ശേഷം ഇപ്പോൾ പുനഃപരിശോധിക്കുന്നത് ഏക അന്നദാതാവിന്റെ ആകസ്മിക മരണത്താൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുക എന്നുള്ള ആശ്രിതനിയമനത്തിന്റെ ലക്ഷ്യത്തിനും ഉദ്ദേശ്യത്തിനും, വിരുദ്ധമാണെന്ന് ബോധിപ്പിച്ചു. ഈ കോടതിയുടെ Director of Treasuries in Karnataka and Anr Vs. V.Somyashree, 2021 SCC online SC 704 എന്ന കേസിലെ തീരുമാനത്തെയും ഈ കോടതിയുടെ N.C. Santhosh V. State of Karnataka (2020) 7 SCC 617 എന്ന മറ്റൊരു കേസിലെ തീരുമാനത്തെയും അവലംബിച്ചു (ആശ്രയിച്ചു).

3.1 മുകളിലുള്ള സമർപ്പണങ്ങൾ നടത്തുകയും മേൽപറഞ്ഞ തീരുമാനങ്ങളെ ആശ്രയിക്കുകയും ചെയ്തുകൊണ്ട്, നിലവിലെ അപ്പീൽ അനുവദിക്കുവാൻ അപേക്ഷിച്ചു.

4. എതിർകക്ഷിക്ക് വേണ്ടി ഹാജരായ ശ്രീ സഞ്ജയ് പരിഖ് നിലവിലെ അപ്പീലിനെ ശക്തമായി എതിർത്തു.

4.1 1995–ൽ പരേതനായ ജീവനക്കാരൻ മരണപ്പെടുന്ന സമയത്ത് എതിർകക്ഷി പ്രായപൂർത്തിയാകാത്തയാളാണെന്ന് ബോധിപ്പിച്ചു. പ്രായപൂർത്തിയായപ്പോൾ എതിർകക്ഷിയായ മകൾ ആശ്രിതനിയമനത്തിനായി അപേക്ഷ നൽകി എന്ന് ബോധിപ്പിച്ചു. ആശ്രിത നിയമനത്തിനായുള്ള എതിർകക്ഷിയുടെ അപേക്ഷ ആദ്യം നിരസിച്ചപ്പോൾ, അത് 13.11.2019–ലെ ഉത്തരവ് പാസ്സാക്കുമ്പോൾ പിന്നീട് പരാമർശിച്ച കാലതാമസം എന്ന കാരണത്താലല്ല എന്ന് ബോധിപ്പിച്ചു. 2018–ൽ എതിർകക്ഷിയെ അഭിമുഖത്തിനായി വിളിച്ചിരുന്നുവെങ്കിലും, ആ സമയത്ത്, ആശ്രിത പട്ടികയിൽ എതിർകക്ഷിയുടെ പേര് പരാമർശിച്ചിട്ടില്ലായെന്ന കാരണത്താൽ; നിയമനം നിഷേധിക്കപ്പെട്ടു ആയത് വസ്തുതപരമായി തെറ്റാണെന്ന് കണ്ടെത്തിയതായി സമർപ്പിച്ചു. അതിനാൽ കാലതാമസത്തിന്റെ കാരണത്താൽ എതിർകക്ഷിക്ക് ആശ്രിതനിയമനം നിഷേധിക്കാൻ കഴിയില്ലെന്ന് ബോധിപ്പിച്ചു. അതിനാൽ ഹൈക്കോടതി പാസ്സാക്കിയ ചോദ്യംചെയ്യപ്പെട്ട വിധിയിലും ഉത്തരവിലും ഇടപെടരുതെന്ന് അപേക്ഷിച്ചു.

5. ബന്ധപ്പെട്ട കക്ഷികൾക്കുവേണ്ടിയുള്ള അഭിഭാഷകരെ വിശദമായി കേട്ടു.

6.എതിർകക്ഷിയുടെ പിതാവ് ലോഡിംഗ് ഹെൽപറായി (ചുമട്ടു സഹായി) സേവനമനുഷ്ഠിക്കുകയായിരുന്നു. 1995-ൽ അദ്ദേഹം മരണപ്പെട്ടു. മരണമടഞ്ഞ ജീവനക്കാരന്റെ വിധവ-എതിർകക്ഷിയുടെ മാതാവ്, പ്രസക്തമായ സമയത്ത് കേരള സംസ്ഥാന ആരോഗ്യസേവന വകുപ്പിൽ സേവനമനുഷ്ഠിക്കുകയായിരുന്നതിനാൽ ആശ്രിതനിയമനത്തിന് അർഹതയും കൂടാതെ/ അല്ലെങ്കിൽ അവകാശവും ഇല്ലായിരുന്നു. ഏകദേശം 14 വർഷക്കാലയളവിന് ശേഷം, മരണപ്പെട്ട ജീവനക്കാരന്റെ മകളായ എതിർകക്ഷി ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിക്കുകയും ആയത് അപ്പീൽവാദികൾ നിരസിക്കുകയും ചെയ്തു. ഈ ഘട്ടത്തിൽ, ഇതിനിടയിൽ എതിർകക്ഷി 2013-ൽ വിവാഹിതയായി എന്നത് ശ്രദ്ധിക്കേണ്ടതാണ്. സിംഗിൾ ജഡ്ജി പുറപ്പെടുവിച്ച ഉത്തരവ് ഡിവിഷൻ ബഞ്ച് സ്ഥിരീകരിച്ചപ്പോഴേക്കും ജീവനക്കാരൻ മരണമടഞ്ഞശേഷം 24-ൽ പരം വർഷങ്ങൾകൂടി കഴിഞ്ഞിരുന്നുവെന്നതും ശ്രദ്ധേയമാണ്. മേൽപറഞ്ഞ വസ്തുതകളുടെയും സാഹചര്യങ്ങളുടേയും വെളിച്ചത്തിൽ, പരിഗണിക്കേണ്ട തായിട്ടുള്ളത് ഇതാണ്; എതിർകക്ഷിക്ക്, 1995-ൽ മരണമടഞ്ഞ അവളുടെ പിതാവിന്റെ മരണത്തിൽ ആശ്രിതനിയമനത്തിന് ഇപ്പോഴും അർഹതയുണ്ടോ ?

7. നിലവിലെ അപ്പീലിൽ ഉൾപ്പെട്ടിരിക്കുന്ന തർക്കവിഷയം പരിഗണിക്കുമ്പോൾ പരേതനായ ജീവനക്കാരന്റെ ആശ്രിതനിയമനത്തിൽ ഈ കോടതി നിർണ്ണയപ്പെ ടുത്തിയ നിയമം പരാമർശിക്കുകയും പരിഗണിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. Director of Treasuries in Karnataka and Anr Vs. V. Somyashree 2021 SCC Online SC 704 എന്ന കേസിലെ സമീപകാലവിധിയിൽ, അനുകമ്പാടിസ്ഥാനത്തിലെ നിയമനത്തെ നിയന്ത്രിക്കുന്ന അടിസ്ഥാനതത്വം പരിഗണിക്കാൻ ഈ കോടതിയ്ക്ക് അവസര മുണ്ടായിരുന്നു. N.C Santhosh Vs. State of Karnataka, (2020) 7 SCC 617-ലെ ഈ കോടതി യുടെ തീരുമാനത്തെ പരാമർശിച്ചശേഷം ആശ്രിതനിയമനം നൽകുന്നത് നിയന്ത്രിക്കുന്നതിനുള്ള തത്വത്തെ ഈ കോടതി താഴെപറയും പ്രകാരം സംഗ്രഹിച്ചിരിക്കുന്നു.

(I) ആശ്രിതനിയമനം പൊതുചട്ടത്തിന് ഒരു അപവാദമാണ്.

(ii) ആശ്രിതനിയമനം ഒരു ഉദ്യോഗാർത്ഥിയുടേയും അവകാശമല്ല.

(iii) ഇന്ത്യൻ ഭരണഘടനയുടെ അനുഛേദം 14-നേയും 16-നേയും അനുസൃത പ്പെടുത്തിയുള്ള തത്വത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം സംസ്ഥാന സേവനത്തിലെ ഏതെങ്കിലും പൊതു തസ്തികയിലേക്ക് നിയമനം നടത്തേണ്ടത്.

(iv) സംസ്ഥാനനയം നിർവ്വചിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കുകയും കൂടാതെ/ അല്ലെങ്കിൽ നയപ്രകാരം തൃപ്തികരമായ യോഗ്യതാ മാനദണ്ഡം ഉണ്ടെങ്കിലോ മാത്രമേ അനുകമ്പാടിസ്ഥാനത്തിലുള്ള നിയമനം നടത്താൻ സാധിക്കുകയുള്ളൂ.

(v) അപേക്ഷ പരിഗണിക്കുന്ന തീയതിയിൽ നിലനിൽക്കുന്ന മാനദണ്ഡങ്ങളായിരിക്കണം ആശ്രിതനിയമനത്തിന്റെ അവകാശവാദം പരിഗണിക്കുന്നതിനുള്ള അടിസ്ഥാനം.

8. ആശ്രിതനിയമനം സംബന്ധിച്ച നിരവധി വിധികളിലൂടെ ഈ കോടതി നിർണ്ണയപ്പെടുത്തിയ നിയമപ്രകാരം ഭരണഘടനയുടെ അനുഛേദം 14, 16 എന്നിവയിൽ അനുശാസിക്കുന്ന തുല്യഅവസരം എല്ലാ സർക്കാർ ഒഴിവുകളിലും എല്ലാ ഉദ്യോഗാർത്ഥികൾക്കും നൽകേണ്ടതാണ്. എന്നിരുന്നാലും മരണപ്പെട്ട ജീവനക്കാരന്റെ ആശ്രിതന് അനുകമ്പാടിസ്ഥാനത്തിൽ നിയമനം നൽകുന്നത് പ്രസ്തുത നിയമങ്ങൾക്ക് ഒരു അപവാദമാണ്. അനുകമ്പാടിസ്ഥാനം ഒരു ഇളവാണ്; അവകാശമല്ല .

8.1 State of Himachal Pradesh and Anr Vs Shashi Kumar ((2019)3 SCC 653-ൽ റിപ്പോർട്ട് ചെയ്തത്) എന്ന കേസിൽ അനുകമ്പാടിസ്ഥാനത്തിലുള്ള നിയമനത്തിന്റെ ലക്ഷ്യവും ഉദ്ദേശ്യവും പരിഗണിക്കാൻ ഈ കോടതിക്ക് അവസരം ലഭിച്ചിട്ടുള്ളതും, Govind Prakash Verma Vs. LIC ((2005) 10 SCC 289 -ൽ റിപ്പോർട്ട് ചെയ്തത്) എന്ന കേസിൽ ഈ കോടതിയുടെ തീരുമാനത്തെ പരിഗണിച്ചിട്ടുള്ളതും, 21, 26 ഖണ്ഡികകളിൽ താഴെപറയും പ്രകാരം നിരീക്ഷണം നടത്തിയിട്ടുള്ളതുമാണ് .

"21. Govind Prakash Verma Vs. LIC (2005) 10 SCC 289,-ലെ തീരുമാനം പിന്നീട് ധാരാളം വിധികളിൽ പരിഗണിച്ചിട്ടുണ്ട് എന്നാൽ അത്തരം തീരുമാനങ്ങളെ ഉദാഹരിക്കും മുന്നേ, ആശ്രിത നിയമനത്തിന്റെ രീതി ഈ കോടതി Umesh Kumar Nagpal Vs State of Haryana (1994)4 SCC 138 എന്ന കേസിൽ പരിഗണിച്ചിട്ടുണ്ടായിരുന്നുവെന്നതും ശ്രദ്ധേയമാണ്." ഉമേഷ് കുമാർ നാഗ്പാലിലൂടെ (Umesh Kumar Nagpal V. State of Haryana, (1994) 4 SCC 138) ലൂടെ സ്ഥാപിക്കപ്പെട്ടിട്ടുള്ള അടിസ്ഥാനതത്വങ്ങൾ പിന്നീട് ഈ കോടതിയിൽ സ്ഥിരത്തുടർച്ചയുള്ള ഒരു കീഴ്വഴക്കമായി പാലിച്ചുപോരുന്നു. ഈ തത്വങ്ങൾ താഴെയുള്ള ഉദ്ധരണിയിൽ സംഗ്രഹിച്ചിരിക്കുന്നു.(Umesh Kumar Nagpal V. State of Haryana, (1994) 4 SCC 138)

2... പൊതുസേവനങ്ങളിലെ നിയമനം കർശനമായും പരസ്യമായി അപേക്ഷകൾ ക്ഷണിച്ച് യോഗ്യതയുടെ അടിസ്ഥാനത്തിൽ നടത്തേണ്ടതാണ് എന്നാണ് ചട്ടം. മറ്റേതെങ്കിലും നിയമനരീതിയോ മറ്റ് പരിഗണനകളെന്തെങ്കിലുമോ അനുവദനീയമല്ല. സർക്കാരുകൾക്കോ പൊതു അധികാരികൾക്കോ മറ്റെന്തെങ്കിലും നടപടിക്രമങ്ങൾ പിൻതുടരാനോ തസ്തികയ്ക്കായി ചട്ടങ്ങളിൽ അനുശാസിക്കുന്ന യോഗ്യതകളിൽ ഇളവ് വരുത്താനോ സ്വാതന്ത്ര്യമില്ല. എന്നിരുന്നാലും, എല്ലാ കേസിലും കർശനമായി പാലിക്കേണ്ട ഈ പൊതുനിയമത്തിന് നീതിയോടുള്ള പ്രതിപത്തിയും ചില ആകസ്മികതകൾ നേരിടുന്നതിനുമായി ചില അപവാദങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ട്. മറ്റ് ഉപജീവനമാർഗ്ഗമൊന്നുമില്ലാതെ തന്റെ കുടുംബത്തെ ദാരിദ്ര്യത്തിലേക്ക് വിട്ടുകൊടുത്തുകൊണ്ട് സർവ്വീസിലിരിക്കെ മരണമടഞ്ഞ ജീവനക്കാരന്റെ ആശ്രിതരെ

സഹായിക്കുന്നതിനുവേണ്ടിയുള്ളതാണ് അത്തരത്തിലെ ഒരു അപവാദം അത്തരം കേസുകളിൽ എന്തെങ്കിലും ഉപജീവനമാർഗ്ഗം നൽകിയിട്ടില്ലെങ്കിൽ കുടുംബത്തിന് രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ കഴിയില്ലെന്ന വസ്തുത കണക്കിലെടുത്തുള്ള തികഞ്ഞ മാനുഷിക പരിഗണനയാലും, മരണപ്പെട്ടയാളുടെ ആശ്രിതരിൽ അത്തരം ജോലിക്ക് യോഗ്യതയുള്ള ഒരാൾക്ക് സ്ഥിരവരുമാനം നൽകുന്ന ജോലി നൽകുവാനായി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പെട്ടെന്നുള്ള പ്രതിസന്ധി തരണം ചെയ്യുവാൻ ഇപ്രകാരം കുടുംബത്തെ പ്രാപ്തമാക്കുകയെന്നതാണ് ആശ്രിതനിയമനം നൽകുന്നതിന്റെ പൂർണ്ണമായ ലക്ഷ്യം. മരണപ്പെട്ടയാൾ വഹിച്ചിരുന്ന തസ്തിക യെക്കാൾ വളരെ താഴ്ന്ന ഒരു തസ്തിക അത്തരം കുടുംബത്തിലെ ഒരംഗത്തിന് എന്നതല്ല ഉദ്ദേശ്യം. അതിലുപരിയായി സർവ്വീസിലിരിക്കെയുള്ള ഒരു ജീവനക്കാരന്റെ കേവലം മരണംകൊണ്ടുമാത്രം അയാളുടെ കുടുംബം അത്തരം ഉപജീവനമാർഗ്ഗത്തിന് അർഹരാകുന്നില്ല. ബന്ധപ്പെട്ട സർക്കാരോ പൊതുഅധികാരിയോ മരണപ്പെട്ടയാളുടെ കുടുംബത്തിന്റെ സാമ്പത്തികാവസ്ഥ പരിശോധിക്കേണ്ടതും കുടംബത്തിലെ യോഗ്യതയുള്ള അംഗത്തിന് തൊഴിൽ നൽകിയില്ലെങ്കിൽ പ്രതിസന്ധിനേരിടാൻ കുടുംബം പ്രാപ്തമാകില്ല എന്നത് ബോധ്യപ്പെട്ടാൽ മാത്രം തൊഴിൽ നൽകാവുന്ന തുമാണ്. സാമ്പത്തിക പരാധീനതയിൽ നിന്നും കുടുംബത്തെ വിമുക്തമാക്കുകയും അത്യാഹിതത്തിൽ അവരെ സഹായിക്കുകയും ചെയ്യുകയാണ് ലക്ഷ്യമെന്നതിനാൽ ശാരീരികമായി ചെയ്യാൻ കഴിയുന്നതും അല്ലാത്തതുമായ(manual and nonmanual) വിഭാഗങ്ങളിലെ ഏറ്റവും താഴ്ന്ന തസ്തികകൾ ക്ലാസ്സ് III-യും, IV-ഉം, അവ മാത്രമേ അതിനാൽ അനുകമ്പാടിസ്ഥാനത്തിൽ നൽകാൻ കഴിയൂ. അത്തരം താഴ്ന്ന തസ്തികകളിൽ, ചട്ടത്തിന് അപവാദമായി ജോലി നൽകുന്നത് വിവേചനപര മല്ലാത്തതാകയാൽ ന്യായീകരിക്കാവുന്നതും സാധുതയുള്ളതുമാണ്. മരണമടഞ്ഞ ജീവനക്കാരന്റെ അത്തരം ആശ്രിതർക്ക് അത്തരം തസ്തികകളിൽ അനുകൂലമായ പരിഗണന നൽകുന്നത് നേടിയെടുക്കേണ്ട ലക്ഷ്യവുമായി, അതായത് ദാരിദ്ര്യത്തിൽ നിന്നുള്ള ആശ്വാസം, യുക്തിസഹജമായ ബന്ധമുണ്ട്. ഈ ലക്ഷ്യത്തിനു വേണ്ടി മറ്റെന്തെങ്കിലും തസ്തികകൾ പ്രതീക്ഷിക്കേണ്ടതോ പൊതു അധികാരികൾ നൽകേണ്ട ആവശ്യമോ ഇല്ല. മരിച്ചയാളുടെ നിരാലംബമായ കുടുംബത്തെപോലെ ദശലക്ഷക്കണക്കിന് കുടുംബങ്ങൾ, തുല്യരായി അല്ലെങ്കിൽ കൂടുതൽ നിരാലംബരായി ഉണ്ടെന്ന് ഇതുമായി ബന്ധപ്പെട്ട് ഓർക്കേണ്ടതുണ്ട്. മരണമടഞ്ഞ ജീവനക്കാരന്റെ കുടുംബത്തിന് വേണ്ടി ചട്ടങ്ങളിൽ ഒഴിവാക്കലുകൾ നടത്തുന്നത് അദ്ദേഹം നൽകിയ സേവനങ്ങളും ന്യായമായ പ്രതീക്ഷകളും, കൂടാതെ മുൻപ് ജോലി ഉണ്ടായിരുന്ന സമയത്തെ കുടുംബത്തിന്റെ നിലയും കാര്യങ്ങളും പെട്ടെന്ന് കീഴ്മേൽമറിഞ്ഞ തിലുണ്ടായ അന്തരവും പരിഗണിച്ചാണ്.

26. ആശ്രിത നിയമനം, റിക്രൂട്ട്മെന്റിനുള്ള (ആളെചേർക്കലിനുള്ള) ഒരു ഉറവിടമല്ല, മറിച്ച് മരണപ്പെട്ടയാളുടെ കുടുംബത്തിന് പെട്ടെന്നുണ്ടായ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറ്റുന്നതിനുള്ള ഉപാധിയാണ് എന്ന തത്വം Mumtaz Yunus Mulani v. State of Maharasthra [(2008) 11 SCC 384)] എന്നതിലെ രണ്ടംഗബഞ്ച് വിധിയിൽ സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കുടുംബത്തിന്റെ സാമ്പത്തിക നില വിലയിരുത്തേണ്ടത് ആവശ്യമാണ്. ഗോവിന്ദ് പ്രകാശ് വർമ്മയിലെ [Govind Prakash Verma v. LIC, (2005) 10 SCC 289:2005 SCC (L&S) 590] തീരുമാനത്തെ

വേണ്ടവണ്ണം പരിഗണിച്ചിട്ടുണ്ട്, എന്നാൽ ഈ കോടതിയുടെ ബാധകമായ മുൻകാല കീഴ്‌വഴക്കങ്ങൾ ആ കേസിൽ ശ്രദ്ധിച്ചതായി തോന്നുന്നില്ലെന്ന് കോടതി നിരീക്ഷിച്ചു.''

9. അതിനാൽ മേൽപറഞ്ഞ തീരുമാനങ്ങളിൽ ഈ കോടതി സ്ഥാപിച്ച നിയമമനുസരിച്ച് പൊതു സേവനങ്ങളിലെ നിയമനത്തിന് ആശ്രിത നിയമനം ഒരു അപവാദമാകുന്നതും മറ്റ് ഉപജീവനമാർഗ്ഗമൊന്നുമില്ലാതെ തന്റെ കുടുംബത്തെ ദാരിദ്ര്യത്തിലേക്ക് വിട്ടുകൊടുത്തുകൊണ്ട് സർവ്വീസിലിരിക്കെ മരണമടഞ്ഞയാളുടെ ആശ്രിതർക്ക് അനുകൂലമായിട്ടുള്ളതും, കൂടാതെ അത്തരം കേസുകളിൽ, എന്തെങ്കിലും ഉപജീവനമാർഗ്ഗം നൽകിയിട്ടില്ലെങ്കിൽ കുടുംബത്തിന് രണ്ടറ്റം കൂട്ടിമുട്ടിക്കാൻ പ്രാപ്തിയില്ലാതെവരുമെന്ന വസ്തുത കണക്കിലെടുത്ത് തികഞ്ഞമാനുഷിക പരിഗണനയാൽ മരണമടഞ്ഞയാളുടെ ആശ്രിതരിൽ അത്തരം തൊഴിലിന് അർഹതയുള്ള ഒരാൾക്ക് സ്ഥിരവരുമാനമുള്ള ജോലി നൽകുന്നതിന് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുമാണ്. അതിനാൽ, ആശ്രിതനിയമനം അനുവദിക്കുന്നതിന്റെ പൂർണ്ണമായ ലക്ഷ്യം, പെട്ടെന്നുണ്ടായ പ്രതിസന്ധി തരണം ചെയ്യുവാൻ കുടുംബത്തെ പ്രാപ്തമാക്കുക എന്നതാണ്. മരണമടഞ്ഞയാൾ വഹിച്ച തസ്തികയെക്കാൾ വളരെ താഴ്ന്ന ഒരു തസ്തിക അത്തരം കുടുംബത്തിന് നൽകുക എന്നതല്ല ഉദ്ദേശ്യം.

9.1 മേൽപറഞ്ഞ തീരുമാനങ്ങളിൽ ഈ കോടതി നിഷ്കർഷിച്ചിരിക്കുന്ന നിയമം നിലവിലുള്ള കേസിന്റെ വസ്തുതകളിൽ ബാധകമാക്കുകയും മുകളിൽ നടത്തിയിട്ടുള്ള നിരീക്ഷണങ്ങളും അനുകമ്പാടിസ്ഥാനത്തിൽ നിയമനം നൽകുന്നതിലെ ലക്ഷ്യവും ഉദ്ദേശ്യവും പരിഗണിക്കുകയും ചെയ്താൽ, എതിർകക്ഷിക്ക്, 1995-ൽ മരണപ്പെട്ട തന്റെ പിതാവിന്റെ മരണത്തിൽ അനുകമ്പാടിസ്ഥാനത്തിൽ നിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. മരണമടഞ്ഞ ജീവനക്കാരന്റെ നിര്യാണം മുതൽ 24 വർഷങ്ങൾ എന്ന കാലയളവിനുശേഷം എതിർകക്ഷിക്ക് അനുകമ്പാടിസ്ഥാനത്തിലുള്ള നിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. അത്തരം ഒരു നിയമനം ഇപ്പോഴോ കൂടാതെ/അല്ലെങ്കിൽ 14/24 വർഷക്കാലയളവിന് ശേഷമോ നടത്തിയാൽ, അത് ആശ്രിത നിയമനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക്, എതിരാകുന്നതാണ്.

9.2 ഈ സാഹചര്യത്തിൽ, ഹൈക്കോടതിയുടെ സിംഗിൾ ജഡ്ജിയും അതുപോലെ ഡിവിഷൻ ബഞ്ചും; ഇരുവരും, അനുകമ്പാടിസ്ഥാനത്തിൽ നിയമനത്തിനായിട്ടുള്ള എതിർകക്ഷിയുടെ കേസ് പുനഃപരിശോധിക്കാൻ അപ്പീൽവാദികളോട് നിർദ്ദേശിച്ചതിൽ ഗുരുതരമായ പിഴവ് വരുത്തിയിട്ടുള്ളതാണ്. ഹൈക്കോടതി പുറപ്പെടുവിച്ച ചോദ്യംചെയ്യപ്പെട്ട വിധിന്യായവും ഉത്തരവും നിലനിൽക്കുന്നതല്ല.

10. മേൽപറഞ്ഞതുകണക്കിലെടുത്തും മേൽപറഞ്ഞ കാരണങ്ങളാലും നിലവിലെ അപ്പീൽ വിജയിക്കുന്നു. ഹൈക്കോടതിയുടെ സിംഗിൾ ജഡ്ജിയും അതുപോലെ ഡിവിഷൻ ബഞ്ചും പുറപ്പെടുവിച്ച വിധിന്യായവും ഉത്തരവും ഇതിനാൽ അസ്ഥിരപ്പെടുത്തുകയും റദ്ദാക്കുകയും ചെയ്യുന്നു. നിലവിലെ അപ്പീൽ അക്കാരണത്താൽ അനുവദിച്ചിരിക്കുന്നു. ചെലവുകളില്ല.

## ബഹു. സുപ്രീംകോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് ദിനേഷ് മഹേശ്വരി &**
**ബഹു. ജസ്റ്റിസ് അനിരുദ്ധ ബോസ്**

സിവിൽ അപ്പീൽ നം. 4832/2022
എസ്.എൽ.പി.(സി) നമ്പർ 13332/2021-ൽ നിന്നുത്ഭവിച്ചത്

**ആർ. കൃഷ്ണമൂർത്തി**
**V.**
**ആർ.ആർ. ജഗദേശൻ**

(2022 ജൂലൈ 7-ന് വിധി പ്രസ്താവിച്ചത്)

**വിധിയുടെ പ്രസക്തഭാഗങ്ങൾ**

1908-ലെ സിവിൽ നടപടി നിയമസംഹിത, ഓർഡർ XXII, ചട്ടം V നിയമപരമായ പ്രതിനിധിയെ പകരം ചേർക്കൽ-മരണമടഞ്ഞ വാദിയുടെ മകനായ അപ്പീൽവാദിക്ക്, നിയമപരമായ അവകാശി എന്ന നിലയിൽ മരണപത്ര പ്രകാരമുള്ളതോ മരണപത്രപ്രകാരമല്ലാത്തതോ ആയുള്ള അവകാശത്തെ നിഷേധിക്കാൻ കഴിയില്ല. ഇക്കാര്യത്തിൽ എന്തെങ്കിലും അന്വേഷണം ആവശ്യമുണ്ടെങ്കിൽ അത് ഓർഡർ XXII, ചട്ടം V-ൽ വിഭാവനം ചെയ്തിട്ടുള്ള പ്രകാരമുള്ള രീതിയിൽ വിചാരണക്കോടതിക്ക് സ്വീകരിക്കാവുന്നതും, എന്നാൽ മരണപ്പെട്ട വാദിക്ക് മറ്റ് നിയമപരമായ അനന്തരാവകാശികൾ ഉണ്ട് എന്ന കാരണത്താൽ അപേക്ഷ മൊത്തത്തിൽ തള്ളിക്കളയാൻ പാടില്ലാത്തതുമാണ്. നിയമപരമായ അനന്തരാവകാശിയെ പകരം ചേർക്കലിനുള്ള അപേക്ഷ നിരസിച്ച ഉത്തരവ് റദ്ദാക്കുന്നു.

**ഉത്തരവ്**

**ജസ്റ്റിസ് ദിനേഷ് മഹേശ്വരി**

അനുമതി നൽകുന്നു.

2. നേരിട്ട് ഹാജരായ അപ്പീൽവാദിയെയും ഏക എതിർകക്ഷിക്ക് വേണ്ടി ഹാജരായ അഭിഭാഷകനെയും ഞങ്ങൾ കേട്ടു.

3. തന്റെ മാതാവിന്റെ മുക്ത്യാർനാമം (പവർ ഓഫ് അറ്റോർണി) കൈവശമുള്ള ഇവിടുത്തെ അപ്പീൽവാദി എതിർകക്ഷിക്കെതിരെ ശാശ്വത ഇൻജക്ഷനും പ്രഖ്യാപനത്തിനും (suit for declaration and perpectual injuction) അതോടൊപ്പം കൈവശാവകാശം വീണ്ടെടുപ്പിനുള്ള പ്രഖ്യാപനത്തിനും വീണ്ടെടുക്കലിനുമായി (for declaration and recovery or posession) തർക്കഹർജി ഫയൽ ചെയ്തിട്ടുണ്ട് എന്നതാണ് അനാവശ്യവിശദാംശങ്ങൾ എടുത്തു മാറ്റിയാൽ നിലവിലെ വിഷയത്തിന്റെ പ്രസക്തമായ ഭാഗങ്ങൾ. വാദിയുടെ മുക്ത്യാർനാമക്കാരൻ എന്നനിലയിൽ അപ്പീൽവാദി ഈ വ്യവഹാരം നടത്തിവരികയായിരുന്നു. പ്രസ്തുതവാദി, അപ്പീൽവാദിയുടെ മാതാവ് 10.01.2020-ന് മരണപ്പെട്ടു. വാദിയായ അയാളുടെ മാതാവ് അവളുടെ എല്ലാ സ്വത്തുവകകളും സംബന്ധിച്ച ഒരു വിൽപത്രം അയാൾക്ക് അനുകൂലമായി 13.06.2016-ന് തയ്യാറാക്കിയിരുന്നുവെന്നും പ്രസ്തുത വിൽപത്രം പേരാമ്പലൂർ സബ്രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തിരുന്നു വെന്നുമുള്ള ദൃഢപ്രസ്താവത്തോടെ മരണമടഞ്ഞ വാദിയുടെ നിയമപരമായ പ്രതിനിധിയായി അയാളെ പകരം ചേർക്കുന്നതിനായി ആവശ്യപ്പെട്ട് അതിനുശേഷം, IA No.1/2020 ആയി അപ്പീൽവാദി അപേക്ഷ സമർപ്പിച്ചു.

4. ഈ അപേക്ഷ 29.03.2021 തീയതിയിലെ ഉത്തരവിൽ പേരാമ്പലൂർ സബോർഡിനേറ്റ് ജഡ്ജി പരിഗണിച്ചപ്പോൾ അപ്പീൽവാദി മരണപ്പെട്ട വാദിയുടെ ഏക അവകാശിയല്ലെന്നും മരണപ്പെട്ടയാൾക്ക് മറ്റൊരു മകനും മകളും ഉണ്ടെന്നും അവരെ കക്ഷിചേർക്കാതെ അപ്പീൽവാദിക്ക് തുടർന്ന് മുന്നോട്ട്പോകാൻ അർഹതയില്ലെന്നുമുള്ള പ്രതിയായ എതിർകക്ഷിക്കുവേണ്ടിയുള്ള വാദങ്ങൾ പരിഗണനയിലെടുത്തു. മരണമടഞ്ഞ വാദിയുടെ മറ്റൊരു മകന്റെയും മകളുടെയും അസ്തിത്വം വിൽപത്രത്തിൽ നിന്നുതന്നെ വെളിവാകുന്നുവെന്നും വിധിനടപ്പാക്കലും സാക്ഷ്യപ്പെടുത്തലും നിലവിലെ ഘട്ടത്തിൽ തീരുമാനിക്കേണ്ട പ്രശ്നം അല്ലെന്നുമായിരുന്നു വിചാരണ ജഡ്ജിയുടെ വീക്ഷണം.

5. മരണമടഞ്ഞ വാദിയുടെ മറ്റ് നിയമപരമായ അവകാശികൾ ജീവിച്ചിരിക്കുന്നുവെന്ന വസ്തുത പരിഗണിച്ച്, അപ്പീൽവാദി പകരം ചേർക്കലിനായി സമർപ്പിച്ച IA No.1/2020 അപേക്ഷ തള്ളിക്കളയേണ്ടതാണെന്ന് വിചാരണ ജഡ്ജി ഉടൻ തന്നെ നിഗമനത്തിലെത്തുകയും അതനുസരിച്ച് ഉത്തരവാകുകയും ചെയ്തു.

6. മേൽപറഞ്ഞ ഉത്തരവിനെതിരെ അപ്പീൽവാദി ഹൈക്കോടതിയിൽ റിവിഷൻ ഹർജി ഫയൽ ചെയ്തു. ഹർജിക്കാരൻ, അതായത് നിലവിലെ അപ്പീൽവാദി, പരേതയായ വാദിയുടെ മറ്റ് നിയമപരമായ അവകാശികളെ സഹവാദികളായോ അല്ലെങ്കിൽ എതിർകക്ഷികളായോ പ്രസ്തുത വസ്തുവിൻമേലുള്ള അവന്റെ അവകാശം നടപ്പാക്കുന്നതിനായി കക്ഷി ചേർക്കുവാൻ നടപടിയെടുക്കേണ്ടതായിരുന്നു എന്നത് പരിഗണിച്ച് ഹൈക്കോടതി പ്രസ്തുത റിവിഷൻ ഹർജി തള്ളി.

7. മരണമടഞ്ഞ വാദിയുടെ നിയമപരമായ അവകാശിയായി തന്നെ പകരം ചേർക്കുന്നതിനായി അപ്പീൽവാദി നടത്തിയ അപേക്ഷ വിചാരണക്കോടതിയും ഹൈക്കോടതിയും നിരസിച്ചത് ന്യായീകരിക്കാനാവില്ലായെന്നും, ഏതു സാഹചര്യത്തിലായാലും വിചാരണക്കോടതി എടുത്ത കാരണങ്ങളാലും നൽകപ്പെട്ട ന്യായീകരണങ്ങളാലും അപേക്ഷ നിരസിക്കാൻ പാടില്ലാതിരുന്നതും ഹൈക്കോടതി അംഗീകരിക്കാൻ പാടില്ലായിരുന്നുമെന്നുമുള്ള വാദത്തോടെ മേൽപറഞ്ഞ ഉത്തരവ് മറ്റ് പലതിനുമിടയിൽ അപ്പീൽ വാദികൾ ഞങ്ങൾക്ക് മുമ്പാകെ ചോദ്യം ചെയ്തു .

8. നിലവിലെ ഘട്ടത്തിലും ഉൾപ്പെട്ടിരിക്കുന്ന വസ്തുതപരമായ വശങ്ങൾ കണക്കിലെടുത്തും, മരണമടഞ്ഞ വാദിയുടെ മറ്റ് നിയമപരമായ അവകാശികൾക്ക് തർക്കഹർജിയിൽ അവളുടെ നിയമപരമായ പ്രതിനിധികളായി കക്ഷിചേരുന്നതിൽ നിന്നും ഒഴിഞ്ഞു മാറാൻ കഴിയില്ലെന്ന വാദത്തിനു പ്രാധാന്യം നൽകി ചോദ്യംചെയ്യപ്പെട്ട ഉത്തരവുകളെ എതിർകക്ഷിക്കുവേണ്ടിയുള്ള അഭിഭാഷകൻ വീണ്ടും പരമാവധി പിൻതുണയ്ക്കുവാൻ ശ്രമിച്ചു.

9. വിഷയം പൂർണ്ണമായും പരിശോധിച്ച് എതിർവാദങ്ങൾക്ക് ശ്രദ്ധാപൂർവ്വം പരിഗണന നൽകുമ്പോൾ ചോദ്യംചെയ്യപ്പെട്ട ഉത്തരവുകൾ അംഗീകരിക്കാൻ ഞങ്ങൾക്ക് കഴിയില്ല.

10. വിഷയത്തിന്റെ മറ്റുള്ള വശം മാറ്റിനിർത്തിയെന്നാൽ, അപ്പീൽവാദി മരിച്ച വാദിയുടെ മകനാണെന്ന് അംഗീകരിക്കുന്നുവെന്ന് വ്യക്തമാണ്. അതിനാൽ മരണപ്പെട്ട വാദിയുടെ നിയമപരമായ അവകാശി എന്ന നിലയിൽ മരണപത്ര പ്രകാരമുള്ളതോ മരണപത്രപ്രകാരമല്ലാത്തതോ ആയ അദ്ദേഹത്തിന്റെ അവകാശത്തെ നിഷേധിക്കാൻ കഴിയില്ല. നില ഇതായിരിക്കെ, മരണമടഞ്ഞ വാദിയുടെ നിയമപരമായ പ്രതിനിധിയായി തന്നെ പകരംവയ്ക്കുന്നതിനായി അദ്ദേഹം നടത്തിയ അപേക്ഷ വിചാരണക്കോടതിക്ക് തള്ളിക്കളയാൻ കഴിയുമായിരുന്നില്ല.

11. ഇതിനെ സംബന്ധിച്ചും എന്തെങ്കിലും അന്വേഷണം നടത്തേണ്ടത് ആവശ്യ മുണ്ടെങ്കിൽ 1908-ലെ സിവിൽ നടപടി നിയമസംഹിതയിലെ ഓർഡർ XXII-ലെ ചട്ടം 5-ൽ വിഭാവനം ചെയ്തിട്ടുള്ള രീതി വിചാരണക്കോടതിക്ക് സ്വീകരിക്കാവുന്ന തായിരുന്നു, എന്നാൽ ഏതു സാഹചര്യത്തിലും, അപ്പീൽവാദി നൽകിയ അപേക്ഷ മൊത്തത്തിൽ തള്ളിക്കളയാൻ പാടില്ലായിരുന്നുവെന്ന് ചൂണ്ടിക്കാണിക്കുന്നത് ഉചിതമായിരിക്കും.

12. സ്ഥിതി അതായിരിക്കവെ, ദോഷമാരോപിക്കപ്പെട്ട ഉത്തരവുകൾ ഞങ്ങൾ റദ്ദാക്കുകയും, പ്രസ്തുത അപേക്ഷ വിചാരണക്കോടതിയുടെ പുനഃപരിഗണന യ്ക്കായി നിയമാനുസൃതം പുനഃസ്ഥാപിക്കുകയും ചെയ്യുന്നു.

13. മേൽപറഞ്ഞ വ്യവസ്ഥകളിൽ അപ്പീൽ അനുവദിച്ചിരിക്കുന്നു. ചെലവുകൾ സംബന്ധിച്ച് ഉത്തരവില്ല.

## ബഹു. സുപ്രീംകോടതി മുമ്പാകെ

### ബഹു. ജസ്റ്റിസ് അഭയ് ശ്രീനിവാസ് ഓക & ബഹു. ജസ്റ്റിസ് എം.എം. സുന്ദരേഷ്

### യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും
### V.
### രാംസിംഗ്

സിവിൽ അപ്പീൽ നമ്പർ 9654/2014

(2022 ജൂലൈ 18-ന് വിധി പുറപ്പെടുവിച്ചത്)

**വിധിയുടെ പ്രസക്തഭാഗങ്ങൾ**

1961-ലെ ആർമി പെൻഷൻ റഗുലേഷൻസ്, 1982-ലെ അവകാശചട്ടങ്ങൾ, ചട്ടം 12- ഒരു വ്യക്തിക്ക് ഏതെങ്കിലും തരത്തിലുള്ള അംഗീകൃത അവധിയിലിരിക്കുന്ന കാലയളവിലും അയാളുടെ പ്രവൃത്തി സൈനിക സേവനത്തിനു വിരുദ്ധമല്ലാതിരിക്കുകയും ചെയ്യുമ്പോൾ ഒരു പരിക്ക് സംഭവിക്കുകയാണെങ്കിൽ, അദ്ദേഹത്തിന്റെ വൈകല്യം സൈനിക സേവനവുമായി ബന്ധപ്പെട്ടുള്ളതായി കണക്കാക്കാവുന്നതാണ്. എന്നാൽ വൈകല്യത്തിന് കാരണമായ പരിക്കുകളും സൈനിക സേവനവുമായി നീതിയുക്തമായ കാര്യകാരണബന്ധം ഉണ്ടായിരിക്കണം.

**വിധിന്യായം**

**ജസ്റ്റിസ് അഭയ് ശ്രീനിവാസ് ഓക**

1. സായുധസേന ട്രൈബ്യൂണലിന്റെ ചാന്ദിമന്ദറിലെ ചണ്ഡീഗഡ് (ആംഡ് ഫോഴ്സ് ട്രൈബ്യൂണൽ) (ചുരുക്കത്തിൽ ട്രൈബ്യൂണൽ) ബഞ്ചിന്റെ 2010 ഡിസംബർ 23 തീയതിയിലെ വിധിന്യായത്തിലും ഉത്തരവിലും അപ്പീൽവാദികളായ യൂണിയൻ ഓഫ് ഇന്ത്യയും മറ്റു മൂന്നുപേരും ഒരു അപവാദം/ ആക്ഷേപം പ്രകടിപ്പി ച്ചിട്ടുണ്ട്.

2. ചോദ്യംചെയ്യപ്പെട്ട വിധിന്യായവും ഉത്തരവും പ്രകാരം സൈനിക സേവനത്തിൽ നിന്നും വിടുതൽ ചെയ്ത തീയതി മുതൽ എതിർകക്ഷിക്ക് 80% ആജീവനാന്ത വൈകല്യമുണ്ടെന്ന് കണക്കാക്കിക്കൊണ്ടുള്ള വികലാംഗപെൻഷൻ അദ്ദേഹത്തിനു വിട്ടുനൽകാൻ അപ്പീൽവാദികളോട് നിർദ്ദേശിച്ചിരുന്നു. ട്രൈബ്യൂണലിന് മുമ്പാകെ എതിർകക്ഷി അപേക്ഷ സമർപ്പിക്കുന്നതിന് തൊട്ടുമുമ്പുള്ള മൂന്ന് വർഷത്തേക്ക് പരിമിതപ്പെടുത്തി വികലാംഗപെൻഷന്റെ കുടിശ്ശിക നൽകാനും അപ്പീൽവാദികളോട് നിർദ്ദേശിച്ചു. കുടിശ്ശികയ്ക്ക് പ്രതിവർഷം 10% പലിശ അനുവദിച്ചു.

3. എതിർകക്ഷി 1965 ജൂൺ 4-ന് സൈന്യത്തിൽ ചേർന്നു. 10 വർഷവും 88 ദിവസവും സജീവസേവനം നിർവ്വഹിച്ച ശേഷം, 1975 ആഗസ്റ്റ് 30-ന് അദ്ദേഹം റിസർവ്ഡ് വിഭാഗത്തിലേക്ക് മാറ്റപ്പെട്ടു. റിസർവ് കാലയളവിൽ, 1976 ജനുവരി 7-ന് അദ്ദേഹം

സ്വമേധയാ പ്രതിരോധ സുരക്ഷാസേനയിൽ ചേർന്നു. 1999 നവംബർ 6-ന് എതിർകക്ഷിക്ക് വാർഷികാവധി (ആനുവൽ ലീവ്) അനുവദിച്ചു. അന്നേദിവസംതന്നെ അദ്ദേഹം കിഷൻപുരയിലേക്ക് പോയി. അവധിയിലിരിക്കെ, 1999 നവംബർ 8-ന് അദ്ദേഹത്തിന് ഒരു അപകടമുണ്ടായി. റോഡ് മുറിച്ചുകടക്കുന്നതിനിടയിൽ അമിതവേഗതയിൽ വന്ന ഒരു സ്കൂട്ടർ അദ്ദേഹത്തെ തട്ടി. അപകടത്തിന്റെ ഫലമായി അദ്ദേഹത്തിന് തലയ്ക്ക് പരിക്ക് ഉണ്ടാകുകയും അബോധാവസ്ഥയിലാവുകയും ചെയ്തു. മെഡിക്കൽ ബോർഡ് എതിർകക്ഷിയുടെ വൈകല്യത്തിന്റെ ശതമാനം 80% എന്ന് കണക്കാക്കി. എതിർകക്ഷിയെ ലോ മെഡിക്കൽ വിഭാഗത്തിൽ (EEE) മെഡിക്കൽബോർഡ് ഇടംനൽകി. അതിന്റെ അടിസ്ഥാനത്തിൽ, 2000 സെപ്റ്റംബർ 28-ന് അദ്ദേഹം സേവനത്തിൽ നിന്നും അയോഗ്യനാക്കപ്പെട്ടു.

4. വികലാംഗപെൻഷൻ അനുവദിക്കുന്നതിനായി അഭ്യർത്ഥിച്ച് എതിർകക്ഷി സായുധസേന ട്രൈബ്യൂണലിന് അപേക്ഷ നൽകി. ട്രൈബ്യൂണൽ ചോദ്യംചെയ്യപ്പെട്ട വിധിന്യായത്തിലൂടെ 2010 ഡിസംബർ 15 തീയതിയിലെ അതിന്റെ തന്നെ T.A.No.237/2010 (EX NK.Raj Pal V. Union of India and others) തീരുമാനത്തിനെ ആശ്രയിച്ചു.

5. 2013 ഡിസംബർ 6-ന് എതിർകക്ഷിക്ക് ഈ കോടതി നോട്ടീസ് നൽകി. നോട്ടീസ് നൽകിയശേഷം എതിർകക്ഷി ഹാജരായില്ല. 2014 ഒക്ടോബർ 10-ന് അനുമതി ഹർജി അനുവദിക്കുമ്പോൾ എതിർകക്ഷിക്ക് പുതുതായി നോട്ടീസ് നൽകിയിട്ടുള്ളതും ആയത് യഥാവിധി നൽകപ്പെട്ടിട്ടുള്ളതുമാണ്. അതിനുശേഷംപോലും എതിർകക്ഷി ഹാജരായിട്ടില്ല.

6. സായുധസേനയിലെ ഒരംഗത്തിന് അംഗവൈകല്യത്തിന് കാരണമായ പരിക്കുകളും സൈനിക സേവനവും തമ്മിലും ന്യായമായ ബന്ധം വേണ്ടതാണ് എന്ന് അഡീഷണൽ സോളിസിറ്റർ ജനറലായ ശ്രീ. കെ. എം. നടരാജ് ബോധിപ്പിച്ചു. സൈന്യത്തിനായുള്ള പെൻഷൻ റെഗുലേഷനുകളിലെ (ചുരുക്കത്തിൽ പെൻഷൻ റെഗുലേഷനുകൾ) 173-ാം റെഗുലേഷനുകളിലേക്ക് അദ്ദേഹം ഞങ്ങളുടെ ശ്രദ്ധ ക്ഷണിച്ചു. 1982-ലെ കാഷ്വൽറ്റി പെൻഷണറി അവാർഡുകൾക്കായുള്ള അവകാശ നിയമങ്ങളുടെ ചട്ടം 12-ലേക്ക് കൂടി അദ്ദേഹം ഞങ്ങളുടെ ശ്രദ്ധക്ഷണിച്ചു. എതിർകക്ഷി തന്റെ ഡ്യൂട്ടി സ്ഥലത്തുനിന്ന് സ്റ്റേഷൻ വിടാൻ യാത്ര ചെയ്ത് രണ്ട് ദിവസങ്ങൾക്ക് ശേഷമാണ് അപകടം സംഭവിച്ചതെന്ന് അദ്ദേഹം ബോധിപ്പിച്ചു. എതിർകക്ഷി വികലാംഗ പെൻഷന് അർഹനല്ലെന്ന് അദ്ദേഹം ബോധിപ്പിച്ചു. ചോദ്യംചെയ്യപ്പെട്ട വിധിന്യായത്തിൽ 2010-ലെ T.A.No.237-ലെ ട്രൈബ്യൂണൽ വിധിയെ ആശ്രയിച്ചത് ഇന്ത്യൻ യൂണിയൻ (യൂണിയൻ ഓഫ് ഇന്ത്യ) ചോദ്യം ചെയ്തിരുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. എന്നിരുന്നാലും പ്രത്യേകാനുമതി ഹർജി മൊത്തത്തിൽ തള്ളി. യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും V. വിജയ്കുമാർ നം. 3989606P, മുൻ നായിക് (MANU/SC/0923/2015:2015 (10) SCC 460) എന്ന കേസിലെ ഈ കോടതിയുടെ വിധിയാണ് ഈ സന്ദർഭത്തിൽ അവലംബിക്കാനുള്ളതെന്ന് അദ്ദേഹം ബോധിപ്പിച്ചു.

7. എതിർകക്ഷിക്ക് വസ്തുതകളുടെ അടിസ്ഥാനത്തിൽ, 1999 നവംബർ 6-ന് വാർഷികാവധി അനുവദിക്കപ്പെട്ടുവെന്നത് അംഗീകരിക്കപ്പെട്ട നിലപാടാണ്. അതേ ദിവസം തന്നെ അദ്ദേഹം സ്റ്റേഷൻ വിട്ടു. 1999 നവംബർ 8-ന് റോഡ് മുറിച്ചു കടക്കുമ്പോൾ അദ്ദേഹം ഒരു അപകടത്തിൽപ്പെട്ടു. നേരത്തേ സൂചിപ്പിച്ചപോലെ അദ്ദഹത്തിന്റെ വൈകല്യം 80% ആയി വിലയിരുത്തപ്പെട്ടു. പെൻഷൻ റെഗുലേഷനിലെ 173-ാം റഗുലേഷൻ ഇപ്രകാരം വായിക്കുന്നു.

173 വികലാംഗപെൻഷൻ അനുവദിക്കുന്നതിനുള്ള പ്രാഥമിക വ്യവസ്ഥകൾ: മറ്റൊരുവിധത്തിൽ പ്രത്യേകമായി വ്യവസ്ഥ ചെയ്യാത്തപക്ഷം, 20 ശതമാനമോ അതിൽ കൂടുതലോ ഉള്ളതായി കണക്കാക്കപ്പെട്ട വൈകല്യത്തിന് കാരണമാക്കിയതോ, ഗുരുതരമാക്കിയതോ (വഷളാക്കിയതോ) ആയ സൈനിക സേവനത്തിലെ യുദ്ധേതര അപകടത്താൽ സേവനത്തിൽ നിന്നും അസാധുവാക്കപ്പെട്ട ഒരു വ്യക്തിക്ക്, സേവനഘടകവും വൈകല്യഘടകവുമടങ്ങുന്ന ഒരു വികലാംഗപെൻഷൻ നൽകാവുന്നതാണ്.

8. 1982-ലെ അവകാശ ചട്ടങ്ങളിൽ പ്രത്യേകിച്ച് ചട്ടം 12-ൽ ഡ്യൂട്ടി (കൃത്യനിർവ്വഹണം) നിർവ്വചിക്കുന്നു. ചട്ടം 12-ന്റെ ഭാഗമായ കുറിപ്പ് 2-ലെ ഖണ്ഡം (ഡി) ഉദ്യോഗസ്ഥർ ഡ്യൂട്ടി സ്ഥലത്ത് നിന്നും സ്റ്റേഷൻ വിടുന്നതിനിടയിലും തിരിച്ചും യാത്ര ചെയ്യുമ്പോൾ അത് ഡ്യൂട്ടിയിലുള്ളതായി കണക്കാക്കാമെന്ന് വ്യക്തമാക്കുന്നു. താൻ സ്റ്റേഷൻ വിടുന്നതിനായി യാത്രചെയ്യുമ്പോൾ സംഭവിച്ച അപകടമാണെന്ന് എതിർകക്ഷിക്ക് കേസില്ല. അദ്ദേഹം പുറപ്പെട്ട സ്ഥലം എത്തിയശേഷമാണ് ഇത് സംഭവിച്ചത്. സൈനിക സേവനത്താൽ ഉണ്ടായതോ, വഷളാക്കിയതോ 20% ൽ കൂടുതലോ അല്ല വൈകല്യമെങ്കിൽ വികലാംഗപെൻഷനുള്ള അവകാശം ഉണ്ടാകില്ല.

9. Vijayakumar (MANU/SC/0923/2015): 2015(10) SCC 460 എന്ന കേസിൽ ഈ കോടതി; പെൻഷൻ റെഗുലേഷനുകളിലെ റെഗുലേഷൻ 173-ഉം 1982-ലെ അവകാശ ചട്ടങ്ങളിലെ 12-ാം ചട്ടവും പരിഗണിച്ചശേഷം 14-ാം ഖണ്ഡികയിൽ ഇപ്രകാരം പ്രസ്താവിച്ചു.

14. 1982-ലെ കാഷ്വൽറ്റി (അത്യാഹിത) പെൻഷണറി അവാർഡുകളുടെ അവകാശചട്ടങ്ങൾ, ആനുകൂല്യ സ്വഭാവമുള്ളതും ഉദാരമായി വ്യാഖ്യാനിക്കേണ്ടതുമാണ്. ചട്ടം 12 പ്രകാരം സായുധസേനയിലെ ഉദ്യോഗസ്ഥർ പൂർണ്ണമായും ഡ്യൂട്ടിയിലില്ലാത്തപ്പോൾ സംഭവിക്കുന്ന ഒരു അപകടത്താൽ ഉണ്ടാകുന്ന വൈകല്യവും അതിൽ വിവരിച്ചിരിക്കുന്ന ചില വ്യവസ്ഥകളും നിറവേറ്റിയാൽ സേവനമായി കണക്കാക്കപ്പെടാം. എന്നാൽ വൈകല്യത്തിന് കാരണമായ പരിക്കുകളും സൈനിക സേവനവുമായി നീതിയുക്തമായ കാര്യകാരണബന്ധം ഉണ്ടായിരിക്കണം.

10. നിർബന്ധമായിട്ടുള്ള കീഴ്വഴക്കമാണ് മുകളിൽ പറഞ്ഞിട്ടുള്ളത്. നിലവിലെ കേസിൽ, നേരത്തെ സൂചിപ്പിച്ചപോലെ എതിർകക്ഷി പുറപ്പെട്ട് സ്റ്റേഷനിലെത്തി രണ്ട് ദിവസങ്ങൾക്ക് ശേഷം ഒരു പൊതുറോഡിൽവച്ച് അപകടം ഉണ്ടായി. സൈനിക സേവനവും എതിർകക്ഷിക്ക് സംഭവിച്ച പരിക്കുകളും തമ്മിൽ തീർച്ചയായും യാതൊരു ബന്ധവുമില്ല. ഒരു യാദൃശ്ചികബന്ധം പോലുമില്ല. വിഷയത്തിന്റെ അടിസ്ഥാനമായ ഈ വശം ട്രൈബ്യൂണൽ പൂർണ്ണമായും അവഗണിച്ചു. അതിനാൽ എതിർകക്ഷിക്ക് വികലാംഗപെൻഷന് അർഹതയില്ല.

11. അതനുസരിച്ച് സിവിൽ അപ്പീൽ അനുവദനീയമാണ്. 2010 ഡിസംബർ 23-ലെ ചോദ്യംചെയ്യപ്പെട്ട വിധി ഇതിനാൽ റദ്ദാക്കുന്നു. എതിർകക്ഷി സമർപ്പിച്ച 2010-ലെ ഒ.എ (പ്രഥമ ഹർജി) നമ്പർ 944 നിരസിക്കപ്പെട്ടിരിക്കുന്നു. ചെലവുകൾ സംബന്ധിച്ച് ഉത്തരവില്ല.

സത്യമേവ ജയതേ

सत्यमेव जयते




# ഹൈക്കോടതി വിധിന്യായങ്ങൾ

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ഒ.പി. (എഫ്.സി) നമ്പരുകൾ 394/2022 &395/2022

**ബഹു. ജസ്റ്റിസ് മുഹമ്മദ് മുസ്താക്ക് &**
**ബഹു. ജസ്റ്റിസ് സോഫി തോമസ്**

**അൻവറുദ്ദീൻ**
**V.**
**സബിന**

(2022 ആഗസ്റ്റ് 17-ന് വിധിപ്രസ്താവിച്ചത്)

**വിധിയുടെ പ്രസക്തഭാഗങ്ങൾ**

തലാഖ് പ്രകാരമുള്ള പ്രക്രിയയും നടപടിക്രമവും പൂർത്തിയാക്കിയതിന് ശേഷം മാത്രമേ, അത് വ്യക്തിനിയമപ്രകാരം നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ അനുസരിച്ചാണോ അല്ലയോ എന്ന് പറയാൻ കഴിയൂ. ഒരേ സമയം ഒന്നിലധികം ആളുകളെ വിവാഹം കഴിക്കാനുള്ള അവകാശം വ്യക്തിനിയമത്തിൻ കീഴിലാണ് നിർണ്ണയിക്കപ്പെടുന്നത്. നിയമം അത്തരം സംരക്ഷണം ഉറപ്പുനൽകുന്നുവെങ്കിൽ, ഒരാൾ തന്റെ മതപരമായ ആചാരങ്ങൾക്കനുസൃതമായും വ്യക്തിപരമായ ബോധത്തിനും വിശ്വാസത്തിനും അനുസൃതമായി പ്രവർത്തിക്കരുതെന്ന് തീരുമാനിക്കേണ്ടത് കോടതിയല്ല. വ്യക്തിനിയമം ഉറപ്പു നൽകുന്നതിനനുസൃതമായിട്ടുള്ള ഒരാളുടെ പെരുമാറ്റമോ തീരുമാനമോ തടയുന്നതിലോ, നിയന്ത്രിക്കുന്നതിലോ കോടതിയ്ക്ക് ഒരു പങ്കുമില്ല.

### വിധിന്യായം

**ജസ്റ്റിസ് മുഹമ്മദ് മുസ്താക്ക്. ജെ**

1. ഈ പ്രഥമ ഹർജികൾ ഭർത്താവിന്റെ അപേക്ഷയിൻമേലാണ് ഫയൽ ചെയ്യപ്പെട്ടത്. അയാൾ ഒരു മുസ്ലീം മതവിശ്വാസിയാണ്. മുസ്ലീം മതാചാരങ്ങളും ചടങ്ങുകളും അനുസരിച്ചാണ് അയാൾ എതിർകക്ഷിയെ വിവാഹം ചെയ്തത് . ഈ കേസ് കളങ്കിതമായ ഒരു ദാമ്പത്യബന്ധത്തെ ചിത്രീകരിക്കുന്നു. ഹർജിക്കാരൻ തലാഖ് ചൊല്ലാനുള്ള നടപടികൾ ആരംഭിച്ചതായി കാണുന്നു. അവൻ ഒന്നാമത്തെയും രണ്ടാമത്തെയും തലാഖ് ചൊല്ലിയിട്ടുണ്ട്. പിൻവലിക്കാനാവാത്ത തലാഖ് ചൊല്ലുന്നതിന് മുമ്പ്, കുടുംബകോടതി ഒരു താൽക്കാലിക ഉത്തരവിലൂടെ അയാളെ വിലക്കിയിട്ടുണ്ട്. ഭാര്യയുടെ അപേക്ഷയിൻമേലാണ് ഈ ഉത്തരവ് അനുവദിച്ചിട്ടുള്ളത്.

അദ്ദേഹം രണ്ടാം വിവാഹം നടത്തുന്നത് വിലക്കുന്നതിനും കൂടി ഭാര്യ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അതും കൂടി അനുവദിച്ചിട്ടുണ്ട്. ഈ സ്വതന്ത്ര ഉത്തരവുകളാണ് ഈ പ്രഥമ ഹർജികളിലൂടെ ചോദ്യം ചെയ്യപ്പെട്ടിട്ടുള്ളത്.

2. കക്ഷികൾ അവരുടെ വ്യക്തിനിയമ പരിഹാരങ്ങളിൽ ആശ്രയിക്കുന്നത് തടയുന്നതിൽ കോടതിക്ക് യാതൊരു പങ്കുമില്ല. മതവിശ്വാസം പ്രകടിപ്പിക്കുന്നതിന് മാത്രമല്ല മതാചാരങ്ങൾ അനുഷ്ഠിക്കാനും ഒരാളെ അനുവദിക്കുന്ന ഇന്ത്യൻ ഭരണഘടനയുടെ 25-ാം അനുച്ഛേദം കോടതി മറക്കാൻ പാടില്ല. സാരാംശത്തിൽ, വ്യക്തിപരമായ വിശ്വാസത്തിനും ആചാരത്തിനും അനുസൃതമായി പ്രവർത്തിക്കുന്നതിൽ നിന്ന് ഒരാളെ വിലക്കിക്കൊണ്ടുള്ള ഏതെങ്കിലും ഉത്തരവുകൾ പാസ്സാക്കിയാൽ, അത് അയാളുടെ ഭരണഘടനാപരമായ സംരക്ഷിത അവകാശങ്ങൾ കയ്യേറുന്നതിന് തുല്യമാകും. വിശ്വാസത്തിന്റെയും അനുഷ്ഠാനത്തിന്റെയും പ്രയോഗത്തിൽ നിന്നുണ്ടായ ഏതൊരു പ്രവർത്തിയും, അത് വ്യക്തിനിയമവും വിശ്വാസവും ആചാരവും അനുസരിച്ചല്ലാതെ ചെയ്യപ്പെട്ടതാണെങ്കിൽ കൂടി ആ പ്രവൃത്തിയുടെ നിർവ്വഹണത്തിന് ശേഷം മാത്രമേ സങ്കടകക്ഷിക്ക് ചോദ്യം ചെയ്യാൻ കഴിയൂയെന്നതിൽ സംശയമില്ല. ഇത്തരം നടപടിക്രമങ്ങളിൽ കോടതിയുടെ അധികാരപരിധി പരിമിതമാണ്. വ്യക്തി നിയമത്തിനനുസൃതമായി ഒരാൾ തന്റെ പ്രവൃത്തി ചെയ്യുന്നതിനെ തടയാൻ കുടുംബകോടതിക്ക് കഴിയില്ല. പരാതിക്കിടയാക്കിയ പിൻവലിക്കാൻ പാടില്ലാത്ത തലാഖ് ഇനിയും പ്രവർത്തിപഥത്തിൽ വന്നിട്ടില്ലാത്തതാണ്. തലാഖ് പ്രകാരമുള്ള പ്രക്രിയയും നടപടിക്രമവും പൂർത്തിയാക്കിയതിന് ശേഷം മാത്രമേ, അത് വ്യക്തിനിയമപ്രകാരം നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ അനുസരിച്ചാണോ അല്ലയോ എന്ന് പറയാൻ കഴിയൂ. വ്യക്തിപരമായ വിശ്വാസത്തിനും ആചാരത്തിനുമനുസൃതമായുള്ള ആ പ്രവൃത്തി ചെയ്തുവരുന്നതിന് മുന്നേ അദ്ദേഹത്തെ നിയന്ത്രിച്ചത് ദൗർഭാഗ്യകരമാണ്. ഒരേ സമയം ഒന്നിലധികം ആളുകളെ വിവാഹം കഴിക്കാനുള്ള അവകാശം വ്യക്തിനിയമത്തിൽ കീഴിൽ നിർണ്ണയിക്കപ്പെട്ടതാണ്. നിയമം അത്തരം സംരക്ഷണം ഉറപ്പുനൽകുന്നുവെങ്കിൽ, ഒരാൾ തന്റെ മതപരമായ ആചാരങ്ങൾക്കനുസൃതമായും വ്യക്തിപരമായ ബോധത്തിനും വിശ്വാസത്തിനും അനുസൃതമായി പ്രവർത്തിക്കരുതെന്ന് തീരുമാനിക്കേണ്ടത് കോടതിയല്ല. വ്യക്തിനിയമം ഉറപ്പു നൽകുന്നതിനനുസൃതമായിട്ടുള്ള ഒരാളുടെ പെരുമാറ്റമോ തീരുമാനമോ തടയുന്നതിനോ, നിയന്ത്രിക്കുന്നതിനോ, കോടതിക്കൊരു പങ്കുമില്ല. മേൽപറഞ്ഞ വ്യക്തി നിയമത്തിനനുസൃതമായി ഭർത്താവ് പ്രവർത്തിച്ചതിന്റെ വെളിച്ചത്തിൽ, ചോദ്യംചെയ്യപ്പെട്ട ഉത്തരവുകൾക്ക് യാതൊരു ന്യായീകരണവും ആധികാരിതയുമില്ല എന്ന കാഴ്ചപ്പാടാണ് ഞങ്ങൾക്കുള്ളത്. രണ്ട് ഉത്തരവുകളും ഞങ്ങൾ റദ്ദാക്കുന്നു. നിയമാനുസൃതമായി തലാഖ് ചൊല്ലിയില്ലെങ്കിൽ, എതിർകക്ഷിയായ ഭാര്യക്ക് തന്റെ പരാതികൾ പരിഹരിക്കാൻ ഉചിതമായ സമയത്ത് ആധികാരിതയുള്ള കോടതിയെ സമീപിക്കാമെന്ന് ഞങ്ങൾ വ്യക്തമാക്കുന്നു.

ഈ പ്രഥമ ഹർജികൾ അനുവദനീയമാണ്, രണ്ട് ഉത്തരവുകളും റദ്ദാക്കിയിരിക്കുന്നു. ചെലവുകളില്ല.

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് എ. കെ. ജയശങ്കരൻനമ്പ്യാർ &**
**ബഹു ജസ്റ്റിസ് മുഹമ്മദ് നിയാസ്. സി. പി.**

W.A.No.310/2022

**കോഴിക്കോട് സർവ്വകലാശാലയും മറ്റുള്ളവരും**
**V.**
**സി. രാജേന്ദ്രനും മറ്റുള്ളവരും**

(2022 ജൂൺ 03-ന് വിധിപ്രസ്താവിച്ചത്)

**വിധിയുടെ പ്രസക്തഭാഗങ്ങൾ**

സർവ്വകലാശാലയിലെ പ്രൊഫസ്സർമാർക്ക് വിരമിക്കൽ പ്രായമായ 60 വയസ്സിനപ്പുറം അധ്യയനവർഷാവസാനം വരെ തുടർന്ന കാലയളവിലേക്ക് ശമ്പളത്തിനും ബത്തകൾക്കും അർഹതയില്ല. ലഭിച്ച ശമ്പളം അർഹതയുള്ള തിനേക്കാൾ അധികമെന്നോ തെറ്റായി നൽകിയതാണെന്നോ ജീവനക്കാരന് അറിവുള്ളപ്പോഴോ അല്ലെങ്കിൽ തെറ്റായി നൽകി ചുരുങ്ങിയ സമയത്തിനുള്ളിൽ പിഴവ് കണ്ടെത്തുകയോ തിരുത്തുകയോ ചെയ്യുമ്പോഴോ വസൂലാക്കലിനെതിരെ കോടതികൾ നിവൃത്തി അനുവദിക്കുകയില്ല.

**വിധിന്യായം**

**ജസ്റ്റിസ് മുഹമ്മദ് നിയാസ്. സി . പി**

1. കോഴിക്കോട് സർവ്വകലാശാലയും വൈസ്ചാൻസലറും രജിസ്ട്രാറുമാണ് അപ്പീൽവാദികൾ. എതിർകക്ഷികൾ ഫയൽ ചെയ്ത റിട്ട് ഹർജി അനുവദിക്കുകയും അവർ വിരമിക്കൽ പ്രായമെത്തിയശേഷവും അധ്യയനവർഷാവസാനംവരെ ജോലി ചെയ്ത കാലയളവിലെ ശമ്പളം വിതരണം ചെയ്യാൻ അപ്പീൽവാദികളോട് നിർദ്ദേശിക്കുകയും ചെയ്ത 22.11.2021 തീയതിയിലെ WP(C) 9391/2021 വിധിന്യായ ത്തെയാണ് അവർ ചോദ്യം ചെയ്യുന്നത്.

2. അപ്പീൽ തീർപ്പാക്കുന്നതിന് ആവശ്യമായ സംക്ഷിപ്ത വസ്തുതകൾ ഇപ്രകാരമാണ്: റിട്ട് ഹർജിക്കാരായ എതിർകക്ഷികൾ യഥാക്രമം 12.11.2012, 01.12.2012, 01.10.2012, 04.10.2012 തീയതികളിൽ വിരമിക്കൽ പ്രായം എത്തിയ സർവ്വകലാശാല പ്രൊഫസർമാരാണ്. വിരമിക്കൽ പ്രായമായ 60 വയസ്സ് കഴിഞ്ഞും അധ്യയന വർഷത്തിന്റെ അവസാനമായ

31.03.2013 വരെ, ഹർജിക്കാർ തുടർന്നു, അവർ പറയും പ്രകാരം സർവ്വകലാശാല അത് അനുവദിച്ചു. കോഴിക്കോട് സർവ്വകലാശാലാനിയമം വിരമിക്കൽ പ്രായം 60 എന്ന് വ്യവസ്ഥചെയ്തിട്ടുള്ളതാണ്. ഒരു അധ്യാപകന് അധ്യയന വർഷാവസാനം വരെ തുടരാൻ കഴിയുമോ എന്നത് ഇതുവരെയും കോടതിയിൽ തീരുമാനിക്കപ്പെടാത്ത വിഷയമല്ല. അധ്യാപകർക്ക് 60 വയസ്സിനപ്പുറം തുടരാൻ കഴിയില്ലെന്ന് 2010-ലെ റിട്ട് അപ്പീൽ നമ്പർ 617-ൽ ഈ കോടതിയുടെ ഡിവിഷൻ ബഞ്ച് വ്യക്തമായി വിധിച്ചിട്ടുണ്ട്. 2022 മാർച്ച് 29 തീയതിയിലെ റിട്ട് അപ്പീൽ നമ്പർ 170/2022-ലെ ഞങ്ങളുടെ വിധിന്യായത്തിലും ഞങ്ങൾ അപ്രകാരം വിധിച്ചിട്ടുണ്ട്. അതിനാൽ ഹർജിക്കാർക്ക് വിരമിക്കൽ പ്രായത്തിനുമപ്പുറം തുടരുന്നതിനുള്ള അവകാശത്തെപ്പറ്റിയോ അതിനുശേഷമുള്ള തുടരലിന് എന്തെങ്കിലും ആനുകൂല്യം തേടുന്നതിനെക്കുറിച്ചോ ഒരു തർക്കവും ഉണ്ടാകില്ല.

3. ഹർജിക്കാർക്ക് വിരമിക്കൽ പ്രായമെത്തിയ ശേഷം ജോലി ചെയ്ത കാലയളവിലെ ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതിനെ എതിർത്തുകൊണ്ട് സർവ്വകലാശാല 2013-ലും 2014-ലും എക്സിബിറ്റ് P6 സീരീസ് പുറപ്പെടുവിച്ചിരുന്നു. 2013, 2014 വർഷങ്ങളിലെ സർവ്വകലാശാലയുടെ പ്രസ്തുത നടപടിയെ 2018-ൽ WP(C)26685/2018 ഫയൽ ചെയ്തുകൊണ്ട് റിട്ട് ഹർജിക്കാർ ചോദ്യം ചെയ്യുകയും ആയത് 2013-ലെയും 2014-ലെയും എക്സിബിറ്റ് P4 (a) സീരിസിനെ ചോദ്യം ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യത്തോടെ പിൻവലിക്കുകയും അതനുസരിച്ച് നിലവിലെ റിട്ട് ഹർജി 2021 വർഷത്തിൽ ഫയൽ ചെയ്യുകയും ചെയ്തു.

4. ഹർജിക്കാർ, അവർ 60 വയസ്സ് എത്തിയശേഷം നൽകിയ സേവനത്തിനുള്ള ശമ്പളത്തിനും ബത്തകൾക്കും സർവ്വകലാശാല അനുമതി നൽകിയതിനാൽ അർഹതയുണ്ടെന്നും, തെറ്റായി ജോലിയെടുത്തതാണെങ്കിൽ പോലും അവർ യഥാർത്ഥത്തിൽ ജോലിചെയ്ത കാലയളവിൽ നൽകിയ തുക തിരിച്ചുപിടിക്കാൻ അപ്പീൽവാദികൾക്ക് കഴിയില്ലെന്നും വാദിച്ചു. സർവ്വകലാശാല അത്തരം അപേക്ഷ എതിർക്കുകയും, അധ്യാപകർക്ക് അതിനുമപ്പുറം തുടരാൻ അവകാശമില്ലെന്നും തത്ഫലമായി 60 വയസ്സാകുമ്പോൾ വിരമിക്കൽ അനുശാസിക്കുന്ന നിയമത്തെ ക്കുറിച്ച് പൂർണ്ണബോധ്യമുള്ള ഹർജിക്കാർക്ക് വിരമിക്കൽ പ്രായത്തിനപ്പുറം തുടർന്ന കാലയളവിലേക്ക് ആനുകൂല്യങ്ങളൊന്നും അനുവദിക്കാൻ കഴിയില്ലായെന്നും അഭിപ്രായപ്പെട്ടു.

5. അധ്യാപകരെ അധ്യയന വർഷാവസാനം വരെ തുടരാൻ അനുവദിക്കുന്ന പ്രവർത്തനരീതിയും കീഴ്‌വഴക്കവും ഉണ്ടെന്നും ഹർജിക്കാർ 31.03.2013 വരെ അവരുടെ ചുമതല നിർവ്വഹിക്കാൻ അനുവദിക്കാനായി തെറ്റായി വിവരം നൽകിയിട്ടില്ലായെന്നും State of Punjab & Others v. Rafiq Masih White Washer (MANU/SC1195/2014: (2015) 4 SCC 334] -ലെ അനുപാതത്തെ ആശ്രയിച്ച് ശമ്പളവും ബത്തകളും തടഞ്ഞു വെയ്ക്കാൻ കഴിയില്ലെന്നും, അതനുസരിച്ച് ദോഷം ആരോപിച്ച ഉത്തരവുകൾ റദ്ദാക്കുകയും ഒരു മാസത്തിനുള്ളിൽ ആനുകൂല്യങ്ങൾ നൽകുവാനും, അല്ലായെങ്കിൽ 6.5% നിരക്കിൽ പലിശ നൽകണമെന്നും വിധിച്ചു.

6. സർവ്വകലാശാല നിയമം അനുസരിച്ച് അധ്യാപകന് 60 വയസ്സ് തികഞ്ഞശേഷം തുടരാൻ അർഹതയില്ലെന്നും തർക്കവിഷയങ്ങൾ 2010-ലെ റിട്ട് അപ്പീൽ 617- ലും 2022-ലെ റിട്ട് അപ്പീൽ 170-ലും ഉൾക്കൊള്ളുന്നുവെന്നും പ്രധാനമായും വാദിച്ചാണ് പ്രസ്തുത വിധിയെ എതിർത്തത്.

ഹർജിക്കാർ സർവ്വകലാശാല പ്രൊഫസർമാരും പ്രസ്തുത വിധിന്യായം ക്ലാസ് III, ക്ലാസ് IV വിഭാഗങ്ങളിലുള്ള ജീവനക്കാരുടെ തിരിച്ചുപിടിക്കലുമായും പ്രസ്തുത വിധിന്യായത്തിൽ രേഖപ്പെടുത്തിയ ആകസ്മികതകളുമായും ബന്ധപ്പെട്ടുള്ള തുമായതിനാൽ ചോദ്യം ചെയ്യപ്പെട്ട State of Punjab and Others V. Rafiq Masih White Washer കേസിലെ തത്വം അവർക്ക് ബാധകമാകില്ല. ഉത്തരവുകൾ 2013-ലും 2014-ലും പുറപ്പെടുവിച്ചവയും റിട്ട് ഹർജി 2018-ൽ മാത്രം ഫയൽ ചെയ്യുകയും ചെയ്തതിനാൽ ചോദിച്ചിരിക്കുന്ന നിവർത്തികൾ നിരസിക്കപ്പെടേണ്ടതായിരുന്നുവെന്നും വാദിച്ചു. വിരമിക്കൽ പ്രായമെത്തിയതിന് ശേഷം ഹർജിക്കാർ തുടർന്നത് അവരുടെ ഉത്തരവാദിത്തത്തിലായിരുന്നതും സർവ്വകലാശാലയോട് ശമ്പളം കൊടുക്കാൻ നിർദ്ദേശിക്കാൻ കഴിയാത്തതുമാണ്.

7. വിധിന്യായത്തെ പിന്തുണയ്ക്കുന്നതിനായി ഹർജിക്കാർ Thomas Daniel v. State of Kerala and Others [MANU/SC/0569/2022 : JT (2022)5 SC31], State of Bihar and Ors v. Pandey Jagadishwar Prasad [MANU/SC/8388/2008], State of Punjab and Others v. Rafiq Masih (White Washer) and others [MANU/SC/1195/2014: (2015) 4 SCC 334], North Delhi Municipal Corporation v. Ram Naresh Sharma and ors [MANU/SC/0497/2021], The Chief Secretary, Government of Kerala, Government Secretariat and Ors v. Amarnatha Shetty and Ors [ MANU/KE/1242/2016] നേയും സുപ്രീം കോടതിയുടെ Man Singh v. The State of Uttar Pradesh through Secretary & Ors (Civil Appeal No.7841/2011)-ലെ ഉത്തരവിനേയും ആശ്രയിച്ചു.

8. കോഴിക്കോട് സർവ്വകലാശാലയുടെ സ്റ്റാൻഡിംഗ് കൗൺസൽ അഡ്വ. ശ്രീ. പി. സി. ശശിധരനെയും അഭിഭാഷകനായ ശ്രീ. ഡോ. കെ. എം. ജോർജിനെയും കേട്ടു.

9. എതിർകക്ഷികൾ/റിട്ട് ഹർജിക്കാർ തെറ്റിദ്ധരിപ്പിക്കലോ വഞ്ചന നടത്തുകയോ ചെയ്തിട്ടില്ലാത്തതിനാൽ സർവ്വകലാശാലയ്ക്കു തുക തിരിച്ചുപിടിക്കാൻ കഴിയില്ലെന്നാണ് മേൽപറഞ്ഞ വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ അഭിഭാഷകൻ വാദിച്ചത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, തെറ്റിദ്ധരിപ്പിക്കലിന്റെയോ, വഞ്ചനയുടെയോ അഭാവത്തിൽ, തെറ്റായി നൽകിയതായാൽപോലും നൽകിയ തുക തിരിച്ചുപിടിക്കാൻ കഴിയില്ലായെന്ന വാദം കാണുന്നു. പ്രസ്തുത വാദം Chandi Prasad Uniyal v. State of Uttarakhand (MANU/SC/0656/2012:(2012) 8 SCC 417 – ൽ സുപ്രീം കോടതി സ്ഥാപിച്ച നിയമത്തിന്റെ വീക്ഷണത്തിൽ ഞങ്ങൾ ഉടൻതന്നെ നിരസിക്കുന്നു. മേൽ റിപ്പോർട്ട് ചെയ്ത ചൻഡി പ്രസാദ് യൂണിയാൽ കേസിലെ വിധിന്യായത്തിൽ സുപ്രീം കോടതിയുടേത് നിയമത്തിന്റെ ശരിയായ നിലപാടായി കരുതപ്പെടുന്നു. “അപ്പീൽ

വാദിക്ക് അയാളുടെ ഭാഗത്ത് നിന്നുള്ള എന്തെങ്കിലും തെറ്റിദ്ധരിപ്പിക്കലിന്റെയോ വഞ്ചനയുടെയോ അഭാവത്തിൽ, ക്രമവിരുദ്ധമായ/തെറ്റായ ശമ്പളനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ചിട്ടുള്ള തുക കൈവശം വയ്ക്കാൻ കഴിയുമോ എന്നതാണ് തർക്ക വിഷയം. സുപ്രീം കോടതിയുടെ നിരവധി വിധികൾ പരിഗണിച്ചശേഷം, തൊഴിലുടമ ജീവനക്കാരന് തുക അബദ്ധത്തിൽ നൽകിയതാണെങ്കിൽപോലും പിന്നീട് ശരിയായ നിർണ്ണയത്തിന് ശേഷം അബദ്ധത്തിലോ അശ്രദ്ധമൂലമോ ആണ് അധികതുക നൽകിയതെന്ന് തൊഴിലുടമ കണ്ടെത്തുകയാണെങ്കിൽ, അങ്ങനെ നൽകിയത് തിരിച്ചുപിടിക്കാൻ കഴിയുന്നതാണെന്ന് സുപ്രീം കോടതി വിധിച്ചു. അതിനാൽ, ചൻഡി പ്രസാദ് യൂണിയാൽ കേസിൽ പ്രസ്താവിച്ച നിയമം മറ്റു രണ്ടു കേസുകളിൽ സുപ്രീംകോടതി നടത്തിയ നിരീക്ഷണങ്ങളുമായി യാതൊരു തരത്തിലും വിരുദ്ധമാകുന്നില്ല. ആ തീരുമാനങ്ങളിൽ, ഭരണഘടനയിലെ 142-ാം അനുഛേദ പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് സുപ്രീംകോടതി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു, എന്നാൽ തുടർന്നുള്ള വിധിയിൽ (തീരുമാനത്തിൽ) ഭരണഘടനയിലെ 136-ാം അനുഛേദപ്രകാരം നിയമം പ്രസ്താവിച്ച് സുപ്രീം കോടതി ജീവനക്കാരന്റെ ഹർജി തള്ളി.”

10. തൊഴിലുടമയുടെ ഭാഗത്ത് നിന്നുള്ള ഏതെങ്കിലും വഞ്ചനയുടേയോ തെറ്റിദ്ധരിപ്പിക്കലിന്റെയോ അഭാവത്തിൽ തെറ്റായ ശമ്പള നിർണ്ണയത്തിലേക്ക് നയിച്ച തുക തിരിച്ചുപിടിക്കാൻ കഴിയില്ലെന്ന രണ്ട് ജഡ്ജിയുടേയും വിധികൾ കക്ഷികൾക്കിടയിൽ സമ്പൂർണ്ണ നീതി പുലർത്താനുള്ള ഇന്ത്യൻ ഭരണഘടനയിലെ അനുഛേദം 142 പ്രകാരമുള്ള സമഗ്രമായ അധികാരമുപയോഗിച്ച് നടത്തിയ ഒന്നാണെന്ന് മനസ്സിലാക്കേണ്ടതുണ്ടെന്ന് സുപ്രീം കോടതി വ്യക്തമായി നിരീക്ഷിച്ചു. ചൻഡി പ്രസാദിലെ (മുകളിൽ പറഞ്ഞത്) തീരുമാനം നിയമമാണെന്ന് സുപ്രീംകോടതി ഉറപ്പിച്ച് പറഞ്ഞു. അങ്ങനെ ഇവിടുത്തെ എതിർകക്ഷിയുടെ വാദം തെറ്റായതും ഇന്ത്യൻഭരണഘടനയിലെ 142-ാം അനുഛേദപ്രകാരം സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായങ്ങൾ ആശ്രയിക്കുന്നത് റിട്ട് ഹർജിക്കാർക്ക് നിലവിലെ കേസിൽ തുക തിരിച്ചുപിടിക്കുന്നത് തടയാൻ എന്തെങ്കിലും പ്രയോജനം ഉണ്ടാക്കുന്നതുമല്ല.

11. അബദ്ധത്തിൽ അടച്ച അധികതുക തിരിച്ചു പിടിക്കാൻ കഴിയാത്ത ഒരേയൊരു സാഹചര്യം തുക തിരിച്ചുപിടിക്കുന്നത്, അത് വസൂലാക്കാനുള്ള തൊഴിലുടമയുടെ തുല്യാവകാശത്തിന്റെ സന്തുലിതാവസ്ഥയെ അധികരിക്കുന്ന ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുമ്പോൾ മാത്രമാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അധാർമ്മികമായ സംഗതികളിൽ മാത്രമാണ് അടച്ച തുക തിരിച്ചുപിടിക്കുന്നതിൽ ഇടപെടലുകൾ ആവശ്യമായിവരുന്നത്. മേൽപറഞ്ഞ പരിഗണനയുടെയും പ്രയോഗിക്കേണ്ട പരിശോധനയുടെയും മാനദണ്ഡങ്ങൾ കണ്ടെത്തുന്നതിന്, State of Punjab & Others V. Rafiq Masih White Washer [MANU/SC/1195/2014: (2015) 4 SCC 334]-ലെ വിധിന്യായത്തിൽ നിരീക്ഷിച്ചിട്ടുള്ള സാഹചര്യങ്ങൾ പരാമർശിക്കേണ്ടത് ആവശ്യമാകുന്നു. സമ്പൂർണ്ണ നീതി നടപ്പാക്കാനായി ഇന്ത്യൻ ഭരണഘടനയുടെ 142-ാം അനുഛേദപ്രകാരമുള്ള അധികാരം വിനിയോഗിക്കുന്നത് ഇന്ത്യൻ ഭരണഘടനയിലെ 141-ാം അനുഛേദപ്രകാരം കീഴ്വഴക്കമായി പരിഗണിക്കാൻ കഴിയുകയില്ല. മേൽപറഞ്ഞ സാഹചര്യങ്ങളിലല്ലാതെ ഉദ്യോഗസ്ഥന്റെ പേരിൽ തെറ്റായി നൽകിയ

പൊതുപണം തടഞ്ഞുവയ്ക്കുന്നതിന് അനുവദിക്കാൻ കഴിയില്ലെന്നത് ശ്രദ്ധിക്കേണ്ടതാണ്. ലഭിച്ച ശമ്പളം അർഹതയുള്ളതിനേക്കാൾ അധികമെന്നോ തെറ്റായി നൽകിയതാണെന്നോ ജീവനക്കാരന് അറിവുള്ളപ്പോഴോ, അല്ലെങ്കിൽ തെറ്റായി നൽകി ചുരുങ്ങിയ സമയത്തിനുള്ളിൽ പിഴവ് കണ്ടെത്തുകയോ തിരുത്തുകയോ ചെയ്യുമ്പോഴോ വസൂലാക്കലിനെതിരെ കോടതികൾ നിവൃത്തി അനുവദിക്കുകയില്ല.

12. റിട്ട് ഹർജിക്കാർ, വിരമിക്കൽ പ്രായമെത്തിയശേഷം അധ്യയന വർഷാവസാനം വരെ തുടർന്ന കാലയളവിൽ അവർ യാതൊരു തുകയ്ക്കും അർഹരല്ലായെന്നതിന് വസ്തുതയിലോ നിയമത്തിലോ യാതൊരു സംശയവുമില്ല. റിട്ട് ഹർജിക്കാരായ പ്രൊഫസ്സർമാരെ, ക്ലാസ്സ് III-ലോ ക്ലാസ്സ് IV-ലോ ഉൾപ്പെടുന്ന ജീവനക്കാരുമായോ MANU/SC/1195/2014:2015 (4) SCC334 (മുകളിൽ പറഞ്ഞത്)-ലെ വിധിന്യായത്തിൽ കൈകാര്യം ചെയ്ത ജീവനക്കാരുടെ ഏതെങ്കിലും വിഭാഗവുമായോ തുല്യതപ്പെടുത്താൻ കഴിയില്ല. 60 വയസ്സ് പ്രായത്തിനപ്പുറം തുടരാൻ അവർക്ക് കഴിയില്ലെന്ന് റിട്ട് ഹർജിക്കാർക്ക് വ്യക്തമായി അറിയുന്നതാണ്. പരമോന്നത കോടതിയും ഈ കോടതിയും മേൽചൂണ്ടിക്കാട്ടിയ നിയമ ലംഘനവും വ്യക്തമായ വ്യവസ്ഥകളും കണക്കിലെടുക്കാതെ ഇന്ത്യൻഭരണഘടനയിലെ 142-ാം അനുച്ഛേദത്തിന് സമാനമായ അധികാരം വിനിയോഗിക്കാൻ ഈ കോടതിക്ക് കഴിയില്ല. സർവ്വകലാശാലയുടെ ഭാഗത്തുനിന്നുള്ള എതിർപ്പ് റിട്ട് ഹർജിക്കാർക്ക് അറിവുണ്ടായിരുന്നുവെന്നതും അവർക്കെതിരെയുള്ള തിരിച്ചുപിടിക്കൽ അവസാനിപ്പിക്കുന്നതിനായി 2013 വർഷത്തിൽ തന്നെ അവരുടെ R1(b) സീരിസ് കത്തുകളിലൂടെ അപേക്ഷിച്ചിരുന്നുവെന്നതും കൂടി ശ്രദ്ധിക്കേണ്ടതുണ്ട്. 2013ൽ തന്നെ തുകകൾ തിരിച്ചുപിടിക്കുമെന്നറിഞ്ഞിരുന്നിട്ടും ഹർജിക്കാരൻ 2018-ൽ മാത്രമാണ് റിട്ട് ഹർജി ഫയൽചെയ്തിട്ടുള്ളതും, ആയത് വീണ്ടും 2013 വർഷത്തിലെ എക്സിബിറ്റ് P4(a) സീരീസ് ചോദ്യം ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യത്തോടെ പിൻവലിച്ചതിനാൽ തള്ളപ്പെട്ടിട്ടുള്ളതും റിട്ട് ഹർജിക്കാർ കാലതാമസത്തിനും വീഴ്ചയ്ക്കും വ്യക്തമായി കുറ്റക്കാരായിട്ടുള്ളതുമാണ്. 2013-ലെ ഉത്തരവുകൾ 2018 വരെ ചോദ്യംചെയ്യുന്നതിൽ നിന്നും തങ്ങളെ തടഞ്ഞത് എന്താണെന്നതിന് വിശ്വാസകരമായ വിശദീകരണം റിട്ട് ഹർജിയിൽ ഇല്ല. കാലതാമസത്തിന്റെയും വീഴ്ചയുടെയും കാരണത്താൽ റിട്ട് ഹർജി തള്ളപ്പെടേണ്ടതായിരുന്നു.

സിംഗിൾ ജഡ്ജിയുടെ വിധി നിയമവിരുദ്ധമായതിനാൽ നിലനിൽക്കാൻ കഴിയില്ലായെന്നും അതനുസരിച്ച് റദ്ദാക്കുകയും എതിർകക്ഷികൾ ഫയൽ ചെയ്ത ഇവിടത്തെ റിട്ട് ഹർജി തള്ളപ്പെടുകയും ചെയ്യും എന്നതുമാണ് മേൽപറഞ്ഞ ചർച്ചയുടെ തീർപ്പ് .

മേൽപറഞ്ഞ പ്രകാരം ഈ റിട്ട് അപ്പീൽ അനുവദിക്കുന്നു.

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

### ബഹു. ജസ്റ്റിസ് ബസന്ത് ബാലാജി

WP(C)No.7787/2018

**കുഞ്ഞിപ്പെണ്ണും മറ്റുള്ളവരും**
**V.**
**കേരള സംസ്ഥാനവും മറ്റുള്ളവരും.**

(2022 മേയ് 25-ന് വിധിപ്രസ്താവിച്ചത്)

**വിധിയുടെ പ്രസക്തഭാഗങ്ങൾ**

ഒരേ വിജ്ഞാപനത്തിൽ ആർജിച്ചിട്ടുള്ളതും ലാന്റ് അക്വിസിഷൻ ഓഫീസർ സമാന ഭൂമികളായി പരിഗണിച്ച് ഒരേ ഭൂമിവില നൽകിയിട്ടുള്ളതുമായ വസ്തുക്കൾക്ക് റോഡിൽ നിന്നും വസ്തുവിലേക്കുള്ള ദൂരം അടിസ്ഥാനമാക്കി കൂടുതൽ തരംതിരിക്കലിലേക്ക് (വർഗ്ഗീകരണത്തിലേക്ക്) പോകാൻ ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസിൽദാറിന് കഴിയില്ല.

### വിധിന്യായം

1. പള്ളിക്കര-II വില്ലേജിലെ റീസർവ്വേ നമ്പർ 129/2-ൽ 0.0214 ഹെക്ടർ ഭൂമി റെയിൽവേ മേൽപ്പാലനിർമ്മാണത്തിനായി ഏറ്റെടുക്കുകയും 09.07.2010-ലെ അവാർഡ് പ്രകാരം മൊത്തം നഷ്ടപരിഹാരത്തുകയായി 5,88,188/- (അഞ്ച് ലക്ഷത്തി എൺപത്തി എട്ടായിരത്തി ഒരുന്നൂറ്റി എൺപത്തി എട്ട് രൂപ മാത്രം) നൽകുകയും ചെയ്തു. നഷ്ടപരിഹാരത്തുകയിൽ അതൃപ്തരായി ഹർജിക്കാർ ഹോസ്ദുർഗ്, സബ് കോടതിയിലെ LAR No.39/2010-27.01.2016-ലെ വിധിന്യായത്തിന്റെയും ഡിക്രിയുടെയും അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ (Land Acquisiton Act) (ചുരുക്കത്തിൽ ആക്റ്റ്) 28A വകുപ്പ് പ്രകാരം നഷ്ടപരിഹാരത്തുക പുനർനിർണ്ണയിക്കാൻ അപേക്ഷ സമർപ്പിച്ചു. മൂന്നാം എതിർകക്ഷി 24.05.2017-ലെ എക്സിബിറ്റ് P3 ഉത്തരവിലൂടെ അപേക്ഷ നിരസിച്ചു. പ്രസ്തുത നിരസിക്കൽ ഉത്തരവിൽ അന്യായപ്പെട്ടാണ് ഈ റിട്ട് ഹർജി ഫയൽ ചെയ്യുന്നത്.

2. റിട്ട് ഹർജി സമർപ്പിച്ച് 4 വർഷങ്ങൾ കഴിഞ്ഞിട്ടും റിട്ട് ഹർജിയിലെ ആരോപണങ്ങളെ എതിർത്ത്, എതിർസത്യവാങ്മൂലമോ പ്രസ്താവനയോ എതിർകക്ഷികൾ ഫയൽ ചെയ്തിട്ടില്ല.

3. ആക്റ്റിലെ 28A വകുപ്പ് പ്രകാരം ഫയൽ ചെയ്ത അപേക്ഷ നിരസിച്ച ഉത്തരവാണ് എക്സിബിറ്റ് P3. ഹർജിക്കാരുടെ വസ്തുവും അതുപോലെ ഹർജിക്കാർ ആശ്രയിക്കുന്ന വിധിന്യായത്തിലെ വസ്തുവും സമാനമായതല്ലെന്നും സമാന സ്ഥിതിയിലുള്ളതല്ലെന്നും അതിനാൽ അപേക്ഷ പരിഗണിക്കാൻ കഴിയില്ലെന്ന കാരണവുമാണ് എക്സിബിറ്റ് P3 യിൽ പറഞ്ഞിരിക്കുന്നത്.

4. ആക്റ്റിലെ 28A വകുപ്പ് ഇപ്രകാരമാണ്.

"[28A കോടതിയുടെ അവാർഡിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരത്തുക പുനർനിർണ്ണയം ചെയ്യൽ : (1) ഈ ഭാഗപ്രകാരമുള്ള ഒരു അവാർഡിൽ കോടതി, 11-ാം വകുപ്പ് പ്രകാരം കളക്ടർ അനുവദിച്ച തുകയിൽ കവിഞ്ഞ ഒരു തുക നഷ്ടപരിഹാരമായി അപേക്ഷകന് അനുവദിക്കുന്നിടത്ത്, 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അതേവിജ്ഞാപനത്തിൽ പറയുന്ന മറ്റു വസ്തുക്കളിൽ താൽപര്യമുള്ളവരും കളക്ടറുടെ അവാർഡു വഴി സങ്കടമനുഭവിക്കുന്നവരുമായ ആളുകൾക്ക്, 18-ാം വകുപ്പ് പ്രകാരം കളക്ടർക്ക് രേഖാമൂലം ഒരു അപേക്ഷ അവർ നൽകിയിട്ടില്ല എന്നിരുന്നാലും, കോടതി അനുവദിച്ച നഷ്ടപരിഹാരത്തുകയുടെ അടിസ്ഥാനത്തിൽ തങ്ങൾക്ക് കിട്ടാനുള്ള നഷ്ടപരിഹാരത്തുക പുനർനിർണ്ണയം ചെയ്യണമെന്ന് കോടതിയുടെ അവാർഡ് തീയതി മുതൽ മൂന്ന് മാസത്തിനകം കളക്ടറോട് രേഖാമൂലം അപേക്ഷിച്ച് ആവശ്യപ്പെടാവുന്നതാണ്."

5. 4-ാം വകുപ്പിലെ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അതേ വിജ്ഞാപനത്തിന്റെ പരിധിയിൽ വരുന്ന മറ്റെല്ലാ ഭൂമിയിലും താൽപര്യമുള്ള എല്ലാ ആളുകൾക്കും കളക്ടറുടെ അവാർഡിൽ സങ്കടപ്പെടുന്നവർക്കും കളക്ടർ നഷ്ടപരിഹാരത്തുക പുനർനിർണ്ണയിക്കുമെന്ന് ആക്ടിലെ 28A വകുപ്പിന്റെ വായന വ്യക്തമാക്കുന്നു. അവകാശവാദിയുടെ വസ്തുവും ആശ്രയിച്ച വിധിന്യായത്തിലെ വസ്തുവും ഒരേ 4(1) വിജ്ഞാപനത്തിൽ ഉൾപ്പെട്ടതാണോ എന്നത് മാത്രമാണ് ജില്ലാ കളക്ടർ പരിഗണിക്കേണ്ട ഏക മാനദണ്ഡമെന്ന് ഈ വകുപ്പ് അനുശാസിക്കുന്നു. എക്സിബിറ്റ് P1 അവാർഡിലൂടെ കടന്നുപോകുമ്പോൾ, ലാന്റ് അക്വിസിഷൻ ഓഫീസർ ഭൂമിയെ രണ്ട് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നത് കാണാൻ കഴിയും, അതായത് റെയിൽവേ ട്രാക്കിന്റെ പടിഞ്ഞാറ് ഭാഗത്ത് കിടക്കുന്ന വസ്തുക്കളും റെയിൽവേ ട്രാക്കിന്റെ കിഴക്ക് ഭാഗത്ത് കിടക്കുന്ന വസ്തുക്കളും, റെയിൽവേ ട്രാക്കിന്റെ കിഴക്ക് ഭാഗത്ത് കിടക്കുന്ന സ്ഥലങ്ങൾക്ക്, ലാന്റ് അക്വിസിഷൻ ഓഫീസർ, ഉദുമ സബ് രജിസ്ട്രാറുടെ 28.05.2005 തീയതിയിലെ 1745/05 നമ്പർ പ്രമാണം അടിസ്ഥാനരേഖയായി എടുത്തശേഷം ഭൂമി വില സെന്റിന് 31,170/- രൂപയായി നിജപ്പെടുത്തി, അതേസമയം റെയിൽവേ ട്രാക്കിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള സ്ഥലങ്ങൾക്ക് ഉദുമ സബ്‌രജിസ്ട്രാർ 19.08.2004-ലെ 2409/04-ാം നമ്പർ പ്രമാണം അടിസ്ഥാനരേഖയായി എടുത്ത് ഭൂമിവില സെന്റിന് 42,732/- ആയി നിജപ്പെടുത്തി. ഹർജിക്കാരുടെ ഭൂമിയും ആശ്രയിച്ച വിധിന്യായത്തിലെ, അതായത്

LAR.No.39/2010–ലെ വിഷയാസ്പദമായ ഭൂമിയും റെയിൽവേ ട്രാക്കിന്റെ പടിഞ്ഞാറ് ഭാഗത്ത് സ്ഥിതി ചെയ്യുന്നതും രണ്ട് വസ്തുക്കൾക്കും ലാന്റ് അക്വിസിഷൻ ഓഫീസർ സെന്റിന് 42,732/- രൂപാനിരക്കിൽ വില നൽകിയിട്ടുള്ളതുമാണ്. ലാന്റ് അക്വിസിഷൻ ഓഫീസർ തന്നെ രണ്ട് വസ്തുക്കളും സമാനവും സമാനമായി സ്ഥിതിചെയ്യുന്നതായും പരിഗണിച്ച് ഒരേ വില അനുവദിച്ചപ്പോൾ 28A വകുപ്പ് പ്രകാരമുള്ള അപേക്ഷ എക്സിബിറ്റ് P3 യിലൂടെ നിരസിച്ചത് നിയമവിരുദ്ധവും അനുചിതവുമാണ്. ഒരേ വിജ്ഞാപനത്തിൻ കീഴിൽ വസ്തുക്കൾ ആർജിക്കുകയും ലാന്റ് അക്വിസിഷൻ ഓഫീസർ സമാന ഭൂമികളായി പരിഗണിച്ച് ഒരേ ഭൂമിവില നൽകുകയും ചെയ്യുമ്പോൾ മൂന്നാം എതിർകക്ഷിക്ക് റോഡിൽ നിന്നുള്ള വസ്തുവിന്റെ ദൂരത്തെ അടിസ്ഥാന മാക്കി കൂടുതൽ തരം തിരിക്കലിലേക്ക് പോകാനാവില്ല. ഹർജിക്കാരന്റെ ഭൂമി റെയിൽവേ ലൈനിന്റെ പടിഞ്ഞാറ് 50 മീറ്ററോളം അകലെയാണെന്നും അവിടെ റോഡ് പ്രവേശനം ഇല്ലെന്നും എന്നാൽ വിധിന്യായത്തിലെ വസ്തു സംസ്ഥാന ഹൈവേയുടെ പടിഞ്ഞാറേക്ക് 50 മീറ്റർ ദൂരത്തിൽ സ്ഥിതിചെയ്യുകയാണെന്നും അതിനാൽ വസ്തുക്കൾ സമാന രീതിയിലല്ല സ്ഥിതിചെയ്യുന്നതെന്നുമാണ് എക്സിബിറ്റ് P3 യിൽ നിരസിക്കലിന് നൽകിയിരിക്കുന്ന ന്യായവാദം. എക്സിബിറ്റ് P3 പ്രകാരം അവാർഡ് പാസ്സാക്കിയ മൂന്നാം എതിർകക്ഷി രണ്ട് വസ്തുക്കളെയും ഒരേപോലെ പരിഗണിക്കുകയും അവ ഒരേപോലെ പരിഗണിച്ച് ഒരേ ഭൂമിവില അനുവദിക്കുകയും ചെയ്തു. അത്തരം സാഹചര്യത്തിൽ, ആക്റ്റിലെ 28A വകുപ്പ് പ്രകാരം നഷ്ടപരിഹാരം പുനർനിർണ്ണയിക്കുമ്പോൾ എക്സിബിറ്റ് P3-യിൽ പറഞ്ഞിരിക്കുന്നപോലെ കൂടുതൽ തരംതിരിക്കൽ നടത്താൻ കഴിയില്ല. രണ്ട് വസ്തുക്കളും ഒരേ 4(1) വിജ്ഞാപനത്തിൻ കീഴിലാണോ എന്നുമാത്രം പരിശോധിക്കാൻ ലാന്റ് അക്വിസിഷൻ ഓഫീസറോട് ആക്ടിലെ 28A വകുപ്പ് നിർദ്ദേശിക്കുമ്പോൾ, വസ്തുവിന്റെ സമാനതപോലെയുള്ള മറ്റൊരു വ്യവസ്ഥ നഷ്ടപരിഹാരം പുനർനിർണ്ണയിക്കുന്നതിനിടയിൽ അദ്ദേഹത്തിന് കൂട്ടിച്ചേർക്കാൻ കഴിയില്ല. മൂന്നാം എതിർകക്ഷി എക്സിബിറ്റ് P3 യിൽ പറഞ്ഞിരിക്കുന്ന ന്യായവാദം നിയമവിരുദ്ധവും അനുചിതവും റദ്ദ് ചെയ്യപ്പെടാൻ ബാധ്യസ്ഥവുമായതിനാൽ, ഞാൻ അങ്ങനെ ചെയ്യുന്നു.

തൽഫലമായി, മൂന്നാം എതിർകക്ഷിയുടെ എക്സിബിറ്റ് P3 ഉത്തരവ് റദ്ദാക്കുകയും മുകളിൽ നടത്തിയ നിരീക്ഷണങ്ങളുടെ വെളിച്ചത്തിലും ആക്റ്റിന്റെ 28A വകുപ്പിലെ നിയമസഭയുടെ ഉദ്ദേശ്യം കണക്കിലെടുത്തും ഈ വിധിന്യായത്തിന്റെ സാക്ഷ്യ പ്പെടുത്തിയ പകർപ്പ് ലഭിച്ച തീയതി മുതൽ 4 മാസകാലാവധിക്കുള്ളിൽ ആയത് പുനഃപരിശോധിക്കാൻ മൂന്നാം എതിർകക്ഷിയോട് നിർദ്ദേശിക്കുകയും ചെയ്തു കൊണ്ട്, ഈ റിട്ട് ഹർജി അനുവദിക്കുന്നു.

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് എ.കെ ജയശങ്കരൻ നമ്പ്യാർ**
**&**
**ബഹു. ജസ്റ്റിസ് മുഹമ്മദ് നിയാസ്. സി. പി.**

(റിട്ട് അപ്പീൽ നം.1409/2021)

(കേരളഹൈക്കോടതിയുടെ WP(C)No.27593/2019 വിധിന്യായത്തിന് എതിരെയുള്ളത്)

**കേരള സംസ്ഥാനവും മറ്റുള്ളവരും**
**V.**
**ഷൈലജ കെ. ഉണ്ണിത്താൻ**

(2021 നവംബർ 23-ന് വിധി പ്രസ്താവിച്ചത്)

**വിധിയുടെ പ്രസക്തഭാഗങ്ങൾ**

ജീവനക്കാരനും തൊഴിൽദാതാവും തമ്മിലുള്ള ബന്ധം തടസ്സമില്ലാതെ നിലനിൽക്കുന്നുവെന്ന് സ്ഥാപിക്കപ്പെട്ടാൽ, വാസസ്ഥലത്ത് നിന്നും ജോലി സ്ഥലത്തേക്ക് സഞ്ചരിക്കുന്നതിനിടെ ജീവനക്കാരന് സംഭവിച്ച അപകടത്തിൽ കെ. എസ്. ആർ. ഭാഗം-I-ലെ 97, 98 ചട്ടങ്ങൾ പ്രകാരം പ്രത്യേക അവശത അവധിക്ക് ജീവനക്കാരന് അർഹതയുള്ളതാണ്.

**വിധിന്യായം**

**ജസ്റ്റിസ് എ . കെ. ജയശങ്കരൻ നമ്പ്യാർ**

2019-ലെ WP(C) നമ്പർ 27593 റിട്ട് ഹർജിയിലെ വിധിന്യായത്തിനെതിരെയുള്ള സ്റ്റേറ്റിന്റെ അപ്പീലാണ് ഞങ്ങൾക്കു മുമ്പിലുള്ളത്. റിട്ട് അപ്പീൽ തീർപ്പാക്കുന്നതിന് ആവശ്യമായ സംക്ഷിപ്ത വസ്തുതകൾ ഇപ്രകാരമാണ് :-

താമരക്കുളം ജി. വി. ഹയർ സെക്കൻഡറി സ്കൂളിലെ ഹയർസെക്കൻഡറി അധ്യാപികയായ റിട്ട് ഹർജിക്കാരി 17.08.2012-ന് രാവിലെ 9 മണിക്ക് അവളുടെ താമസസ്ഥലത്ത് നിന്ന് സ്കൂളിലേക്ക് അവളുടെ സ്കൂട്ടറിൽ പോകുന്നതിനിടയിൽ അപകടത്തിൽപ്പെടുകയും ഹർജിക്കാരിക്ക് ഗുരുതരമായ പരിക്കേൽക്കുകയും ചെയ്തു. അപകടത്തെ തുടർന്ന് 17.08.2012 മുതൽ 16.12.2012 വരെയുള്ള കാലയളവിൽ അവൾ ആശുപത്രിയിൽ ചികിത്സയിലായിരുന്നുവെന്നതിൽ തർക്കമില്ല. കേരള സർവീസ് ചട്ടങ്ങളിലെ (കെ.എസ്.ആർ) 97, 98 ചട്ടങ്ങൾ പ്രകാരം പ്രത്യേക അവശത അവധിയുടെ ആനുകൂല്യത്തിന് റിട്ട് ഹർജിക്കാരി അവകാശവാദമുന്നയിച്ചതായി കാണുന്നു, എന്നാൽ അവളുടെ അവകാശവാദം എക്സിബിറ്റ് P8 ഉത്തരവിലൂടെ ഹയർ സെക്കൻഡറി വിദ്യാഭ്യാസ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ നിരസിച്ചു. അതിനാൽ ഹർജിക്കാരി സർക്കാർ മുമ്പാകെ അപ്പീൽ സമർപ്പിച്ചു, ആയതും എക്സിബിറ്റ് P11 ലൂടെ സമാന കാരണങ്ങളാൽ നിരസിക്കപ്പെട്ടു. അപ്പോൾ ഹർജിക്കാരി പ്രസ്തുത സർക്കാർ ഉത്തരവിനെ ഈ കോടതിമുമ്പാകെ ചോദ്യം ചെയ്യുകയും ഈ കോടതി എക്സിബിറ്റ് P12 വിധിന്യായത്തിലൂടെ മുൻ ഉത്തരവുകൾ റദ്ദാക്കുകയും ക്ഷമതയുള്ള അധികാരസ്ഥാനത്തോട് ഹർജിക്കാരിയുടെ അപേക്ഷ വീണ്ടും പരിഗണിക്കാനും അതിൻമേൽ പുതിയ ഉത്തരവ് പുറപ്പെടുവിക്കാനും നിർദ്ദേശിക്കുകയും ചെയ്തു. സിംഗിൾ ജഡ്ജിയുടെ പ്രസ്തുത നിർദ്ദേശത്തെതുടർന്ന് ഹർജിക്കാരിയുടെ വാസസ്ഥലത്ത് നിന്നും സ്കൂളിലേക്കുള്ള യാത്രക്കിടയിൽ ഉണ്ടായ അപകടം അവളുടെ ഔദ്യോഗിക ചുമതല നിർവ്വഹിക്കുന്നതിനിടയിൽ സംഭവിച്ച താണെന്ന് പരിഗണിക്കാൻ കഴിയില്ല എന്ന കാരണത്താൽ ഹർജിക്കാരിയുടെ അവകാശവാദം ഒരിക്കൽകൂടി നിരസിച്ചുകൊണ്ട് എക്സിബിറ്റ് പി.13 ഉത്തരവ് പുറപ്പെടുവിച്ചു. എക്സിബിറ്റ് പി.13 ഉത്തരവിനെ ചോദ്യം ചെയ്ത് റിട്ട് ഹർജിക്കാരി 2019-ലെ WP(C)No.27593 സമർപ്പിച്ചു.

2. വിഷയം പരിഗണിച്ച സിംഗിൾ ജഡ്ജി കെ. എസ്. ആർ. ഭാഗം I-ലെ 97,98 ചട്ടങ്ങളിലെ വ്യവസ്ഥകളും കൂടാതെ റിട്ട് ഹർജിക്കാരിക്ക് വേണ്ടി അഭിഭാഷകൻ ഉദ്ധരിച്ച സുപ്രീംകോടതിയുടെയും ഈ കോടതിയുടെ ഡിവിഷൻ ബെഞ്ചിന്റെയും തീരുമാനങ്ങൾ പരിഗണിക്കുകയും ഹർജിക്കാരി ജോലിക്ക് പോകുന്നതിനിടയിൽ സംഭവിച്ച പരിക്ക് നിസ്സംശയമായും അവളുടെ ജോലിയുടെ ഭാഗമായി ഉണ്ടായ പരിക്കായി കാണണമെന്ന് കണ്ടെത്തുകയും ചെയ്തു. അതിനാൽ ഹർജിക്കാരി, 17.08.2012 മുതൽ 16.12.2012 വരെയുള്ള കാലയളവിലേക്ക് അപേക്ഷിച്ച പ്രത്യേക അവശത അവധി, അവൾ അവകാശവാദമുന്നയിച്ചതുപോലെ അനുവദിക്കാൻ ജഡ്ജി എതിർകക്ഷികളോട് നിർദ്ദേശിച്ചു.

3. ഞങ്ങൾക്ക് മുമ്പാകെ, കെ. എസ്. ആർ ഭാഗം I-ലെ 97, 98 ചട്ടങ്ങൾ പരാമർശിച്ച് ഹർജിക്കാരിക്കുണ്ടായ പരിക്ക് അവളുടെ ഔദ്യോഗിക ചുമതലകൾ നിർവ്വഹിച്ചതിന്റെ ഫലമായോ അല്ലെങ്കിൽ അവളുടെ ഔദ്യോഗിക സ്ഥാനത്തിന്റെ അനന്തര ഫലമായോ ഉണ്ടായതായി കാണാനാകില്ലെന്നായിരുന്നു സർക്കാരഭിഭാഷകന്റെ സമർപ്പണം.

അവളുടെ വാസസ്ഥലത്ത് നിന്നും സ്കൂളിലേക്കുള്ള യാത്ര അവളുടെ ജോലിയുമായി ബന്ധപ്പെട്ട യാത്രയായി കാണാൻ കഴിയില്ലെന്ന് പ്രധാനമായും പ്രസ്താവിക്കപ്പെട്ടു.

4. സർക്കാരഭിഭാഷകന്റെ പ്രസ്തുത വാദം അംഗീകരിക്കാൻ ഞങ്ങൾക്ക് കഴിയുന്നില്ല. വിവിധതരത്തിലുള്ള അവധികൾ കൈകാര്യം ചെയ്യുന്ന കെ. എസ്. ആർ ഭാഗം-I-ലെ വ്യവസ്ഥകളുടെ കേവല പരിശോധനയിൽ വെളിപ്പെടുന്ന അടിസ്ഥാന തത്വം (അടിസ്ഥാന സ്കീം), ജീവനക്കാരനും തൊഴിൽദാതാവും തമ്മിലുള്ള ബന്ധം തടസ്സമില്ലാതെ നിലനിൽക്കുന്നുവെന്ന് സ്ഥാപിക്കപ്പെട്ടാൽ മാത്രമേ വിവിധ തരത്തിലുള്ള അവധികൾ അനുവദിക്കുന്നത് ആലോചിക്കുകയുള്ളൂ എന്നാണ്. അനുവദനീയമായ അവധിയിനങ്ങൾ തമ്മിലുള്ള വ്യത്യാസം, ഒരു ജീവനക്കാരന് ജോലിയിൽ നിന്ന് വിട്ടു നിൽക്കാൻ കഴിയുന്ന കാലയളവുകളും പ്രസ്തുത കാലയളവിൽ ജീവനക്കാരന് നൽകുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ, അവയും മാത്രം ബന്ധപ്പെട്ടിട്ടുള്ളതാണ്. അതിനാൽ, അവധി അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ നിർദ്ദേശിക്കുന്ന കെ.എസ്.ആർ ഭാഗം-I-ലെ 97, 98 ചട്ടങ്ങളിലെ വ്യവസ്ഥകൾ വ്യാഖ്യാനിക്കുമ്പോൾ, മേൽപറഞ്ഞ സ്കീമും (പദ്ധതിയും) അതിന്റെ ഉദ്ദേശ്യവും അംഗീകരിക്കുന്നതും അത്തരം ഉദ്ദേശ്യത്തെ പോഷിപ്പിക്കുന്നതുമായ വ്യാഖ്യാനമാകണം നൽകേണ്ടത്. ഞങ്ങളുടെ വീക്ഷണത്തിൽ, ആ വ്യാഖ്യാനത്തിൽ മേൽപറഞ്ഞ രണ്ട് ചട്ടങ്ങളിലും കാണപ്പെടുന്ന "അയാളുടെ ഔദ്യോഗിക ചുമതലകൾ നിർവ്വഹിച്ചതിന്റെ ഫലമായോ അല്ലെങ്കിൽ അയാളുടെ ഔദ്യോഗിക പദവിയുടെ അനന്തരഫലമായോ" എന്ന വാക്യാംശം, അപകടം സംഭവിക്കുമ്പോൾ അവളുടെ വാസസ്ഥലത്ത് നിന്നും ജോലിസ്ഥലത്തേക്ക് സഞ്ചരിക്കുകയായിരുന്ന, ജീവനക്കാരിയായ ഒരാളെ ഒഴിവാക്കുന്നതിലേക്കായി തീർച്ചയായും ഇടുങ്ങിയതും വിശാലവീക്ഷണമില്ലാത്തതുമായ രീതിയിൽ വ്യാഖ്യാനിക്കാൻ കഴിയില്ല. ഞങ്ങൾ, അതിനാൽ, സിംഗിൾ ജഡ്ജി എടുത്തിട്ടുള്ള ഉദാരമായ വീക്ഷണത്തിൽ ഇടപെടാൻ ഒരു കാരണവും കാണുന്നില്ല, അനന്തര ഫലമായി ഈ റിട്ട് അപ്പീൽ ഞങ്ങൾ തള്ളുന്നു.

## ബഹു. കേരളഹൈക്കോടതി മുമ്പാകെ

### ബഹു. ജസ്റ്റിസ് കൗസർ ഇടപ്പഗത്

Crl MC Nos 3214 and 3222/2021

**രാജേഷ് നാരായണനും മറ്റുള്ളവരും**
**V.**
**കേരളസംസ്ഥാനവും മറ്റുള്ളവരും**

(2022 ആഗസ്റ്റ് 16–ന് വിധിപ്രസ്താവിച്ചത്)

**വിധിയുടെ പ്രസക്തഭാഗങ്ങൾ**

തർക്കം ഒത്തുതീർപ്പാക്കുന്നതിനുള്ള കരാറിൽ ഒപ്പിട്ട്, ഒത്തുതീർപ്പിന്റെ എല്ലാ ആനുകൂല്യങ്ങളും നേടിയശേഷം പ്രാബല്യത്തിൽ വന്ന ഒരു തീർപ്പിൽ നിന്നും ഒരു കക്ഷിക്ക് ഏകപക്ഷീയമായി പിൻമാറാൻ കഴിയില്ല. ഹർജിക്കാർക്കെതിരെ നിലനിൽക്കുന്ന ക്രിമിനൽ നടപടികൾ തുടരുന്നത് കോടതി നടപടികളുടെ ദുരുപയോഗമാണ്.

**ഉത്തരവ്**

**ജസ്റ്റിസ് കൗസർ ഇടപ്പഗത്**

1. കക്ഷികൾ തമ്മിലുള്ള ഒത്തുതീർപ്പിന്റെ അടിസ്ഥാനത്തിൽ നടപടികൾ റദ്ദാക്കുന്നതിനായിട്ടാണ് ക്രിമിനൽനടപടി നിയമസംഹിതയിലെ 482–ാം വകുപ്പ് പ്രകാരം മേൽപറഞ്ഞ രണ്ട് Crl MC–കളും ഫയൽ ചെയ്തിരിക്കുന്നത്.

2. രണ്ട് കേസുകളും ബന്ധമുള്ളതും കക്ഷികൾ ഒന്നുതന്നെയുമാണ്. അതിനാൽ ഞാൻ അവയെ ഒരുമിച്ച് തീർപ്പാക്കുന്നു.

3. മ്യൂസിയം പോലീസ് സ്റ്റേഷനിലെ ക്രൈം നം.1111/2015–നെ സംബന്ധിച്ച CrlMC.No.3214/2021 നിലവിൽ CC No.191/2018 ആയും, Crl MC.No.3222/2021–നെ സംബന്ധിച്ചത് CC No.1620/2015 ആയുമായാണ് തിരുവനന്തപുരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലെ (ചുരുക്കത്തിൽ, കീഴ്ക്കോടതി) ഫയലുകളിലുള്ളത്.

4. രണ്ടു കേസുകളിലെയും ഹർജിക്കാർ പ്രതികളും രണ്ടാം എതിർകക്ഷി യഥാർത്ഥ പരാതിക്കാരിയുമാണ്.

5. CC No.191/2018–ൽ ആരോപിക്കപ്പെടുന്ന കുറ്റകൃത്യങ്ങൾ ഇന്ത്യൻ ശിക്ഷാനിയമത്തിലെ (ഐ.പി.സി) 34–ാം വകുപ്പിനൊപ്പം കൂട്ടിവായിക്കപ്പെട്ട 406,420,

342, 323, 354, 506(1) എന്നീ വകുപ്പുകൾ പ്രകാരമുള്ളവയാണ്. ഒന്നും രണ്ടും പ്രതികൾ അവർ നടത്തിയിരുന്ന കമ്പനിയിൽ ജോലി ചെയ്തിരുന്ന ജീവനക്കാരിയായ യഥാർത്ഥ പരാതിക്കാരിയെ കബളിപ്പിച്ചുവെന്നും പ്രസ്തുത കമ്പനിയുടെ ഡയറക്ടർ സ്ഥാനം വാഗ്ദാനം ചെയ്ത് വൻതുക നൽകാൻ പ്രേരിപ്പിച്ചു എന്നുമാണ് ഇവിടുത്തെ പ്രോസിക്യൂഷൻ കേസ്. അതിനുശേഷം, യഥാർത്ഥപരാതിക്കാരി പ്രസ്തുത തുക തിരികെ ആവശ്യപ്പെട്ടപ്പോൾ പ്രതികൾ അവളെ മുറിയിൽ പൂട്ടിയിടുകയും, കൈയ്യേറ്റം ചെയ്യുകയും കുറ്റകരമായി ഭയപ്പെടുത്തുകയും ചെയ്തു.

6. C.C നമ്പർ 1620/2015-ൽ ആരോപിക്കപ്പെടുന്ന കുറ്റകൃത്യങ്ങൾ IPC യുടെ 34-ാം വകുപ്പിനൊപ്പം ചേർത്തുവായിക്കപ്പെട്ട 120B, 420, 406, 506, 354 എന്നീ വകുപ്പുകൾ പ്രകാരമാണ്. ഒന്നാം പ്രതി മാനേജിംഗ് ഡയറക്ടറും രണ്ടാം പ്രതി സി. ഇ. ഒ. യും മൂന്നും നാലും പ്രതികൾ ഡയറക്ടർ ബോർഡ് അംഗങ്ങളും 5-ാംപ്രതി മാനേജറുമായിട്ടുള്ള ആറാം പ്രതിയായ കമ്പനിക്ക് നിശ്ചിത തുക മുൻകൂറായി നൽകിക്കൊണ്ട് യഥാർത്ഥ പരാതിക്കാരി ചില സാമ്പത്തിക ഇടപാടുകൾ നടത്തി എന്നതാണ് ഇവിടുത്തെ പ്രോസിക്യൂഷൻ കേസ്. യഥാർത്ഥ പരാതിക്കാരി പ്രതികളെ സമീപിച്ച് പണം തിരികെ ആവശ്യപ്പെട്ടപ്പോൾ അവർ അവളെ മുറിയിൽ പൂട്ടിയിടുകയും, കൈയ്യേറ്റം ചെയ്യുകയും കുറ്റകരമായി ഭയപ്പെടുത്തുകയും ചെയ്തു.

7. ഹർജിക്കാർ പറയുന്നതനുസരിച്ച്, കക്ഷികൾ തമ്മിലുള്ള മുഴുവൻ തർക്കവും അവരും രണ്ടാം എതിർകക്ഷിയും തമ്മിൽ സൗഹാർദ്ദപരമായി പരിഹരിച്ചിരുന്നു. ഈ സാഹചര്യത്തിലാണ് നടപടികൾ റദ്ദാക്കുന്നതിനായി ഒത്തുതീർപ്പിന്റെ അടിസ്ഥാന ത്തിൽ ക്രിമിനൽ നടപടി നിയമ സംഹിതയുടെ 482-ാം വകുപ്പ് പ്രകാരം മുകളിലുള്ള ക്രിമിനൽ എം. സി. കൾ ഫയൽ ചെയ്തിട്ടുള്ളത്. Cr.MC. കൾക്കൊപ്പം രണ്ടാം എതിർ കക്ഷി സത്യം ചെയ്ത സത്യവാങ്മൂലങ്ങൾ അനുബന്ധം A2-ആയി ഹാജരാക്കിയിട്ടുണ്ട്. അഭിഭാഷകൻ സാക്ഷ്യപ്പെടുത്തിയ പ്രസ്തുത സത്യവാങ്മൂലത്തിൽ അവളും ഹർജിക്കാരും തമ്മിലുള്ള എല്ലാ തർക്കവും കോടതിക്ക് പുറത്ത് വച്ച് ബന്ധുക്കളു ടേയും അഭിഭാഷകരുടെയും മധ്യസ്ഥരുടെയും സാന്നിധ്യത്തിൽ സൗഹാർദ്ദപരമായും സ്വമേധയായും പരിഹരിച്ചതാണെന്നും ഹർജിക്കാർക്ക് എതിരെയുള്ള രണ്ടു കേസുകളും റദ്ദാക്കുന്നതിന് അവൾക്ക് എതിർപ്പില്ലെന്നും വ്യക്തമായി പ്രസ്താവി ച്ചിട്ടുണ്ട്.

8. മേൽപറഞ്ഞ ക്രിമിനൽ എം. സി. കൾ നിലനിൽക്കുന്നതിനിടയിൽ രണ്ടാം എതിർ കക്ഷി, അവളുടെ അറിവോ സമ്മതമോ കൂടാതെയാണ് ഒരു അഭിഭാഷകൻ അവൾക്ക് വേണ്ടി വക്കാലത്ത് ഫയൽ ചെയ്തിട്ടുള്ളത് എന്ന് കാണിച്ച് കേരള ഹൈക്കോടതി രജിസ്ട്രാർക്ക് ഒരു കത്തയച്ചു. അവളുടെ അഭിപ്രായത്തിൽ കേസുകൾ ഒത്തുതീർപ്പാ ക്കാൻ അവൾ ആഗ്രഹിക്കുന്നില്ല. അതിനുശേഷം, രണ്ടാം എതിർകക്ഷിക്കു വേണ്ടി മറ്റൊരു അഭിഭാഷകൻ ഹാജരായി.

9. ഹർജിക്കാർക്ക് വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ ശ്രീ.പി.വിജയ ഭാനുവിനെയും രണ്ടാം എതിർകക്ഷിക്കുവേണ്ടി ഹാജരായ അഭിഭാഷകൻ ശ്രീ. എ. ബി. മോഹനകുമാറിനെയും ഇരുകേസുകളിലെയും പബ്ലിക് പ്രോസിക്യൂട്ടറായ ശ്രീ. സംഗീതരാജിനെയും ഞാൻ കേട്ടിട്ടുണ്ട്.

10. മുതിർന്ന അഭിഭാഷകനായ ശ്രീ. വിജയഭാനു ബോധിപ്പിച്ചത് പ്രകാരം മുഴുവൻ തർക്കങ്ങളും കക്ഷികൾ തമ്മിൽ ഒരു കരാർ നടപ്പിലാക്കിക്കൊണ്ട് ഒത്തുതീർപ്പാക്കി

യിട്ടുണ്ട്, ആയതാണ് അനുബന്ധം A3 ആയി ഹാജരാക്കിയിട്ടുള്ളത്. ഒത്തുതീർപ്പിന്റെ ഭാഗമായി ഹർജിക്കാർ രണ്ടാം എതിർകക്ഷിക്ക് 12,00,000/- നൽകിയതായി അഭിഭാഷകൻ ബോധിപ്പിച്ചു. അതിനുശേഷം രണ്ടാം എതിർകക്ഷി 3,00,000/- കൂടുതലായി ആവശ്യപ്പെട്ടതായും അനുബന്ധം A4, A5 എന്നിവ പ്രകാരം അതും നൽകിയതായും വ്യക്തമാകുന്നതാണെന്നുംകൂടി അഭിഭാഷകൻ ബോധിപ്പിച്ചു. മൊത്തം തുകയും സ്വീകരിച്ച ശേഷം എതിർകക്ഷി ഒത്തുതീർപ്പിൽ നിന്ന് വഴുതിമാറുകയാണെന്നും ആയത് നിയമപ്രകാരം അനുവദനീയമല്ലെന്നും അഭിഭാഷകൻ ബോധിപ്പിച്ചു. മറുവശത്ത്, തർക്കം പൂർണ്ണമായി ഒത്തുതീർപ്പായിട്ടില്ലെന്നും കുറച്ചുകൂടി തുക ഇനിയും നൽകാനുണ്ടെന്നും രണ്ടാം എതിർകക്ഷിയുടെ അഭിഭാഷകൻ ശ്രീ. മോഹനകുമാർ ബോധിപ്പിച്ചു. രണ്ടാം എതിർകക്ഷി അനുബന്ധം A2 സത്യവാങ്മൂലത്തിൽ പ്രതിജ്ഞ ചെയ്തിട്ടില്ലെന്നും അതിലെ ഒപ്പ് വ്യാജമായുണ്ടാക്കിയതാണെന്നും കൂടി അഭിഭാഷകൻ ബോധിപ്പിച്ചു.

11. ഒന്നാം ഹർജിക്കാരനും രണ്ടാം എതിർകക്ഷിയും തമ്മിലുണ്ടാക്കിയ ഉടമ്പടിയാണ് അനുബന്ധം A3. അനുബന്ധം A2-വിലെ ഒപ്പിൽ രണ്ടാം എതിർകക്ഷിക്ക് തർക്കമുണ്ടെന്നിരിക്കിലും അനുബന്ധം A3 ഉടമ്പടിയിലെ അവളുടെ ഒപ്പിൽ അവൾക്ക് തർക്കമില്ല. വാസ്തവത്തിൽ അനുബന്ധം A3 ഉടമ്പടിയിൽ തർക്കമൊന്നുമേ ഇല്ലാത്തതാണ്. ഹർജിക്കാരും രണ്ടാം എതിർകക്ഷിയും തമ്മിലുള്ള മുഴുവൻ തർക്കവും ഒത്തുതീർപ്പായെന്നും മുകളിൽ സൂചിപ്പിച്ച രണ്ടു ക്രിമിനൽ കേസുകളും പിൻവലിക്കാൻ രണ്ടാം എതിർകക്ഷി സമ്മതിച്ചിട്ടുണ്ടെന്നും അനുബന്ധം A3 വായിച്ചാൽ വ്യക്തമാകുന്നതാണ്. ഒത്തുതീർപ്പിലെ വ്യവസ്ഥകൾ പ്രകാരം, ഹർജിക്കാർ രണ്ടാം എതിർകക്ഷിക്ക് 12,00,000/- നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. യഥാർത്ഥ പരാതിക്കാരിയേയും ഹർജിക്കാരെയും പ്രതിനിധീകരിക്കുന്ന അഭിഭാഷകർ തമ്മിൽ കീഴ്കോടതിയിൽ നടപ്പിലാക്കിയ മറ്റൊരു കരാറാണ് അനുബന്ധം A4. പ്രസ്തുത ഉടമ്പടിയും രണ്ടാം എതിർകക്ഷി ചോദ്യം ചെയ്തിട്ടില്ല. പ്രസ്തുത കരാറിലെ വിവരണവും അതുപോലെതന്നെ രണ്ടാം എതിർകക്ഷി പോലീസിന് നൽകിയ പ്രസ്താവനയും അനുബന്ധം A3 ഉടമ്പടിയിൽ സൂചിപ്പിച്ചിരിക്കുന്ന 12,00,000/- രണ്ടാം എതിർകക്ഷിക്ക് ലഭിച്ചതായി കാണിക്കുന്നുണ്ട്. അനുബന്ധം A4 ഉടമ്പടിയിൽ, രണ്ടാം എതിർകക്ഷി 3,50,000/- അധിക തുക കൂടി ആവശ്യപ്പെട്ടതായി പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത തുക രണ്ടാം എതിർകക്ഷിയുടെ അഭിഭാഷകന് നൽകാമെന്നാണ് സമ്മതിച്ചിരുന്നത്. രണ്ടാം എതിർകക്ഷി അവളുടെ അഭിഭാഷകനിൽ നിന്നും പ്രസ്തുത 3,00,000/- സ്വീകരിച്ചു എന്ന് അനുബന്ധം A5 വെളിപ്പെടുത്തുന്നുണ്ട്. അനുബന്ധം A5-ലെ ഒപ്പും രണ്ടാം എതിർകക്ഷിക്ക് തർക്കമില്ലാത്തതാണ്. രണ്ടാം എതിർകക്ഷി പോലീസിന് നൽകിയ പ്രസ്താവനയുടെ അസ്സൽ പബ്ലിക് പ്രോസിക്യൂട്ടർ എനിക്ക് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രസ്താവനയിൽ രണ്ടാം എതിർകക്ഷിയുടെ ഒപ്പ് അടങ്ങിയിരിക്കുന്നു. പ്രസ്തുത ഒപ്പും അവൾ ചോദ്യം ചെയ്തിട്ടില്ല. പ്രസ്തുത പ്രസ്താവനയിൽ മൊത്തം തർക്കവും പരിഹരിച്ചുവെന്നും രണ്ട് കേസുകളുമായി (CC No.191/2018 -ഉം CC No.1620/2015) മുന്നോട്ടുപോകുവാൻ അവൾ ആഗ്രഹിക്കുന്നില്ല എന്നും നടപടികൾ റദ്ദാക്കുന്നതിൽ അവൾക്ക് എതിർപ്പില്ലെന്നും അവൾ നിരുപാധികം സമ്മതിച്ചിട്ടുണ്ട്. അതിനുശേഷം അവൾ ഒത്തുതീർപ്പിൽനിന്നും പിൻമാറി. അനുബന്ധം A2 സത്യവാങ്മൂലത്തിലും, അനുബന്ധങ്ങൾ A3 മുതൽ A5 വരെയുള്ള രേഖകളിലും, രണ്ടാം എതിർകക്ഷി പോലീസ് മുമ്പാകെ നൽകിയിട്ടുള്ള പ്രസ്താവനയിലുമുള്ള രണ്ടാം എതിർകക്ഷിയുടെ ഒപ്പ്, കോടതി നടപടികളിൽ

ലഭ്യമാക്കിയിട്ടുള്ള രണ്ടാം എതിർകക്ഷിയുടെ അംഗീകരിക്കപ്പെട്ട ഒപ്പുമായി ഞാൻ ഒത്തുനോക്കിയിട്ടുണ്ട്. എല്ലാ ഒപ്പുകളും ഒന്നുതന്നെയാണ്. അതിനാൽ തർക്കം ഒത്തുതീർപ്പാക്കാനുള്ള കരാറിൽ ഏർപ്പെട്ടശേഷം ന്യായമായ കാരണങ്ങളൊന്നു മില്ലാതെ രണ്ടാം എതിർകക്ഷി ഒത്തു തീർപ്പിൽനിന്നും വഴുതിമാറിയെന്നത് വ്യക്തമാണ്. രണ്ടാം എതിർകക്ഷിക്ക് അംഗീകരിക്കാനും ഒപ്പം അധിക്ഷേപിക്കാനും സാധ്യമല്ലാ ത്തതാണ്. ഒത്തുതീർപ്പിന്റെ എല്ലാ ആനുകൂല്യങ്ങളും അവൾ നേടിയെന്നതും ആ ആനുകൂല്യം നേടിയതിനുശേഷം, പ്രാബല്യത്തിൽ വന്ന ഒത്തുതീർപ്പിൽ നിന്നും അവൾക്ക് ഏകപക്ഷീയമായി പിൻമാറാൻ കഴിയില്ല എന്നതും ഒരു വസ്തുതയാണ്.

12. ഒന്നാം ഹർജികക്ഷിയും രണ്ടാം എതിർകക്ഷിയും തമ്മിൽ 26-02-2016 തീയതിയിൽ ഉണ്ടാക്കിയ ഒരു കരാർ രണ്ടാം എതിർകക്ഷി ഹാജരാക്കിയിട്ടുണ്ട്. പ്രസ്തുത കരാറിലെ വ്യവസ്ഥ കാണിക്കുന്നത് പ്രകാരം കേസുകൾ ഒത്തുതീർപ്പാക്കുന്നതിനായി 35,00,000/-ആകെ തുകയായി നൽകാമെന്ന് ഹർജിക്കാർ സമ്മതിച്ചിട്ടുണ്ടെന്നും ഹർജിക്കാർ അതിൽ 15,00,000/- മാത്രമാണ് നൽകിയതെന്നുമാണ് പ്രസ്തുത കരാറിനെ ആശ്രയിച്ച് രണ്ടാം എതിർകക്ഷിയുടെ അഭിഭാഷകൻ ബോധിപ്പിച്ചത്. പ്രസ്തുത കരാർ 2016 വർഷത്തേതാണ്. അതിനുശേഷമാണ് അനുബന്ധങ്ങളായ A3, A4 കരാറുകൾ ഉണ്ടാക്കിയത്. അതിനാൽ ആ കരാറുകൾ 26.02.2016-ലെ കരാറിനെ അസ്ഥിരപ്പെടുത്തുന്നു. മുകളിൽ ചർച്ച ചെയ്തതുപോലെ അനുബന്ധങ്ങളായ A3, A4 എന്നീ ഉടമ്പടികളിൽ നൽകാമെന്ന് സമ്മതിച്ചിട്ടുള്ള മുഴുവൻ തുകയും നൽകിയിട്ടുണ്ട്. അതിനാൽ രണ്ടാം എതിർകക്ഷിയുടെ അഭിഭാഷകന്റെ പ്രസ്തുത വാദത്തിന് അടിസ്ഥാനമില്ല.

ഒരു വിവാഹമോചന ഹർജിയിൽ പരമോന്നതകോടതി തീർപ്പുകൽപ്പിച്ച ഒരു കേസിൽ [Ruchi Agarwal V. Amit Kumar Agarwal and others MANU/SC/0962/2004: (2005) 3 SCC 299] ഭർത്താവും ഭാര്യയും വിവാഹമോചനത്തിനുള്ള സമ്മതഉത്തരവിനായി (consent decree) ഇരുവരും യോജിച്ച് ഒരു ഒത്തുതീർപ്പിൽ ഏർപ്പെട്ടു. പരസ്പരം നൽകിയിട്ടുള്ള എല്ലാ ക്രിമിനൽ, സിവിൽ പരാതികളും പിൻവലിക്കാനും സമ്മതിച്ചിരുന്നു. അതിനുശേഷം, ഹിന്ദു വിവാഹനിയമത്തിലെ 13B വകുപ്പനുസരിച്ച് ഉഭയകക്ഷി സമ്മതപ്രകാരം വിവാഹം വേർപെടുത്തിക്കൊണ്ട് കുടുംബകോടതി വിവാഹമോചന ഉത്തരവ് അനുവദിച്ചു. എന്നിരുന്നാലും ഭർത്താവിനെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 498A, 323, 506 വകുപ്പുകൾ പ്രകാരം നിലനിന്നിരുന്ന ക്രിമിനൽനടപടികൾ പിൻവലിക്കാൻ ഭാര്യ യാതൊരു നടപടിയും സ്വീകരിച്ചില്ല. ഈ സാഹചര്യത്തിലാണ് നടപടി റദ്ദാക്കണമെന്നാവശ്യപ്പെട്ട് ഭർത്താവ് ഹൈക്കോടതിയെ സമീപിച്ചത്. കക്ഷികൾ ഒത്തുതീർപ്പിൽ ഏർപ്പെടുമ്പോൾ സമ്മതിച്ചിരുന്ന വിഷയമായിരുന്നതിനാൽ പരമോന്നതകോടതി നടപടികൾ റദ്ദാക്കി. പ്രസ്തുത കേസിലെ പ്രമാണവാക്യം ഈ കേസിലെ വസ്തുതകളിന്മേലും ന്യായമായും ബാധകമാകുന്നു. മുഴുവൻ വസ്തുതകളും സാഹചര്യങ്ങളും പരിഗണിക്കുമ്പോൾ, ഹർജിക്കാർക്കെതിരെ നിലനിൽക്കുന്ന ക്രിമിനൽ നടപടികൾ തുടരുന്നത് കോടതി നടപടികളുടെ ദുർവിനിയോഗമാകും എന്നാണ് എന്റെ കാഴ്ചപ്പാട്. അക്കാരണത്താൽ തിരുവനന്തപുരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലെ ഫയലുകളിലെ സി.സി. നമ്പരുകൾ 191/2018, 1620/2015 എന്നിവയിലുള്ള എല്ലാ തുടർനടപടികളും ഇതിനാൽ റദ്ദാക്കുന്നു. ക്രിമിനൽ എം.സികൾ അനുവദിച്ചിരിക്കുന്നു.

## ബഹു. കേരളഹൈക്കോടതി മുമ്പാകെ

### ബഹു. ജസ്റ്റിസ് അനുശിവരാമൻ

### എൻ ബി പ്രസാദ്
### V.
### വൈക്കം മുനിസിപ്പാലിറ്റിയും മറ്റുള്ളവരും

WP(C) NO.11099/2022
(2022 മേയ് 20-ന് വിധിപ്രസ്താവിച്ചത്)

**വിധിയുടെ പ്രസക്തഭാഗങ്ങൾ**

2019-ലെ മുൻസിപ്പാലിറ്റി കെട്ടിടചട്ടങ്ങൾ, ചട്ടം 20(3)-ഒക്യുപൻസി (താമസാവകാശ) സർട്ടിഫിക്കറ്റ്-2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട ചട്ടങ്ങളിലെ ചട്ടം 20(3)-ൽ നിഷ്കർഷിച്ചിട്ടുള്ള 15 ദിവസത്തെ നിയമപരമായ കാലയളവിനുള്ളിൽ ന്യൂനതകൾ സംബന്ധിച്ച അറിയിപ്പ് ഹർജിക്കാരനെ അറിയിച്ചിട്ടില്ലാത്തതിനാൽ കൽപ്പിത താമസാനുമതി (ഡീംഡ് ഒക്യുപൻസി) സർട്ടിഫിക്കറ്റിന് ഹർജിക്കാരന് അർഹതയുണ്ട്.

### വിധിന്യായം
### ജസ്റ്റിസ് അനുശിവരാമൻ

1. താഴെപറയുന്ന നിവൃത്തികൾ ആവശ്യപ്പെട്ടുകൊണ്ടാണ് ഈ റിട്ട് ഹർജി ഫയൽ ചെയ്തിരിക്കുന്നത്.

(i) എക്സിബിറ്റ് P5, P6 എന്നിവയിലേക്ക് നയിച്ച രേഖകൾ വിളിച്ചുവരുത്തുകയും സെർഷ്യോററിയോ (certiorari) മറ്റേതെങ്കിലും ഉചിതമായ റിട്ടോ നിർദ്ദേശമോ പുറപ്പെടുവിച്ച് ആയത് റദ്ദാക്കുകയും ചെയ്യുക;

(ii) ഹർജിക്കാരൻ നിർമ്മിച്ച കെട്ടിടത്തിന് എക്സിബിറ്റ്-P1 ബിൽഡിംഗ് പെർമിറ്റ് (കെട്ടിട അനുമതി) പ്രകാരം സ്ഥിരനമ്പർ അനുവദിക്കുവാൻ രണ്ടാം എതിർകക്ഷിയോട് നിർദ്ദേശിച്ചുകൊണ്ട് ഒരു മാൻഡമസ് (Mandamus)റിട്ട് പുറപ്പെടുവിക്കുക.

2. ഹർജിക്കാരന് വേണ്ടിയുള്ള അഭിഭാഷകനെയും എതിർകക്ഷികൾക്ക് വേണ്ടി ഹാജരായ സ്റ്റാൻഡിംഗ് അഭിഭാഷകനെയും കേട്ടു.

3. ഹർജിക്കാരന് 18.02.2021-ൽ കെട്ടിട അനുമതി നൽകിയതിനെതുടർന്ന് അദ്ദേഹം കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും 28.10.2021-ന് ഒക്യുപൻസി (താമസാവകാശ) സർട്ടിഫിക്കറ്റിനായി അപേക്ഷിക്കുകയും ചെയ്തു എന്ന് ഹർജിക്കാരന് വേണ്ടിയുള്ള അഭിഭാഷകൻ സമർപ്പിച്ചു. 15 ദിവസങ്ങൾ കഴിഞ്ഞിട്ടും ഹർജിക്കാരനെ ന്യൂനതകളൊന്നും അറിയിച്ചിട്ടില്ലാത്തതിനാൽ കൽപ്പിത

താമസാനുമതി (ഡീംഡ് ഒക്യുപൻസി) സർട്ടിഫിക്കറ്റിന് ഹർജിക്കാരന് അർഹതയുണ്ടെന്ന് വാദിച്ചു. അതിനുശേഷം ഹർജിക്കാരൻ വീണ്ടും എതിർകക്ഷികളെ സമീപിച്ചതിനെതുടർന്ന് ഹർജിക്കാരനെ ചില ന്യൂനതകൾ അറിയിച്ചിട്ടുണ്ടെന്നും അതിനാൽ ഒക്യുപൻസി സർട്ടിഫിക്കറ്റിനായുള്ള അദ്ദേഹത്തിന്റെ അപേക്ഷ പരിഗണിക്കാൻ കഴിയില്ലെന്നും പ്രസ്താവിച്ച് 16.03.2022-ൽ എക്സിബിറ്റ് P5 അറിയിപ്പ് പുറപ്പെടുവിച്ചു. 28.10.2021-ന് ഹർജിക്കാരൻ ഒക്യുപൻസി സർട്ടിഫിക്കറ്റിനുള്ള അപേക്ഷ സമർപ്പിച്ചതായി എക്സിബിറ്റ്-P5 ന്റെ ഒറ്റ വായനയിൽ തന്നെ കാണാനാകുമെന്ന് ഹർജിക്കാരനുവേണ്ടിയുള്ള അഭിഭാഷകൻ ബോധിപ്പിക്കുന്നു. എക്സിബിറ്റ് P5-ലെ പരാമർശം (3)-ന് തീയതി പറഞ്ഞിട്ടില്ലെന്നും ആയതിനാൽ തന്നെ നിയമപരമായ കാലയളവായ 15 ദിവസത്തിനുള്ളിൽ ആയത് നൽകിയിട്ടില്ല എന്നും അത് വിശ്വസിക്കാൻ കഴിയില്ലെന്നും തുടർന്ന് പ്രസ്താവിച്ചു.

4. ഒക്യുപൻസി സർട്ടിഫിക്കറ്റിനായുള്ള അപേക്ഷ 28.10.2021-ന് ഹർജിക്കാരനിൽ നിന്നും ലഭിച്ചിട്ടുണ്ടെന്നും സ്ഥലപരിശോധന നടത്തിയതിനെ ആസ്പദമാക്കി ഒരു റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെന്നും എതിർകക്ഷികൾക്കുവേണ്ടി ഹാജരായ അഭിഭാഷകൻ ബോധിപ്പിക്കുന്നു. ന്യൂനതകൾ പരിഹരിക്കുന്നതിനായി ഹർജിക്കാരന് 06.01.2022-ൽ അറിയിപ്പ് നൽകിയതായി ബോധിപ്പിച്ചു. ഹർജിക്കാരൻ നടത്തിയ നിർമ്മാണത്തിൽ അപാകതകൾ ഉണ്ടെന്നും അതിനാൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിക്കാൻ കഴിയില്ലെന്നും വാദിച്ചു.

5. ഇരുവശത്തെയും അഭിഭാഷകരെ കേട്ടതിൽ, 28.10.2021-ലെ ഒക്യുപൻസി സർട്ടിഫിക്കറ്റിനായുള്ള അപേക്ഷ എതിർകക്ഷികൾ തർക്കിച്ചിട്ടില്ല എന്ന് ഞാൻ ശ്രദ്ധിക്കുന്നു. കൂടാതെ 2019-ലെ കേരള മുൻസിപ്പാലിറ്റി കെട്ടിട ചട്ടങ്ങളിലെ ചട്ടം 20(3)-ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം നിയമപരമായ 15 ദിവസകാലയളവിനുള്ളിൽ ന്യൂനതകൾ സംബന്ധിച്ച് നോട്ടീസ് ഹർജിക്കാരനെ അറിയിച്ചിട്ടില്ല എന്ന് കൂടി വ്യക്തമാകുന്നു. മുകളിലത്തെ വിഷയങ്ങൾ നിരീക്ഷിക്കുമ്പോൾ, ഹർജിക്കാരന് കൽപിത താമസാനുമതി സർട്ടിഫിക്കറ്റ് (ഡീംഡ് ഒക്യുപൻസി സർട്ടിഫിക്കറ്റ്) അർഹതയുണ്ടെന്നാണ് എന്റെ അഭിപ്രായം. എക്സിബിറ്റ് P5-ൽ രേഖപ്പെടുത്തിയിട്ടുള്ള ന്യൂനതകൾ കെട്ടിടം റോഡിൽ നിന്നും ആവശ്യമായ അകലം പാലിക്കുന്നില്ല എന്നതിന്റെ ഫലമായുണ്ടായതാണ്. ഹർജിക്കാരൻ നടത്തിയ നിർമ്മാണത്തിലാണോ അതോ കെട്ടിടാനുമതി (ബിൽഡിംഗ് പെർമിറ്റ്) നൽകിയതിലാണോ അപാകതയെന്ന് ഹാജരാക്കിയ പ്രമാണം (എക്സിബിറ്റ് ) P5-ൽ നിന്ന് വ്യക്തമല്ല.

6. മേൽപറഞ്ഞ സാഹചര്യങ്ങളിൽ, ഹർജിക്കാരന് ഒക്യുപൻസി സർട്ടിഫിക്കറ്റിന് അർഹതയില്ലെന്ന് വാദിക്കാൻ 06.10.2022 തീയതിയിലെ അറിയിപ്പിനെയോ എക്സിബിറ്റ് P5 നെയോ എതിർകക്ഷികൾക്ക് ആശ്രയിക്കാൻ കഴിയില്ലെന്നാണ് എന്റെ അഭിപ്രായം. അതിനാൽ എക്സിബിറ്റ് P5 റദ്ദാക്കുന്നു. ഈ വിധിയുടെ പകർപ്പ് ലഭിച്ച തീയതി മുതൽ മൂന്നാഴ്ചക്കുള്ളിൽ, 2019-ലെ കേരള മുൻസിപ്പാലിറ്റി കെട്ടിട ചട്ടങ്ങളിലെ ചട്ടം 20(3) പ്രകാരം ഹർജിക്കാരന് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകാൻ എതിർകക്ഷികൾക്ക് നിർദ്ദേശമുണ്ടായിരിക്കുന്നതാണ്.

അതിൻപ്രകാരം റിട്ട് ഹർജി ഉത്തരവാകുന്നു.



# സുപ്രീംകോടതി വിധി - സംക്ഷിപ്തം

## ബഹു. സുപ്രീംകോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് എസ്. രവീന്ദ്രഭട്ട്**
**ബഹു. ജസ്റ്റിസ് സുധാംശു ധൂലിയ**

**രാജസ്ഥാൻ സംസ്ഥാനവും മറ്റുള്ളവരും**
**V.**
**ഫൂൽസിംഗ്**

(എസ്. എൽ. പി. നമ്പർ 11195/2021-ൽ നിന്നും ഉത്ഭവിച്ചത്)

(2022 സെപ്റ്റംബർ 2-ന് വിധി പുറപ്പെടുവിച്ചത്)

**വിധിയുടെ പ്രസക്തഭാഗങ്ങൾ**

അച്ചടക്ക നടപടി-ക്രിമിനൽ നടപടിയും വകുപ്പുതല നടപടിയും തികച്ചും വ്യത്യസ്തമാണ്. ക്രിമിനൽ വിചാരണയിൽ ഒരാളെ കുറ്റവിമുക്തനാക്കി എന്നതുകൊണ്ടുമാത്രം, വകുപ്പുതല നടപടിയിൽ കുറ്റക്കാരനെന്ന് കണ്ടെത്തിയ ആളെ സർവ്വീസിൽ തിരിച്ചെടുക്കുന്നതിന് തക്കതായ കാരണമാകുന്നില്ല. പൂർണ്ണമായ കുറ്റവിമുക്തിയാലല്ലാതെ, (honourable acquittal) സംശയത്തിന്റെ ആനുകൂല്യത്തിൽ (benefit of doubt) നൽകപ്പെടുന്ന കുറ്റവിമുക്തിയാൽ ഒരാളെ സർവ്വീസിൽ തിരിച്ചെടുക്കാൻ കഴിയില്ല.

രാജസ്ഥാൻ പോലീസ് സർവ്വീസിൽ കോൺസ്റ്റബിളായി 1987-ൽ ജോലിയിൽ പ്രവേശിച്ച ആളാണ് പ്രതിയായ ഫൂൽസിംഗ്. അതേ വർഷം തന്നെ ധോൽപ്പൂർ ജില്ലയിലെ മനിയ പോലീസ് സ്റ്റേഷനിൽ ജോലിയിലിരിക്കെ കടുത്ത അച്ചടക്ക ലംഘനപ്രവൃത്തി കൂടാതെ ഒരു ക്രിമിനൽ കുറ്റം ചെയ്തതായി ആരോപിക്കപ്പെട്ടു. 15.10.1987 വൈകുന്നേരം ഡ്യൂട്ടിയിലല്ലാതിരിക്കെ പ്രതി, പോലീസ് യൂണിഫോമിൽ ലോക്മാൻ എന്നൊരാളിനോടൊപ്പം നഗരത്തിൽ ചുറ്റിക്കറങ്ങി മോട്ടോർ സൈക്കിൾ സഞ്ചാരിയായ മഹേഷ്കുമാറിനെ തടഞ്ഞു നിർത്തി 100 രൂപ ആവശ്യപ്പെട്ടതായാണ് ആരോപണം. ടി തുക ലഭിക്കാതെ വന്നപ്പോൾ പ്രതി, മഹേഷ് കുമാറിനോട് മോട്ടോർ സൈക്കിളിന്റെ രേഖകൾ ആവശ്യപ്പെടുകയും അവ കിട്ടാതെ വന്നപ്പോൾ പ്രസ്തുത മോട്ടോർ സൈക്കിൾ പിടിച്ചുവയ്ക്കുകയും പിന്നീടതുമായി കടന്നുകളയാൻ ശ്രമിക്കുകയും ചെയ്തു. എന്നാൽ ചുറ്റുംകൂടിയ ജനക്കൂട്ടത്തിന്റെ വികാരം മഹേഷ്കുമാറിന് അനുകൂലമായിരുന്നു. ഈ ഘട്ടത്തിൽ ഫൂൽസിംഗ് ജനക്കൂട്ടത്തിന് നേരെ തോക്ക് ഉയർത്തിയതായി ആരോപിക്കപ്പെടുന്നു. ജനക്കൂട്ടം അവനെ പിൻതുടരുകയും, ഫൂൽസിംഗ് അടുത്തുള്ള സ്വന്തം വീട്ടിലേക്ക് ഓടിക്കയറുകയും

ചെയ്തു. വീട്ടിനുള്ളിൽ വച്ച് ഫുൽസിംഗ് തോക്കിൽ നിന്ന് വെടിയുതിർക്കുകയും കുടുംബാംഗങ്ങൾക്ക് പരിക്കേൽക്കുകയും സ്വത്തുവകകൾക്ക് നാശമുണ്ടാക്കുകയും ചെയ്തു. ഈ സംഭവത്തിൽ ഫൂൽസിംഗിനെതിരെ എഫ്. ഐ. ആർ രജിസ്റ്റർ ചെയ്യപ്പെടുകയും അന്വേഷണത്തെ തുടർന്ന് ചാർജ് ഷീറ്റ് ഫയൽ ചെയ്യുകയും ഇന്ത്യൻ ശിക്ഷാനിയമത്തിലെ 392-ാം വകുപ്പും ആയുധ നിയമത്തിലെ 3/25 വകുപ്പു പ്രകാരവും കേസെടുക്കുകയും ചെയ്തു. വിചാരണ കോടതി ഫൂൽസിംഗിന് ഒരു വർഷത്തെ കഠിന തടവിനും പിഴ ശിക്ഷയും വിധിക്കുകയും സഹകുറ്റവാളിയായ ലോക്മാനെ വെറുതെ വിടുകയും ചെയ്തു. ടി വിധിക്കെതിരെ ഫൂൽസിംഗ് ധോൽപ്പൂർ സെഷൻസ് കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുകയും, അപ്പീൽ അനുവദിക്ക പ്പെടുകയും വിചാരണകോടതി പ്രതിക്ക് "സംശയത്തിന്റെ ആനുകൂല്യം" നൽകി വിധി റദ്ദാക്കുകയും ചെയ്തു.

അതിനിടെ പോലീസ് കോൺസ്റ്റബിളായ പ്രതിക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി ആരംഭിക്കപ്പെടുകയും അയാൾക്കെതിരായ കുറ്റങ്ങൾ വകുപ്പുതല നടപടിയിൽ തെളിയിക്കപ്പെടുകയും 1989-ൽ ടിയാളെ സർവ്വീസിൽ നിന്ന് നീക്കുകയും ചെയ്തു. അച്ചടക്ക അധികാരിയുടെ ഈ നടപടിക്കെതിരെ ഫൂൽസിംഗ് അപ്പീൽ നൽകിയെങ്കിലും അപ്പീൽ അധികാരി ടി അപ്പീൽ തള്ളി. ഇതിനെതിരെ ഫൂൽസിംഗിന്റെ റിവ്യൂ ഹർജി 1994-ൽ റിവ്യൂ അധികാരിയും തള്ളി ഉത്തരവായി.

ക്രിമിനൽ കേസിൽ സെഷൻസ് കോടതി വെറുതെ വിട്ടതിനെ തുടർന്ന് ഫൂൽസിംഗ് തന്നെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കണമെന്നാവശ്യപ്പെട്ട് അധികാരികൾക്ക് ഹർജി നൽകിയെങ്കിലും ആയത് നിരസിക്കപ്പെട്ട സാഹചര്യത്തിൽ 1998-ൽ രാജസ്ഥാൻ ഹൈക്കോടതി മുമ്പാകെ റിട്ട് ഹർജി ഫയൽ ചെയ്തു. സിംഗിൾ ജഡ്ജി റിട്ട് പെറ്റീഷൻ അനുവദിക്കുകയും ഫൂൽസിംഗിനെ പിരിച്ചുവിട്ട നടപടി റദ്ദാക്കുകയും 50 ശതമാനം കുടിശ്ശിക ശമ്പളത്തോടെ സർവ്വീസിൽ തിരിച്ചെടുക്കാൻ ഉത്തരവിടുകയും ചെയ്തു. ടി വിധിക്കെതിരെ രാജസ്ഥാൻ സംസ്ഥാനം ഡിവിഷൻ ബഞ്ച് മുമ്പാകെ അപ്പീൽ ഫയൽ ചെയ്തുവെങ്കിലും ടി അപ്പീൽ നിരസിക്കപ്പെട്ട സാഹചര്യത്തിലാണ് ഹൈക്കോടതി ഉത്തരവിനെതിരെ സംസ്ഥാനം സുപ്രീം കോടതിയെ സമീപിച്ചത്. അച്ചടക്കനടപടികളുടെ ഫലമായി പിരിച്ചുവിട്ട ജീവന ക്കാരന്റെ തിരിച്ചെടുക്കലുമായി ബന്ധപ്പെട്ട് ക്യാപ്റ്റൻ എം. പോൾ ആന്റണി കേസിലേതൊഴികെ, ക്രിമിനൽ നടപടികളിലെ കുറ്റവിമുക്തി മാത്രം കാരണമാക്കി, സർവ്വീസിൽ തിരികെ എടുത്ത ഏതാനും കേസുകളിൽ മാത്രമേ ഈ കോടതി ഇടപെട്ടിട്ടുള്ളൂ എന്നത് വാസ്തവമാണ്. കുറ്റവിമുക്തി ഒരു "പൂർണ്ണമായ കുറ്റ വിമുക്തി "(honorary acquittal) ആയിരുന്നതും, തികച്ചും സാങ്കേതികമോ സംശയത്തിന്റെ ആനുകൂല്യത്തിൽ നൽകപ്പെട്ട കുറ്റവിമുക്തി അല്ലാതിരുന്നതുമാണ്. അപ്രകാരമുള്ള മിക്കവാറും കേസുകളിലും കോടതി വിലമതിച്ച കാരണങ്ങൾ. അനിൽകുമാർ നാഗ് V. ജനറൽ മാനേജർ, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ (2005)7 SCC 764 കേസിൽ സുപ്രീംകോടതിയുടെ മൂന്നംഗബഞ്ച് ഇതിലെ നിയമവശം വ്യക്തമായി വിശദീകരിച്ചിട്ടുള്ളതാണ്. ക്രിമിനൽ നടപടിക്രമങ്ങളും വകുപ്പുതല

നടപടിക്രമങ്ങളും തികച്ചും വ്യത്യസ്തമാണ്. അവയുടെ ലക്ഷ്യങ്ങളും അവയുടെ പ്രവർത്തന മേഖലയും വ്യത്യസ്തമാണ്. ക്രിമിനൽ വിചാരണയുടെ ലക്ഷ്യം കുറ്റവാളികൾക്ക് ഉചിതമായ ശിക്ഷ നൽകുകയാണെങ്കിൽ, വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരെ വകുപ്പുതലത്തിൽ നേരിടുകയും സർവ്വീസ് ചട്ടങ്ങൾപ്രകാരം ശിക്ഷ വിധിക്കുകയുമാണ് വകുപ്പുതല അന്വേഷണ നടപടികൾ ചെയ്യുന്നത്. തെളിവുകളുടേയും നടപടിക്രമങ്ങളുടേയും കർശനചട്ടങ്ങൾ വകുപ്പുതല നടപടികളിൽ ബാധകമല്ല. ക്രിമിനൽ കേസിൽ കുറ്റസ്ഥാപനത്തിനുവേണ്ട തെളിവുകളുടെ തോതും, വകുപ്പുതലത്തിൽ കൃത്യവിലോപം രേഖപ്പെടുത്താനുള്ള തെളിവുകളുടെ തോതും വ്യത്യസ്തമാണ്. ക്രിമിനൽ നിയമത്തിൽ കുറ്റം തെളിയിക്കേണ്ട ഭാരം പ്രോസിക്യൂഷനുള്ളതാണ്. പ്രതിയുടെ കുറ്റം ന്യായമായും സംശയാതീതമായി തെളിയിച്ചില്ലെങ്കിൽ അയാളെ കോടതിക്ക് ശിക്ഷിക്കുവാൻ കഴിയുകയില്ല. എന്നാൽ വകുപ്പുതല നടപടിയിൽ സാധ്യതകളുടെ മുൻതൂക്കത്തെ (preponderance of probability) അടിസ്ഥാനമാക്കി രേഖപ്പെടുത്തപ്പെട്ട കണ്ടെത്തലിലൂടെ കൃത്യവിലോപം കാട്ടിയ ഉദ്യോഗസ്ഥനെ ശിക്ഷിക്കാവുന്നതാണ്.

അപ്രകാരം ഈ കേസിൽ രാജസ്ഥാൻ പോലീസിന്റെ അച്ചടക്ക അധികാരിയുടെ ഉത്തരവിൽ ഇടപെടുകയും ക്യാപ്റ്റൻ എം. പോൾ ആന്റണി കേസിലെ വിധിയെ ആശ്രയിച്ചതും വഴി രാജസ്ഥാൻ ഹൈക്കോടതിയിലെ സിംഗിൾ ജഡ്ജിക്കും ഡിവിഷൻ ബഞ്ചിനും കൃത്യമായും തെറ്റുപറ്റിയിരിക്കുകയാണ്. ഒരു 'നടപടിദൂഷ്യം' സംഭവിച്ചിട്ടുണ്ടോ എന്ന് കണ്ടെത്താൻ ഏറ്റവും നന്നായി സജ്ജീകരിക്കപ്പെട്ടിരിക്കുന്ന സംവിധാനമുള്ളത് അച്ചടക്ക അധികാരിക്കാണ്. സ്വാഭാവിക നീതിന്യായ തത്വങ്ങളും ന്യായമായ നടപടിക്രമങ്ങളും പിൻതുടർന്നാണോ അപ്രകാരമുള്ള കണ്ടെത്തലിൽ എത്തിച്ചേർന്നത് എന്നതിലായിരിക്കണം ഒരു ജഡ്ജിയുടെ പ്രധാന ആശങ്ക. സ്റ്റേറ്റ് ഓഫ് രാജസ്ഥാൻ V. ഹീംസിംഗ് (2020) SCC online SC 886 എന്ന കേസിലെ സമീപകാല വിധിയിലും സുപ്രീംകോടതി ഇക്കാര്യം അടിവരയിട്ട് ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

ഈ കേസിൽ വിചാരണ കോടതി പ്രതിയെ ശിക്ഷിക്കുകയുണ്ടായി. അപ്പീൽ കോടതി "സംശയത്തിന്റെ ആനുകൂല്യം" മാത്രം നൽകിയാണ് പ്രതിയെ കുറ്റവിമുക്തനാക്കിയത്. അതിനാൽ ഈ കേസിലെ പ്രതിയുടെ കുറ്റവിമുക്തി ഒരു ''പൂർണ്ണമായ കുറ്റവിമുക്തിയല്ല" (honourable acquittal) പകരം "സംശയത്തിന്റെ ആനുകൂല്യത്തിൽ" (benefit of doubt) നൽകപ്പെട്ടതാണ് എന്ന് കാണാം. മേൽപറഞ്ഞ നിയമ കാഴ്ചപ്പാടിന്റെ വെളിച്ചത്തിൽ, ബഹുമാനപ്പെട്ട സുപ്രീംകോടതി അപ്പീൽ അനുവദിക്കുകയും രാജസ്ഥാൻ ഹൈക്കോടതിയുടെ ജെയ്പ്പൂർ ബെഞ്ചിലെ സിംഗിൾ ജഡ്ജിയുടെ 29.01.2014-ലെയും, ഡിവിഷൻ ബഞ്ചിന്റെ 09.09.2020-ലേയും ഉത്തരവുകൾ റദ്ദാക്കുകയും ചെയ്തു.

## ബഹു. സുപ്രീംകോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് ബി.ആർ ഗവായ്**
**ബഹു. ജസ്റ്റിസ് സി.ടി. രവികുമാർ**

**മൊറേഷർ യാദവ്റാവു മഹാജൻ**
**v.**
**വെങ്കടേശ് സീതാറാം ബേഡിയും മറ്റുള്ളവരും**

(സിവിൽ അപ്പീൽ നം. 5755-5756/2011)

(2022 സെപ്റ്റംബർ 27-ന് വിധിപ്രസ്താവിച്ചത്)

**വിധിയുടെ പ്രസക്തഭാഗങ്ങൾ**

ആവശ്യകകക്ഷി(നെസസ്സറി പാർട്ടി), കേസിലെ ഒരു കക്ഷിയായി ചേർക്കേണ്ട ആളാണ്. അയാളുടെ അഭാവത്തിൽ ഫലവത്തായ ഒരു വിധി പുറപ്പെടുവിക്കാൻ കോടതിക്ക് കഴിയില്ല. ഒരു ആവശ്യകകക്ഷിയെ കേസിൽ കക്ഷി ചേർക്കാത്തത്, കേസ് തന്നെ തള്ളിപ്പോകാൻ കാരണമാകുന്നതാണ്.

### വിധിന്യായം

**ജസ്റ്റിസ് ബി.ആർ ഗവായ്**

പ്രതിയുടെ വീടിന്റെ ഒരു ഭാഗം വാടകയ്ക്കെടുത്ത് സ്വകാര്യ പ്രാക്ടീസ് നടത്തി വന്ന ഒരു സർക്കാർ ഡോക്ടറാണ് കേസിലെ വാദി. പ്രതിക്ക് കാർഷികാവശ്യത്തിനും മറ്റുമായി പണം ആവശ്യമായി വന്നപ്പോൾ വാടകയ്ക്ക് നൽകിയിരിക്കുന്ന വീടിന്റെ ഭാഗവും മറ്റും 50,000/-രൂപ വില സമ്മതിച്ച് വാദിക്ക് എഴുതി നൽകാം എന്ന വ്യവസ്ഥയിൽ ഇരു കക്ഷികളും തമ്മിൽ കരാറിൽ ഏർപ്പെട്ടുവെന്നും, കരാർ തീയതിയിൽ 24,000/-രൂപയും പിന്നീട് 6,000/-രൂപയും പ്രതിക്ക് നൽകിയെന്നും, എന്നാൽ പ്രതി കരാർ വ്യവസ്ഥകൾ പാലിച്ചില്ലെന്ന് കാട്ടി പ്രത്യേക നിർവ്വഹണത്തിനായി (സ്പെസിഫിക് പെർഫോമൻസ്) ഫയൽ ചെയ്യപ്പെട്ട കേസാണിത്. വിചാരണ കോടതിയും ഒന്നാം അപ്പീൽ കോടതിയായ ജില്ലാ കോടതിയും വാദിക്ക് അനുകൂലമായി കേസ് വിധിച്ചതിനെതിരെ, പ്രതി ബോംബെ ഹൈക്കോടതിയിൽ രണ്ടാം അപ്പീൽ ഫയൽ ചെയ്തു. വീടിന്റെ ഒരു ഭാഗവും മറ്റും എഴുതി നൽകണമെന്ന വാദിയുടെ പ്രത്യേക നിർവ്വഹണ (സ്പെസിഫിക് പെർഫോമൻസ്) ആവശ്യം ഹൈക്കോടതി നിരസിച്ചുവെങ്കിലും, 30,000/-രൂപയും

അതിന്റെ 9 ശതമാനം വാർഷിക പലിശയും ചേർത്ത് വാദിക്ക് മടക്കി നൽകാൻ കോടതി, പ്രതിക്ക് നിർദ്ദേശം നൽകി. ഈ ഉത്തരവിനെതിരെ പ്രത്യേക നിർവ്വഹണത്തിനായി വാദി നൽകിയ അപ്പീലാണ് സുപ്രീം കോടതി പരിഗണിച്ചത്. വിചാരണ കോടതിമുമ്പാകെ സമർപ്പിച്ച എതിർപത്രികയിൽ താനും വാദിയും തമ്മിലുണ്ടായിരുന്നത് വ്യക്തിപരമായ പണമിടപാട് മാത്രമായിരുന്നുവെന്നും, തന്റെ ഭാര്യക്കും മക്കൾക്കും ഇതിൽ പങ്കില്ലെന്നും, വസ്തു തന്റേയും ഭാര്യയുടേയും മക്കളുടേയും കൂട്ടായ ഉടമസ്ഥതയിലുള്ളതാണെന്നും, ആവശ്യകകക്ഷികളായ (നെസസ്സറി പാർട്ടി) അവരെ കേസിൽ കക്ഷി ചേർത്തിട്ടില്ലെന്നും കേസ് തള്ളിക്കളയണമെന്നും പ്രതി ബോധിപ്പിച്ചിട്ടുണ്ടായിരുന്നു. ഇപ്രകാരം ആവശ്യകകക്ഷികളെ കേസിൽ കക്ഷി ചേർത്തിട്ടില്ലെന്ന് എതിർ പത്രികയിൽ ചൂണ്ടിക്കാട്ടിയിട്ടും പ്രതിയുടെ ഭാര്യയേയും മക്കളേയും പ്രതിപട്ടികയിൽ കൂട്ടിച്ചേർക്കാൻ വാദി തയ്യാറായിട്ടില്ലെന്ന് കോടതി നിരീക്ഷിച്ചു.


കസ്തൂരി V ഇയ്യപ്പെരുമാളും മറ്റുള്ളവരും (2005) 6 SCC 733 എന്ന കേസിൽ, ഒരാൾ കേസിലെ ആവശ്യകകക്ഷിയാണോ എന്നറിയാൻ രണ്ട് ടെസ്റ്റുകൾ തൃപ്തികരമാകണമെന്ന് സുപ്രീം കോടതി നേരത്തേ വ്യക്തമാക്കിയിട്ടുണ്ട്.

1. നടപടികളിലുൾപ്പെട്ട തർക്കവിഷയങ്ങളിൻമേൽ അങ്ങനെയുള്ള കക്ഷിക്കെതിരെ ഏതെങ്കിലും നിവൃത്തിക്കുള്ള അവകാശമുണ്ടായിരിക്കണം.

2. അങ്ങനെയുള്ള കക്ഷിയുടെ അഭാവത്തിൽ ഫലവത്തായൊരു വിധി പുറപ്പെടുവിക്കാൻ കഴിയാതെ വരണം.

ഈ കേസിൽ തർക്കവസ്തു പ്രതിയുടേയും അയാളുടെ ഭാര്യയുടേയും മൂന്ന് ആൺമക്കളുടേയും കൂട്ടായ ഉടമസ്ഥതയിലുള്ളതാണെന്ന് വാദി തന്നെ സമ്മതിച്ചിട്ടുള്ള സ്ഥിതിക്ക്, അവരുടെ അഭാവത്തിൽ ഫലപ്രദമായ ഒരു വിധിയും പുറപ്പെടുവിക്കുവാൻ കഴിയുകയില്ല. വാദിക്ക് 30,000/- രൂപയും വ്യവഹാരം ഫയൽ ചെയ്ത തീയതി മുതൽ അത് വസൂലാക്കുന്നതുവരെയുള്ള അതിന്റെ 9 ശതമാനം വാർഷിക പലിശയും ചേർത്ത് മടക്കി നൽകുവാൻ പ്രതിയോട് നിർദ്ദേശിച്ച ഹൈക്കോടതി ഉത്തരവ് സുപ്രീംകോടതി ശരിവച്ചു ഹൈക്കോടതി വിധിയിൽ യാതൊരു അപാകതയുമില്ലെന്നും അപ്പീൽ തള്ളിക്കളയുന്നതായും സുപ്രീം കോടതി വിധിച്ചു.

# ലേഖനങ്ങൾ








**സാദിഖ് എം. കെ**
സ്പെഷ്യൽ സെക്രട്ടറി (നിയമം)

# വിവരാവകാശ നിയമം

## മൂന്നാംകക്ഷി വിവരം 11-ാം വകുപ്പ്

വിവരാവകാശ നിയമത്തിലെ ഒരു പ്രധാനപ്പെട്ട വ്യവസ്ഥയാണ് 11-ാം വകുപ്പിൽ സൂചിപ്പിച്ചിട്ടുള്ള മൂന്നാംകക്ഷി വിവരം. മൂന്നാംകക്ഷി ആരാണെന്ന് വിവരാവകാശത്തിലെ 2(n) വകുപ്പ് നിർവ്വചിച്ചിട്ടുണ്ടെങ്കിലും മൂന്നാംകക്ഷി വിവരം എന്താണെന്ന് നിയമത്തിൽ നിർവ്വചിച്ചിട്ടില്ല. എന്നാൽ 11-ാം വകുപ്പിൽ മൂന്നാംകക്ഷി വിവരത്തെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. മൂന്നാംകക്ഷി എന്നാൽ 'വിവരത്തിനായി അപേക്ഷ നൽകുന്ന വ്യക്തിയല്ലാത്ത ഒരാൾ' എന്നും അതിൽ ഒരു പൊതു അധികാരസ്ഥാനം ഉൾപ്പെടുന്നുവെന്നുമാണ് നിയമത്തിലെ 2(n) വകുപ്പ് മൂന്നാംകക്ഷിക്ക് കൊടുത്തിട്ടുള്ള നിർവ്വചനം. മൂന്നാംകക്ഷി നൽകിയിട്ടുള്ളതോ അല്ലെങ്കിൽ

മൂന്നാംകക്ഷിയുമായി ബന്ധപ്പെട്ടതോ ആയതും മൂന്നാംകക്ഷി രഹസ്യമായി കരുതുന്നതുമായ വിവരമാണ് മൂന്നാംകക്ഷി വിവരം എന്ന് 11-ാം വകുപ്പിൽ നിന്നും വ്യക്തമാകുന്നതാണ്.

ഒരു പൊതു അധികാരസ്ഥാനത്തിലോ (Public Authority) അതിന്റെ നിയന്ത്രണത്തിൽ ഉള്ള മറ്റേതെങ്കിലും പൊതു അധികാരസ്ഥാനത്തിലോ ലഭ്യമായിട്ടുള്ള വിവരങ്ങൾ പൗരന്മാർക്ക് ലഭ്യമാക്കുക വഴി ഓരോ പൊതു അധികാരസ്ഥാനത്തിന്റെയും പ്രവർത്തനങ്ങളിൽ സുതാര്യതയും ഉത്തരവാദിത്വവും വർദ്ധിപ്പിക്കുക എന്നുള്ളതാണ് 2005-ലെ വിവരാവകാശ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യം. അപ്രകാരം ഒരു പൊതു അധികാരസ്ഥാനത്തുനിന്നും വിവരങ്ങൾ ലഭിക്കുവാൻ ആവശ്യമുള്ള വിവരങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കിക്കൊണ്ട് ബന്ധപ്പെട്ട അധികാരസ്ഥാനത്തിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് ഒരപേക്ഷ നൽകേണ്ടതുണ്ട്. അപ്രകാരം അപേക്ഷ ലഭിക്കുമ്പോൾ ബന്ധപ്പെട്ട സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അപേക്ഷകൻ ആവശ്യപ്പെട്ട വിവരം വിവരാവകാശ നിയമത്തിലെ വകുപ്പ് 8-ലോ 9-ലോ 11-ലോ പെടാത്ത വിവരങ്ങളാണെന്നും ഇതിൽ പൊതുതാല്പര്യമില്ല എന്നും ഉറപ്പു വരുത്തേണ്ടതാണ്.

ഏതെങ്കിലും പ്രധാനപ്പെട്ട രേഖകൾ ഒരു ഓഫീസിൽ സമർപ്പിക്കുമ്പോൾ ആയത് രഹസ്യമാക്കിവയ്ക്കണമെന്ന് പൗരന് ആവശ്യപ്പെടാവുന്നതാണ്. അപ്രകാരം ഒരാൾ നൽകിയിട്ടുള്ള രേഖകൾ രഹസ്യമാക്കി വയ്ക്കണമെന്ന് അയാൾ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ പ്രസ്തുത രേഖകളുടെ പകർപ്പ് വിവരാവകാശ നിയമപ്രകാരം മറ്റൊരാൾ ആവശ്യപ്പെട്ടാൽ ആയത് വെളിപ്പെടുത്തണമെങ്കിൽ 11-ാം വകുപ്പിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ ബന്ധപ്പെട്ട സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ പാലിക്കേണ്ടതുണ്ട്. അത്തരം വിവരങ്ങളുടെ വെളിപ്പെടുത്തൽ മൂന്നാം കക്ഷിയുടെ താല്പര്യത്തിനുണ്ടാകുന്ന ഹാനിയെക്കാളോ നഷ്ടത്തേക്കാളോ കൂടുതൽ പ്രാധാന്യമുള്ളതാണെങ്കിൽ പൊതുതാല്പര്യത്തിന്റെ അടിസ്ഥാനത്തിൽ മൂന്നാംകക്ഷി വിവരങ്ങൾ വെളിപ്പെടുത്താവുന്നതാണ്. അപ്രകാരം വെളിപ്പെടുത്തുന്നതിന് മുമ്പ് ബന്ധപ്പെട്ട സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ 11-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

മൂന്നാംകക്ഷി രഹസ്യമാക്കി വയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ള വിവരം പൊതുതാല്പര്യത്തിന്റെ അടിസ്ഥാനത്തിൽ വെളിപ്പെടുത്താൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ തീരുമാനിച്ചാൽ അപേക്ഷ ലഭിച്ച് 5 ദിവസത്തിനുള്ളിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മൂന്നാംകക്ഷിയ്ക്ക് 11(1)-ാം വകുപ്പ് പ്രകാരം ഒരു നോട്ടീസ് നൽകേണ്ടതാണ്. പൊതുതാല്പര്യത്തിന്റെ അടിസ്ഥാനത്തിൽ മൂന്നാംകക്ഷി രഹസ്യമാക്കി വയ്ക്കണമെന്ന് ആവശ്യപ്പെട്ട വിവരം വെളിപ്പെടുത്താൻ ഉദ്ദേശിക്കുന്നുവെന്നും മൂന്നാംകക്ഷിയ്ക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് 10 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണെന്നും സൂചിപ്പിച്ചുകൊണ്ടാണ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മൂന്നാംകക്ഷിയ്ക്ക്

നോട്ടീസ് നൽകേണ്ടത്. 10 ദിവസത്തിനുള്ളിൽ മൂന്നാംകക്ഷി വിശദീകരണമൊന്നും ബോധിപ്പിച്ചിട്ടില്ലെങ്കിൽ അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ വെളിപ്പെടുത്താവുന്നതാണ്. എന്നാൽ മൂന്നാംകക്ഷി വിവരം വെളിപ്പെടുത്തലിനെതിരെ എന്തെങ്കിലും വിശദീകരണം ബോധിപ്പിച്ചിട്ടുണ്ടെങ്കിലോ പ്രസ്തുത വിശദീകരണത്തിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ തൃപ്തനാണെങ്കിലോ ഈ വിവരങ്ങൾ വ്യക്തമാക്കിക്കൊണ്ട് വിവരാവകാശ അപേക്ഷ തീർപ്പു കൽപ്പിക്കാവുന്നതാണ്.

എന്നാൽ മൂന്നാംകക്ഷി ബോധിപ്പിച്ച വിശദീകരണത്തിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ തൃപ്തനല്ലെങ്കിൽ മൂന്നാംകക്ഷി വിവരം വെളിപ്പെടുത്താവുന്നതാണ്. എന്നാൽ, അപ്രകാരം വെളിപ്പെടുത്തുന്നതിനു മുമ്പ് മൂന്നാംകക്ഷിയ്ക്ക് 11(3)-ാം വകുപ്പു പ്രകാരം ഒരു നോട്ടീസ് കൂടി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകേണ്ടതുണ്ട്. മൂന്നാംകക്ഷി ബോധിപ്പിച്ച വിശദീകരണം തൃപ്തികരമല്ലെന്നും അതുകൊണ്ട് അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ വെളിപ്പെടുത്തുവാൻ പോകുകയാണെന്നും ഈ തീരുമാനത്തിനെതിരെ മൂന്നാംകക്ഷിയ്ക്ക് ഒന്നാം അപ്പീലധികാരി മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണെന്നും അപ്രകാരം അപ്പീൽ നൽകുകയാണെങ്കിൽ ആ വിവരം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറെ അറിയിക്കേണ്ടതാണെന്നും പ്രസ്തുത നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. മൂന്നാംകക്ഷി അപ്പീൽ ബോധിപ്പിക്കുകയും ആ വിവരം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറെ അറിയിക്കുകയും ചെയ്താൽ അപ്പീൽ തീർപ്പാക്കുന്നതുവരെ വിവരം വെളിപ്പെടുത്തുവാൻ പാടില്ല. മൂന്നാംകക്ഷി ബോധിപ്പിച്ച അപ്പീലിലെ തീരുമാനപ്രകാരം മാത്രമേ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് തുടർനടപടികൾ സ്വീകരിക്കാൻ കഴിയൂ. 11(3)-ാം വകുപ്പ് പ്രകാരം അയച്ച നോട്ടീസ് കൈപ്പറ്റിയിട്ടും മൂന്നാംകക്ഷിയിൽ നിന്നും യാതൊരു പ്രതികരണവും ലഭിച്ചിട്ടില്ലായെങ്കിൽ ഒന്നാം അപ്പീൽ ബോധിപ്പിക്കുവാനുള്ള സമയപരിധി കഴിഞ്ഞതിനുശേഷം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് മൂന്നാംകക്ഷി വിവരം വെളിപ്പെടുത്താവുന്നതാണ്. മൂന്നാംകക്ഷിയുമായി ബന്ധപ്പെട്ട വിവരാവകാശ അപേക്ഷയിൽ തീരുമാനമെടുക്കാനുള്ള സമയപരിധി 40 ദിവസമാണ്.

യഥാർത്ഥത്തിൽ പൗരന്മാർക്ക് വിവരാവകാശ നിയമം കൊടുത്ത ഒരുതരം സംരക്ഷണമാണ് 11-ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള മൂന്നാംകക്ഷി വിവരം. ഒരാൾ ഒരു ഓഫീസിൽ നൽകിയ രേഖകൾ രഹസ്യമാക്കി വയ്ക്കുക വഴി താൻ അറിയാതെ ആ വിവരങ്ങൾ/രേഖകൾ വിവരാവകാശ നിയമപ്രകാരം വെളിപ്പെടുത്താനാകില്ല എന്നതാണ് 11-ാം വകുപ്പിന്റെ പ്രത്യേകത.






**ഷിജി. വി**
അണ്ടർ സെക്രട്ടറി
നിയമ വകുപ്പ്.

# നിയമ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ

നമ്മുടെ രാജ്യത്തിന്റെ ഭരണഘടന പ്രകാരം നിയമ നിർമ്മാണം നടത്തുന്നതിനുള്ള അധികാരം നൽകിയിട്ടുള്ളത് പാർലമെന്റിനും സംസ്ഥാന നിയമസഭകൾക്കുമാകുന്നു. ആ ആവശ്യത്തിനായി തയ്യാറാക്കുന്ന കരട് രൂപമാണ് ബിൽ എന്നറിയപ്പെടുന്നത്. ബില്ലുകളെ ഔദ്യോഗിക ബിൽ എന്നും അനൗദ്യോഗിക ബിൽ എന്നും രണ്ടായി തരംതിരിച്ചിരിക്കുന്നു. ഔദ്യോഗിക ബിൽ ഗവൺമെന്റ് രൂപം നൽകി സഭയിൽ അവതരിപ്പിക്കുന്നതും അനൗദ്യോഗിക ബിൽ മന്ത്രിമാർ അല്ലാത്ത സഭയിലെ ഒരംഗം പ്രത്യേക നിയമനിർമ്മാണ ഉദ്ദേശത്തോടെ അവതരിപ്പിക്കുന്നതുമാകുന്നു. ഔദ്യോഗിക ബിൽ തയ്യാറാക്കുമ്പോൾ അതാത് ഭരണവകുപ്പിൽ നിന്നും ഒരു പ്രത്യേക വിഷയത്തിന്മേൽ നിയമനിർമ്മാണം നടത്തുവാൻ ഉപദേശം (അഭിപ്രായം) ആരാഞ്ഞു കൊണ്ട് ഫയൽ നിയമ വകുപ്പിന് നൽകുന്നു.

നിയമ വകുപ്പ് പ്രസ്തുത വിഷയം ഭാരതത്തിന്റെ ഭരണഘടനയിലെ ഏഴാം പട്ടികയിലെ ലിസ്റ്റ് II – സംസ്ഥാന ലിസ്റ്റ്, ലിസ്റ്റ് III – സമവർത്തി ലിസ്റ്റ് എന്നിവയിലെ ഏത് ഉൾക്കുറിപ്പുകളിൽപ്പെടുന്നു എന്നതും അതേ വിഷയത്തിൽ സമവർത്തി ലിസ്റ്റിലെ പാർലമെന്റ് ഉണ്ടാക്കിയിട്ടുള്ള നിലവിലുള്ള നിയമങ്ങൾക്കും ബഹു. സുപ്രീം കോടതിയുടെ വിധികളിലെ പ്രഖ്യാപിത നിയമത്തിനും ഭരണഘടനാ വ്യവസ്ഥകൾക്കും വിധേയമായി നിയമനിർമ്മാണം നടത്തുന്നതിന് നിയമതടസ്സമില്ല എന്നതും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. അതോടൊപ്പം സംസ്ഥാന നിയമസഭയ്ക്ക് നിയമനിർമ്മാണം നടത്തുവാൻ അധികാരമുണ്ട് എന്നതും പ്രസ്തുത വിഷയം

ഭരണഘടനയിലെ പ്രത്യേകിച്ച് മൗലിക അവകാശങ്ങളെ സംബന്ധിച്ച വ്യവസ്ഥകൾക്ക് വിരുദ്ധമായി വരുന്നത് അല്ലായെന്നും കൂടാതെ മറ്റേതെങ്കിലും കാരണത്താൽ ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിന് രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള അനുമതി വാങ്ങേണ്ട ആവശ്യം ഉണ്ടോ എന്ന കാര്യവും രേഖപ്പെടുത്തണം. ചില സന്ദർഭങ്ങളിൽ ഒഴികെ, പാർലമെന്റ് മുമ്പ് ഉണ്ടാക്കിയിട്ടുള്ള ഒരു ആക്റ്റിലെയോ ആ വിഷയം സംബന്ധിച്ച് നിലവിലുള്ള ഒരു ആക്റ്റിലെയോ വ്യവസ്ഥകൾക്ക് വിരുദ്ധമാകാത്തിടത്തോളം നിയമസഭ പാസാക്കിയ ബിൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് നീക്കിവയ്ക്കുകയോ അദ്ദേഹത്തിന്റെ അനുമതി വാങ്ങുകയോ ചെയ്യേണ്ടതില്ല. കേരള ഗവൺമെന്റിന്റെ ബിസിനസ് ചട്ടങ്ങളുടെ ചട്ടം 44 പ്രകാരം ഒരു നിയമനിർമ്മാണത്തിന്റെ തുടക്കം കുറിക്കേണ്ടത് അതാത് ഭരണവകുപ്പാണ്. ഇക്കാര്യത്തിൽ നയപരമായ തീരുമാനം എടുത്തശേഷം ഫയൽ നിയമ വകുപ്പിന് നൽകാവുന്നതാണ്. പുതിയ നിയമനിർമ്മാണ വിഷയത്തിൽ നിയമ വകുപ്പ് നൽകിയ ഉപദേശം പരിശോധിച്ച്, അത് ആവശ്യമാണെങ്കിൽ ചട്ടം 45-പ്രകാരം വകുപ്പ് മന്ത്രി, നിയമ മന്ത്രി വഴി മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്ത് ഉത്തരവ് വാങ്ങിയതിനു ശേഷം നിയമനിർമ്മാണത്തിനുള്ള മെമ്മോറാണ്ടം സഹിതം ഫയൽ തുടർനടപടികൾക്കായി തിരികെ ലഭ്യമാക്കുവാൻ അതാത് ഭരണവകുപ്പിനോട് ആവശ്യപ്പെടാവുന്നതാണ്. സഭയിൽ അവതരിപ്പിക്കുന്ന പുതിയ ബില്ലുകൾ (ഒറിജിനൽ ബിൽ) ഭേദഗതി ബില്ലുകൾ എല്ലാം തന്നെ മലയാളത്തിലാണ് തയ്യാറാക്കേണ്ടത്. എന്നാൽ ഇംഗ്ലീഷിലുള്ള പ്രധാന ആക്റ്റിന്റെ ഭേദഗതി ബിൽ ഇംഗ്ലീഷിൽ തന്നെവേണം അവതരിപ്പിക്കാൻ. ഭരണഘടനയിലെ അനുഛേദം 123-ഉം 213-ഉം പ്രകാരം ഒരു നിയമനിർമ്മാണം നടത്തേണ്ടത് അത്യാവശ്യമാണെന്ന് തോന്നുകയും എന്നാൽ പാർലമെന്റ്/നിയമസഭ സമ്മേളനത്തിൽ അല്ലാതിരിക്കുകയും ചെയ്യുന്ന സമയത്ത് പ്രസ്തുത വിഷയം ഒരു ഓർഡിനൻസ് ആയി പുറപ്പെടുവിക്കുന്നതിന് പ്രസിഡന്റിന് / ഗവർണ്ണർക്ക് അധികാരം നൽകിയിട്ടുണ്ട്. അതിനായി കരട് തയ്യാറാക്കി അംഗീകാരം നൽകി ഓർഡിനൻസ് ആയി പുറപ്പെടുവിക്കുന്നതിന് ബഹു. പ്രസിഡന്റ് /ഗവർണ്ണറോട് ശിപാർശ ചെയ്യുവാൻ മന്ത്രിസഭയ്ക്ക് തീരുമാനിക്കാവുന്നതാണ്. ബഹു. ഗവർണ്ണർ പുറപ്പെടുവിക്കാൻ ഉദ്ദേശിച്ചുള്ള ഒരു ഫയലിൽ ചംക്രമണ കുറിപ്പ് സമർപ്പിക്കുമ്പോൾ പ്രസ്തുത വിഷയം ഭരണഘടനയിലെ ഏത് ലിസ്റ്റ്, ഉൾക്കുറിപ്പ് എന്നിവയിൽപ്പെടുന്നു എന്നതും ഈ ഓർഡിനൻസ് പുറപ്പെടുവിക്കാൻ ഗവർണ്ണർക്കുള്ള അധികാരം വ്യക്തമാക്കിയും ഓർഡിനൻസ് ഇറക്കേണ്ട അത്യാവശ്യ സാഹചര്യം വിവരിച്ചുകൊണ്ടും മന്ത്രിസഭ അംഗീകരിച്ച കരട് ഓർഡിനൻസിന്റെ രണ്ട് സൈൻ മാന്വൽ പകർപ്പുകൾ സഹിതം ഗവർണ്ണറുടെ അംഗീകാരത്തിന് നൽകണം. ആയതിൽ ഗവർണ്ണർ ഒപ്പിട്ട ശേഷം ഒരു പകർപ്പ് ഗവർണറുടെ സെക്രട്ടറിയേറ്റിൽ സൂക്ഷിക്കുകയും മറ്റൊന്ന് തുടർനടപടികൾ എടുക്കുന്നതിനായി തിരികെ നിയമവകുപ്പിന് നൽകുകയും ചെയ്യുന്നു. അങ്ങനെയുള്ള ഫയൽ ലഭിച്ചാൽ ഉടൻതന്നെ ബഹു. ഗവർണ്ണർ ഒപ്പിട്ട ഓർഡിനൻസ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്താനായി, ആയതിൽ നിയമവകുപ്പിൽ നിന്നും ഒരു നമ്പറും (.....വർഷത്തിലെ ......നമ്പർ- ഓർഡിനൻസ്) നൽകി വിജ്ഞാപന ഭാഗവും ഉൾപ്പെടുത്തി കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്താൻ പ്രിന്റിംഗ് ഡയറക്ടർക്ക് കത്ത് നൽകുന്നു. പ്രസിദ്ധപ്പെടുത്തി കിട്ടിയ ഓർഡിനൻസിന്റെ പകർപ്പുകൾ മെയിലിംഗ് ലിസ്റ്റ് പ്രകാരമുള്ള മേൽവിലാസത്തിലേയ്ക്ക് നിയമ വകുപ്പിൽ നിന്നും അയച്ചുകൊടുക്കുന്നു. നിശ്ചിത എണ്ണം കോപ്പികൾ നിയമസഭാ സെക്രട്ടറിയ്ക്കും

നൽകുന്നു. ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം 2-ാം ഖണ്ഡം (I) ഉപഖണ്ഡം പ്രകാരം നിയമസഭയുടെ പുനഃസമ്മേളനം തുടങ്ങിയ തീയതി മുതൽ ആറ് ആഴ്ചകൾക്കകം ഒരു ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരാത്തപക്ഷം പ്രസ്തുത സമയപരിധി അവസാനിക്കുമ്പോൾ ആ ഓർഡിനൻസിന് പ്രാബല്യമില്ലാതായിത്തീരുന്നതാണ്. അതിനാൽ നിയമസഭയുടെ തുടർന്നു വരുന്ന സമ്മേളനത്തിൽ പ്രസ്തുത ഓർഡിനൻസിനു പകരം ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ അവതരിപ്പിക്കേണ്ടതാണ്.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 75-ാം ചട്ടം (1)-ാം ഉപചട്ട പ്രകാരം ഒരു ഓർഡിനൻസിന് പകരം വെയ്ക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള ഭേദഗതിയോടു കൂടിയതോ അല്ലാതെയോ ആയ ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുമ്പോഴെല്ലാം ഓർഡിനൻസ് മുഖേന അടിയന്തിര നിയമനിർമ്മാണം നടത്തേണ്ട ആവശ്യമാക്കിതീർത്ത സാഹചര്യങ്ങൾ വിശദീകരിച്ചു കൊണ്ടുള്ള ഒരു പ്രസ്താവന ബില്ലിനോടൊപ്പം നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 75(2) പ്രകാരം നിയമസഭയുടെ മുൻപാകെ നിലവിലുള്ള ഒരു ബില്ലിലെ വ്യവസ്ഥകൾ മുഴുവനായോ, ഭാഗികമായോ അഥവാ ഭേദഗതിയോടു കൂടിയോ ഉൾക്കൊള്ളുന്ന ഒരു ഓർഡിനൻസ് പ്രസിദ്ധപ്പെടുത്തുമ്പോഴെല്ലാം ഓർഡിനൻസ് പുറപ്പെടുവിച്ചതിന് തൊട്ടടുത്തുവരുന്ന സമ്മേളനത്തിന്റെ ആരംഭത്തിൽ തന്നെ ഓർഡിനൻസ് വഴി അടിയന്തിര നിയമനിർമ്മാണം നടത്തേണ്ടതാവശ്യമാക്കിതീർത്ത സാഹചര്യങ്ങൾ വിശദീകരിച്ചു കൊണ്ടുള്ള ഒരു പ്രസ്താവന സഭയുടെ മേശപ്പുറത്തു വയ്ക്കേണ്ടതാണ്.

ഓർഡിനൻസിന് മാറ്റമില്ലാത്ത ബില്ല് കൊണ്ടുവരുന്നതിന് കരട് ബില്ലിന് ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരം വാങ്ങിയാൽ മതിയാകും. മാറ്റം വരുത്തിയ ബില്ലോ പുതിയബില്ലോ കൊണ്ടുവരുമ്പോൾ ആയതിന് മന്ത്രിസഭയുടെ അംഗീകാരം നേടേണ്ട താണ്. ബില്ലിന്റെ കരട് തയ്യാറാക്കി ഉദ്ദേശ്യകാരണങ്ങളുടെ വിവരണം, ധനകാര്യ മെമ്മോറാണ്ടം, ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം എന്നിവ സഹിതം ഫയൽ തുടർനടപടികൾക്കായി നിയമവകുപ്പിന് തിരികെ നൽകുവാൻ ഭരണവകുപ്പിനോട് നിയമവകുപ്പിന് ആവശ്യപ്പെടാവുന്നതാണ്. പ്രസ്തുത ബിൽ നിയമമാക്കി പ്രവർത്തനത്തിൽ കൊണ്ടുവരുമ്പോൾ സംസ്ഥാന ത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് ചെലവ് വരുമെങ്കിൽ ധനകാര്യ മെമ്മോറാണ്ടം ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് തയ്യാറാക്കേണ്ടതുമാണ്. അപ്രകാരമുള്ള ഒരു ബിൽ നിയമസഭ പരിഗണിക്കുന്നതിന് ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 207(3) പ്രകാരമുള്ള ഗവർണ്ണറുടെ ശിപാർശ ആവശ്യമാണ്. ഫയൽ നിയമ വകുപ്പിലേയ്ക്ക് മടക്കി അയക്കുന്നതിന് മുൻപ് അപ്രകാരമുള്ള ഗവർണ്ണറുടെ ശിപാർശ ഭരണവകുപ്പ് നേടിയിരിക്കേണ്ടതാണ്. മേൽപ്പറഞ്ഞ പ്രകാരം അംഗീകാരം ലഭിച്ച ഫയലിൽ നിയമവകുപ്പ് പ്രസ്തുത ബിൽ, ഉദ്ദേശ്യകാരണങ്ങളുടെ വിവരണം, ധനകാര്യ മെമ്മോറാണ്ടം, ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 75(1) പ്രകാരമുള്ള പ്രസ്താവന 25 ഖണ്ഡങ്ങളിൽ കൂടുതലുള്ള ബില്ലുകൾക്ക് ഖണ്ഡങ്ങളിന്മേലുള്ള കുറിപ്പുകൾ കൂടെ ഉൾപ്പെടുത്തി

ബിൽ പ്രസിദ്ധീകരിക്കുന്നതിനായുള്ള കത്ത് നിയമസഭാസെക്രട്ടറിക്ക് നൽകുന്നു. കൂടാതെ മേൽപ്പറഞ്ഞ പ്രകാരമുള്ള ഗവർണ്ണറുടെ ശിപാർശ ലഭിച്ച വിവരവും ബഹു. അംഗങ്ങളെ അറിയിക്കാനായി കത്തിൽ ഉൾപ്പെടുത്തുന്നു.

അപ്രകാരം അയച്ചുകൊടുക്കുന്ന ബിൽ, ബിൽ നമ്പർ ഇട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 69-ാം ചട്ട പ്രകാരം കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതുണ്ട്. അപ്രകാരം പ്രസിദ്ധീകരിച്ച ബില്ലിന്മേൽ നിയമസഭയിൽ അംഗങ്ങൾക്ക് ചട്ടം 71 പ്രകാരം ക്രമപ്രശ്നം കൊണ്ടുവരാവുന്നതും ആയതിന് മറുപടി തയ്യാറാക്കി നൽകേണ്ടതുമാണ്. സമവർത്തി നിയമനിർമ്മാണ മേഖലയിൽപ്പെടുന്ന ഏതൊരു ബില്ലിന്റെയും പത്തു പകർപ്പുകൾ നിയമ വകുപ്പ് ഭാരത സർക്കാരിന്റെ നിയമ മന്ത്രാലയത്തിന് അയച്ചുകൊടുക്കേണ്ടതാണ്.

പ്രസ്തുത ചട്ടങ്ങളിലെ 76-ാം ചട്ടപ്രകാരം ധനവിനിയോഗ ബിൽ അല്ലാതെയുള്ള ഒരു ബിൽ അവതരിപ്പിക്കുമ്പോഴോ അഥവാ അതിന് ശേഷമുള്ള ഏതെങ്കിലും അവസരത്തിലോ അതിന്റെ ചുമതല വഹിക്കുന്ന അംഗം ബില്ലിനെ സംബന്ധിച്ച് താഴെപ്പറയുന്ന പ്രമേയങ്ങളിലൊന്ന് അവതരിപ്പിക്കാവുന്നതാണ്, അതായത്:

(എ) അത് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടണമെന്ന്;

(ബി) അത് സെലക്ട് കമ്മിറ്റിയ്ക്ക് വിടണമെന്ന്; അല്ലെങ്കിൽ,

(സി) അതിൻമേൽ അഭിപ്രായം ആരായുന്നതിന് അത് സർക്കുലേറ്റ് ചെയ്യണമെന്ന്.

ആയതിനാൽ ബിൽ, നിയമസഭയിൽ അവതരിപ്പിച്ചതിനു ശേഷം അവതരിപ്പിക്കാനുദ്ദേശിക്കുന്ന പ്രമേയം നിർദ്ദേശിക്കുന്നതിനായി, ഫയൽ ബില്ലിന്റെ ചുമതല വഹിക്കുന്ന വകുപ്പ് മന്ത്രിക്ക് ചംക്രമണം ചെയ്യാവുന്നതാണ്.

ഇത് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ് എന്ന് നിർദ്ദേശിച്ച് മന്ത്രിയുടെ അംഗീകാരം വാങ്ങുകയോ അല്ലെങ്കിൽ ആയത് പൊതുജന താൽപ്പര്യം കൂടി കണക്കിലെടുത്ത് പാസ്സാക്കേണ്ട ബിൽ ആണെങ്കിൽ ആയത് സെലക്ട് കമ്മിറ്റിയ്ക്ക് പോകുന്നതിന് വകുപ്പ് മന്ത്രിയ്ക്ക് നിർദ്ദേശിക്കാവുന്നതുമാകുന്നു. അങ്ങനെയാകുന്നപക്ഷം നിയമവകുപ്പ് സെക്രട്ടറിയോ അദ്ദേഹം ഇതിലേയ്ക്കായി പ്രത്യേകം നിയോഗിക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ അതിന്റെ എല്ലാ യോഗങ്ങളിലും പങ്കെടുക്കേണ്ടതും കമ്മിറ്റിയുടെ യോഗങ്ങളിൽ എടുത്ത തീരുമാനങ്ങളുടെ വെളിച്ചത്തിൽ ബിൽ പരിഷ്ക്കരിക്കുന്നതിനും സെലക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് തയ്യാറാക്കുന്നതിനും നിയമവകുപ്പ് നിയമസഭാ സെക്രട്ടറിയേറ്റിനെ സഹായിക്കേണ്ടതാണ്. ബിൽ സബ്ജക്ട് കമ്മിറ്റിക്കോ സെലക്ട് കമ്മിറ്റിക്കോ വിടണമെന്ന പ്രമേയം വകുപ്പു മന്ത്രി അംഗീകരിച്ചത് നിയമസഭാ സെക്രട്ടറിയെ അറിയിച്ചുകൊണ്ട് കത്ത് നൽകാവുന്നതാണ്. ഈ പ്രമേയത്തിന് അംഗങ്ങൾക്ക് ഭേദഗതി നിർദ്ദേശങ്ങൾ നൽകാവുന്നതും സ്പീക്കർ നൽകുന്ന അനുമതിയോടെ അത് സഭയിൽ അവതരിപ്പിക്കാവുന്നതും ആകുന്നു. പ്രസ്തുത ബിൽ മലയാളം ആണെങ്കിൽ ഭരണഘടന അനുച്ഛേദം 348(3) പ്രകാരം ആയതിലെ ഇംഗ്ലീഷ് പരിഭാഷ അംഗീകരിച്ചു കിട്ടുന്നതിലേയ്ക്കായി ഗവർണ്ണർക്ക് ചംക്രമണം ചെയ്യണം.


അപ്രകാരം അംഗീകരിച്ച ആധികാരികപാഠം പ്രസിദ്ധീകരിക്കുന്നതിനായി കേരള നിയമസഭാ സെക്രട്ടറിക്ക് കത്ത് നൽകേണ്ടതാണ്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്ന തീയതി അറിഞ്ഞാൽ ഫയൽ പരിശോധനയ്ക്കായി ബഹു. വകുപ്പ് മന്ത്രിക്ക് സമർപ്പിക്കാവുന്നതാണ്. ബിൽ നിയമമാകുന്നതിനു മുമ്പായി ഒന്നാം വായന, രണ്ടാം വായന, മൂന്നാം വായന എന്നീ ഘട്ടങ്ങളിൽ കൂടി കടന്നുപോകുന്നു. ഗവൺമെന്റ് ബിൽ മന്ത്രിയോ അനൗദ്യോഗിക ബിൽ ഒരു അംഗമോ സഭയിൽ അവതരിപ്പിക്കുന്നതിനെയാണ് ഒന്നാം വായന എന്നു പറയുന്നത്. ബില്ലിനെ സംബന്ധിച്ച പൊതുവായ ചർച്ച, സബ്ജക്ട് കമ്മിറ്റിയുടെ പരിശോധന, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലിന്റെ അവതരണം, അതിലെ ഖണ്ഡങ്ങൾ സംബന്ധിച്ച വിശദമായ പരിശോധന എന്നിവ ഉൾപ്പെട്ടതാണ് രണ്ടാം വായന. ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുമ്പോൾ മൂന്നാം വായന ആരംഭിക്കുന്നു. ബിൽ അവതരിപ്പിച്ച് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക് വിടുന്ന സംഗതിയിൽ സ്പീക്കർ സഭയിൽ സബ്ജക്ട് കമ്മിറ്റിക്ക് പരിശോധനയ്ക്കായി വിടുന്നുവെന്ന പ്രഖ്യാപനം നടത്തുന്നു. തുടർന്ന് ആയതുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി യോഗം കൂടി ബിൽ വിശദമായി പരിശോധന നടത്തുന്നതുമാണ്.

നിയമസഭയിലെ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി യോഗം സംബന്ധിച്ച വകുപ്പിൽ നിന്നും അറിയിപ്പുകൾ നൽകുകയും സമിതി അംഗങ്ങളായ മന്ത്രിമാർ, എം.എൽ.എ.മാർ കൂടാതെ നിയമവകുപ്പ് സെക്രട്ടറി, ഭരണവകുപ്പ് സെക്രട്ടറി, ബന്ധപ്പെട്ട വകുപ്പ് മേധാവികൾ എന്നിവർ പങ്കെടുത്ത് സബ്ജക്ട് കമ്മിറ്റിയിൽ വച്ച് മാറ്റേണ്ടുന്ന ബില്ലിലെ വ്യവസ്ഥകൾ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്യുന്നു. മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റിയ്ക്ക് നേരത്തെ നൽകിയാൽ ആയത് അവർക്ക് കരട് തയ്യാറാക്കുന്നതിനും ആയതിൽ മന്ത്രിയുടെ ഒപ്പ് വാങ്ങുന്നതിനും സൗകര്യമാകുന്നതാണ്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരം മാറ്റം വരുത്തിയ ബിൽ നിയമസഭ പ്രസിദ്ധീകരിക്കുകയും ആയത് നിയമസഭ അംഗങ്ങൾക്ക് വിതരണം നടത്തുകയും ചെയ്യുന്നു. ആയതിൽ മെമ്പർമാർക്ക് ഭേദഗതി കൊണ്ടുവരാവുന്നതും ആയത് നിയമസഭയിൽ നിന്നും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലിൽ ഔദ്യോഗിക ഭേദഗതി വകുപ്പ് മന്ത്രിക്ക് കൊണ്ടുവരാവുന്നതും ആയത് നിയമവകുപ്പുമായി കൂടിയാലോചിച്ച് തീരുമാനിച്ച ശേഷം തയ്യാറാക്കി നിയമസഭയ്ക്ക് അയയ്ക്കാവുന്നതാണ്. സഭയിൽ ബിൽ അവതരിപ്പിച്ച് പാസ്സാക്കുന്ന ദിവസമാണ് ഔദ്യോഗിക ഭേദഗതി തയ്യാറാക്കി കിട്ടുന്നത് എങ്കിൽ ആയത് ബന്ധപ്പെട്ട വകുപ്പ് മന്ത്രി ഒപ്പിട്ട് സ്പീക്കറിന്റെ ഓഫീസിൽ രണ്ട് പകർപ്പുകൾ സഹിതം നൽകേണ്ടതാണ്. കൂടാതെ മെമ്പർമാർ കൊണ്ടുവരുന്ന ഭേദഗതികൾ പരിഗണിക്കുന്നതിനായി വകുപ്പ് മന്ത്രിയും ഭരണ വകുപ്പും നിയമ വകുപ്പും ഒത്തുചേർന്ന് ചർച്ച ചെയ്ത് ഉചിതമെന്ന് തോന്നുന്ന ഭേദഗതികൾ സ്വീകരിക്കുകയും ചെയ്യാവുന്നതാണ്. ആയതിന്റെ പകർപ്പും സ്പീക്കറിന്റെ ഓഫീസിലും നിയമസഭയിൽ ലെജിസ്ലേഷൻ സെക്ഷനിലും നൽകേണ്ടതാണ്. നിയമസഭാ ചട്ടങ്ങളിലെ ചട്ടം 87 പ്രകാരം ബിൽ പരിഗണനയ്ക്ക് എടുക്കുമ്പോൾ സ്പീക്കർക്ക് നിയമസഭ മുമ്പാകെ ബില്ലോ ബില്ലിന്റെ ഏതെങ്കിലും ഭാഗമോ ഖണ്ഡം ഖണ്ഡമായി അവതരിപ്പിക്കാവുന്നതാണ്. ചട്ടം 90 പ്രകാരം ബില്ലിന്റെ ഒന്നാം ഖണ്ഡവും നിയമ പ്രഖ്യാപന വാക്യവും, പീഠികയുണ്ടെങ്കിൽ അതും പേരും, മറ്റു ഖണ്ഡങ്ങളും പട്ടികയും തീർപ്പാക്കുന്നതുവരെ മാറ്റി വയ്ക്കേണ്ടതും അതിനുശേഷം

സ്പീക്കർ ഒന്നാം ഖണ്ഡമോ, നിയമ പ്രഖ്യാപന വാക്യമോ പീഠികയും പേരും ബില്ലിന്റെ ഭാഗമായി തീർന്നിരിക്കുന്നു എന്ന പ്രശ്നം വോട്ടിടേണ്ടതാകുന്നു.

ചട്ടം 98 പ്രകാരം നിയമസഭ പാസ്സാക്കിയ ബിൽ (സ്പീക്കർ ഒപ്പിട്ടത്) ഗവർണ്ണറുടെ അനുമതിയ്ക്കായി നൽകേണ്ടതുണ്ട്. പ്രസ്തുത ബില്ലിൽ സബ്ജക്റ്റ് കമ്മിറ്റി നിർദ്ദേശിച്ചതും മെമ്പർമാർ നിർദ്ദേശിച്ച് നിയമസഭ സ്വീകരിച്ചതുമായ ഭേദഗതികൾ ഉൾപ്പെടുത്തിവേണം സൈൻ മാന്വൽ തയ്യാറാക്കേണ്ടത്. ബിൽ മലയാളമാണെങ്കിൽ ആയതിന്റെ ഇംഗ്ലീഷ് പരിഭാഷ തയ്യാറാക്കേണ്ടതാണ്. ആയത് ഇന്ത്യൻ ഭരണഘടനയുടെ 348-ാം അനുച്ഛേദം (3)-ാം ഖണ്ഡപ്രകാരം പ്രസ്തുത ബില്ലിന്റെ ആധികാരിക പാഠമായി ഗവർണ്ണർ അംഗീകരിക്കേണ്ടതുണ്ട്. പ്രസ്തുത കാര്യങ്ങൾക്കായി കരട് ചംക്രമണ കുറിപ്പ് തയ്യാറാക്കേണ്ടതാണ്.

കേരള സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ്സിന്റെ ചട്ടം 57(1) പ്രകാരം ഒരു ബിൽ നിയമസഭ പാസ്സാക്കിയാൽ ബന്ധപ്പെട്ട ഭരണ വകുപ്പ് സെക്രട്ടറി അത് പരിശോധിച്ചശേഷം താഴെപ്പറയും പ്രകാരം ഒരു റിപ്പോർട്ട് ഫയലിൽ നൽകേണ്ടതുണ്ട്. "There is no reason why Governor's assent should not be given to the Bill". ആയതിന് ശേഷം ഫയലിൽ ചംക്രമണ കുറിപ്പ് തയ്യാറാക്കി, സ്പീക്കർ ഒപ്പിട്ട ബില്ലിന്റെ മൂന്ന് പകർപ്പുകൾ (സൈൻ മാന്വൽ), ബില്ലിന്റെ ആധികാരിക പാഠം വേണമെങ്കിൽ അതും ഉൾപ്പെടുത്തി, നിയമ വകുപ്പ് സെക്രട്ടറി, ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി, ചീഫ് സെക്രട്ടറി, നിയമ മന്ത്രി, വകുപ്പ് മന്ത്രി, മുഖ്യമന്ത്രി എന്നിവർ വഴി ഗവർണ്ണർക്ക് അംഗീകാരത്തിനായി അയക്കുന്നു. ആയതിൽ ഒപ്പിട്ട ശേഷം ഒരു പകർപ്പ് ഗവർണ്ണറുടെ ഓഫീസിൽ സൂക്ഷിക്കുന്നതാണ്. ബാക്കി രണ്ടെണ്ണം തുടർനടപടികൾ കൈക്കൊള്ളുന്നതിന് ഫയലിനോടൊപ്പം തിരികെ നൽകുകയും ചെയ്യുന്നു. ബില്ലിന് രാഷ്ട്രപതിയുടെ അനുമതി ആവശ്യമുണ്ടെങ്കിൽ സ്പീക്കർ യഥാവിധി ഒപ്പുവച്ച ബില്ലിന്റെ നാലു പകർപ്പുകൾ സഹിതമുള്ള ഫയൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി ബില്ല് നീക്കിവയ്ക്കുന്നതിനു വേണ്ടി സമാനമായ ഒരു പ്രത്യേക കുറിപ്പോടു കൂടി, ഗവർണ്ണർക്ക് സമർപ്പിക്കേണ്ടതാണ്. ഗവർണ്ണർ നീക്കിവെച്ച പ്രകാരമുള്ള ബില്ലിന്റെ മൂന്ന് പകർപ്പുകൾ ഭാരത സർക്കാരിന്റെ ആഭ്യന്തരകാര്യ മന്ത്രാലയത്തിന്, ബില്ലിന് രാഷ്ട്രപതിയുടെ അനുമതി വാങ്ങുന്നതിനും അത് അറിയിക്കുന്നതിനും അവരോട് അപേക്ഷിച്ചു കൊണ്ടുള്ള കത്തിന്റെ കരടും ബന്ധപ്പെട്ട രേഖകളുടെ ആറ് പകർപ്പുകളും സഹിതം വേണം രാജ്ഭവന് നൽകേണ്ടത്. ഗവർണ്ണറോ രാഷ്ട്രപതിയോ, അതതു സംഗതിപോലെ, അനുമതി നൽകിയ പ്രകാരമുള്ള പകർപ്പ് ലഭിച്ചതിനുശേഷം, നിയമവകുപ്പ്, കഴിയുന്നതും അന്നുതന്നെ ആക്റ്റ് നമ്പറും (.... വർഷത്തെ..... നമ്പർ ആക്റ്റ്) നൽകി ഗസറ്റിൽ അത് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ആക്റ്റിന്റെ ആവശ്യമുള്ളത്ര എണ്ണം അധികമായിട്ടുള്ള പകർപ്പുകൾ നൽകുന്നതിനും കത്ത് തയ്യാറാക്കി പ്രിന്റിംഗ് ഡയറക്ടർക്ക് നൽകേണ്ടതാണ്. പ്രസിദ്ധപ്പെടുത്തി കിട്ടിയ ആക്റ്റിന്റെ കോപ്പികൾ മെയിലിംഗ് ലിസ്റ്റ് പ്രകാരമുള്ള മേൽവിലാസത്തിലേയ്ക്ക് നിയമ വകുപ്പിൽ നിന്നും അയച്ചുകൊടുക്കുന്നു. കൂടാതെ ഗവർണ്ണർ ഒപ്പിട്ട സൈൻ മാന്വൽ കോപ്പി ഒരെണ്ണം ആക്റ്റിന്റെ നിശ്ചിത എണ്ണം കോപ്പികൾ സഹിതം നിയമസഭാ സെക്രട്ടറിക്കും നൽകേണ്ടതുണ്ട്. ഇപ്രകാരം നടപടികൾ പൂർത്തിയായി ഫയൽ നശിപ്പിക്കാതെ സേഫ് കസ്റ്റഡിയിൽ വയ്ക്കുന്നതിനായി അവസാനം ഭരണവകുപ്പിന് തന്നെ തിരികെ നൽകുന്നു.




# ശിവാജി ചൗക്കിലെ കൊലപാതകം



**മനോജ് എം. പി.**
സെക്ഷൻ ഓഫീസർ
നിയമ (എച്ച്) വകുപ്പ്

1967 ൽ പുറത്തിറങ്ങിയ ഭാഗ്യമുദ്ര എന്ന സിനിമയിൽ പുകഴേന്തിയുടെ ഒരു ഗാനമുണ്ട്. "മാമ്പഴകൂട്ടത്തിൽ മൽഗോവയാണ് നീ" എന്ന് തുടങ്ങുന്ന ആ ഗാനത്തിലുടനീളം നായികയെ മറ്റെന്തിനേക്കാളും മികച്ചത് എന്ന് പ്രകീർത്തിക്കാനുള്ള താരതമ്യങ്ങൾ ആണ്. അന്ന് ആക്ഷൻ ഹീറോ ബിജു എന്ന സിനിമ ഇറങ്ങാത്തത് കൊണ്ടാണ് അല്ലെങ്കിൽ മറ്റ് പോലീസുകഥ സിനിമകളിലെ കഥാപാത്രങ്ങളുമായി താരതമ്യപ്പെടുത്തി ബിജു പൗലോസിനെ പുകഴേന്തി ഒന്ന് പുകഴ്ത്തിയേനെ (ആ പാട്ടിൽ അന്നത്തെ ഹിറ്റ് കാറായിരുന്ന ഫിയറ്റിന്റെ കാര്യം വരെ അദ്ദേഹം ഉൾപ്പെടുത്തിയ സാഹചര്യത്തിൽ ഇതും സംഭവ്യം എന്ന എന്റെ സ്റ്റാന്റിൽ സാംഗത്യം ഇല്ലാതില്ല.)

എബ്രിഡ് ഷൈന്റെ ആ സിനിമയുടെ ടൈറ്റിൽ ടാഗ് തീർന്നുകഴിഞ്ഞു ബിജു പൗലോസിന്റെ കല്യാണം സംബന്ധിച്ച ഒരുക്കങ്ങളുടെ സീനും കഴിഞ്ഞാൽ പോലീസ് സ്റ്റേഷനിലെ ഫോൺ ബെൽ അടിയ്ക്കുന്നത് തുടങ്ങി സാമ്സൺ അച്ചായനെ റിമാൻഡ് ചെയ്യുന്നത് വരെയുള്ള സീൻ.... ഹോ പൊളിച്ചു മച്ചാനെ എന്ന് പറയാനല്ലേ നിങ്ങളുടെ മനസ്സിൽ തോന്നുന്നത്. പൊളിച്ചു എന്നത് അമ്മച്ചിയാണേ സത്യം... പക്ഷെ ഇതെന്നാ ഉവ്വേ ഇവിടെ പറയാൻ കാര്യം എന്നൊരു ചോദ്യം നിങ്ങളുടെ മനസ്സിൽ തോന്നിയോ...പറയാം...ബെൽ അടിക്കുന്ന സീൻ ഒന്ന് റിവൈൻഡ് ചെയ്ത് കണ്ടേ

“ഹലോ... ടൗൺ എസ് ഐ.... പട്ടിയെ വിട്ടിട്ടോ.... എന്ത് പ്രായമുള്ള കുട്ടിയാ... എന്താണ് പേര്.. കുട്ടിയുടെ.... മാളവിക”

ഫോൺ കട്ട് ചെയ്യുന്നു... എസ് ഐ ഒരു പോലീസുകാരനെ വിളിക്കുന്നു... ഫോണിൽ കിട്ടിയ വിവരം അതായത്; 12 വയസുള്ള ഒരു കുട്ടിയെ പട്ടിയെ വിട്ട് ആരോ കടിപ്പിച്ചു എന്ന വിവരം, അന്വേഷിച്ച് വിവരം തരാൻ ചുമതലപ്പെടുത്തുന്നു... സീനിൽ ഇല്ലാത്തതും ഇതിനിടെ സംഭവിക്കേണ്ടതുമായ ഒരു കാര്യമുണ്ട്... അത് ഒരു ജി ഡി എൻട്രി ആണ്. സിനിമയല്ലേ അത് വിട്ടുകളയാം ഏതാണ്ട് ഇതേ പോലെയെന്നു പറയാം. 2011 ജൂലൈ മാസം അഞ്ചാം തീയതി വൈകുന്നേരം ഏകദേശം അഞ്ചരയോട് കൂടി മഹാരാഷ്ട്രയിലെ കല്ലം പോലീസ് സ്റ്റേഷനിലേക്ക് ഒരു ഫോൺ കാൾ വന്നു... ശിവാജി ചൗക്കിലെ രാവിരാജ് ബീയർ ബാറിന് മുന്നിൽ ഒരാളെ മോട്ടോർ സൈക്കിളിൽ വന്ന രണ്ടു പേർ ചേർന്ന് ആക്രമിക്കുന്നു...

ഇപ്പൊ പിടികിട്ടിയോ ബിജു പൗലോസ്സിന് വന്ന ഫോൺ കാൾ സംഭവം വിവരിച്ചത് എന്തിനുള്ള പണിയാണെന്ന് ... നേതാജി അച്യുത് ഷിൻഡെ (പാട്ടീൽ ) Vs സ്റ്റേറ്റ് ഓഫ് മഹാരാഷ്ട്ര എന്ന ഈ കേസ് AIR 2021 SC 1655 ആയി റിപ്പോർട്ട് ചെയ്തു വന്നിട്ടുള്ള ഒരു കൊലക്കേസ് വിധിയാണ്. കേസിൽ ചർച്ച ചെയ്യപ്പെട്ട എല്ലാ നിയമവശങ്ങളും വിസ്താരഭയത്താൽ ഇവിടെ കുറിക്കുന്നില്ല. എഫ് ഐ ആർ എന്ന ഒരു വിഷയത്തിൽ ഈ ജഡ്ജ്മെന്റിന്റെ ഭാഗമായി ആവർത്തിച്ചുറപ്പിച്ച റേഷ്യോ മാത്രം പറയാൻ ആണ് ഉദ്ദേശിക്കുന്നത്.

ക്രിമിനൽ കേസിന്റെ അടിത്തറ എഫ് ഐ ആറിൽ ആണെന്നിരിക്കിലും എഫ് ഐ ആർ എന്ന പദം സി ആർ പി സി യിൽ ഇല്ല എന്നത് രസകരമായ ഒരു സംഗതി ആണ്. കോഗ്നിസബിൾ ആയ ഒരു കുറ്റം (cognizable offences) സംബന്ധിച്ച് ഒരു പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഒരു ഓഫീസർക്ക് കിട്ടുന്ന ഏതൊരു വിവരവും ഇതിനായി സൂക്ഷിച്ചിട്ടുള്ള ഒരു രജിസ്റ്ററിൽ അദ്ദേഹം ചേർക്കേണ്ടതും ഇപ്രകാരമുള്ള വിവരം വാചാ ലഭിക്കുന്നതാണെങ്കിൽ അത് എഴുതി തയ്യാറാക്കി, വിവരം നൽകിയ ആളിനെ വായിച്ചു കേൾപ്പിച്ചു അയാളുടെ ഒപ്പ് വാങ്ങി സൂക്ഷിക്കണം എന്ന് നിഷ്കർഷിക്കുന്ന സി ആർ പി സി യുടെ 154 -ാം വകുപ്പ് ആണ് എഫ് ഐ ആർ (ഫസ്റ്റ് ഇൻഫർമേഷൻ റിപ്പോർട്ട്) എന്നതിന്റെ വ്യവസ്ഥ ഉൾക്കൊള്ളുന്ന ഭാഗം.

കൊലക്കേസ് ആണ് സംഭവം എന്ന് പറഞ്ഞുവെങ്കിലും അത് സംബന്ധിച്ച് പിന്നീട് ഒന്നും പറഞ്ഞില്ലല്ലോ എന്ന് നിങ്ങൾ വിചാരിച്ചു തുടങ്ങി എന്നെനിക്ക് മനസിലായി അതുകൊണ്ട് നമുക്ക് ശിവാജി ചൗക്കിലെ ആ ബീയർ ബാറിന്റ അടുത്ത് ഒന്ന് പോയി സംഭവം അന്വേഷിച്ചു വരാം. അവിടെ അടിപിടി നടക്കുന്നു എന്നായിരുന്നല്ലോ ഫോൺ കാൾ...ബാറിന്റെ അടുത്തേക്ക് ക്ഷണിച്ചു എന്ന് കരുതി തെറ്റിദ്ധാരണ വേണ്ട. മദ്യപാനം ആരോഗ്യത്തിനു ഹാനികരമാണ് എന്ന് നിങ്ങളെപ്പോലെ തന്നെ എനിക്കും നല്ല ബോധ്യം ഉണ്ട്. ആത്മ ബലം പക്ഷെ രക്ഷ..

പ്രോസിക്യൂഷൻ കേസ് പ്രകാരം കേവലം അടിപിടി അല്ല, വാൾ പ്രയോഗമടക്കം ഭീകര മർദ്ദന മുറകൾ ആണ് അവിടെ നടന്നത്. കല്ലം പോലീസ് ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ 302-ഉം 34-ഉം വകുപ്പുകൾ ചേർത്ത് എഫ് ഐ ആർ രജിസ്റ്റർ ചെയ്തു. 4 പേർ പങ്കെടുത്ത ആ സംഭവത്തിൽ ഒരു പ്രതി ഒളിവിൽ പോയതൊഴികെയുള്ള ബാക്കി മൂന്നു പേരായ നേതാജി, സമദാൻ, ബാലാസഹേബ് എന്നിവരുടെ കേസ് ആണ് വിചാരണ കോടതിയിൽ നടന്നത്. ഒളിവിൽ പോയ ആനന്ദ് സംഭവസ്ഥലത്ത് നിന്ന് സമദാൻ ഓടിച്ച മോട്ടോർ സൈക്കിളിലാണ് രക്ഷപ്പെട്ടത് എന്ന് തെളിഞ്ഞ സാഹചര്യത്തിൽ അയാളെ ശിക്ഷിക്കുകയും ബാക്കി രണ്ടു പേരെ വെറുതെ

വിടുകയുമാണ് വിചാരണ കോടതി ചെയ്തത്. വെറുതെ വിട്ടതിനെതിരെ സർക്കാരും ശിക്ഷിച്ചതിനെതിരെ സമദാനും ഹൈക്കോടതിയിൽ അപ്പീൽ പോയി. വെറുതെ വിട്ട കീഴ്ക്കോടതി നടപടി റദ്ദ് ചെയ്തു മൂന്നു പേരും ശിക്ഷാർഹർ ആണെന്ന് ഹൈക്കോടതി വിധിച്ചു. ശിവാജി ചൗക്കിൽ മർദ്ദനത്തിനിരയായ സുഹാസ് ഏകദേശം 7.15 മണിക്കാണ് ആശുപത്രിയിൽ വെച്ചു മരണപ്പെട്ടത്. ഒരു മരണമൊഴിയും അദ്ദേഹം നൽകിയിരുന്നു. ഞാൻ മുൻപ് പറഞ്ഞപോലെ കേസിന്റെ എല്ലാ വിശദാംശങ്ങളും പറയാൻ തുടങ്ങിയാൽ ഇതിന്നെങ്ങും അവസാനിക്കില്ല. കേസിന്റെ ഭാഗമായി വന്ന പ്രധാന തർക്കങ്ങളിൽ ഒന്ന് എഫ് ഐ ആറിന്റെ സാധുത സംബന്ധിച്ചതായിരുന്നു. പ്രോസിക്യൂഷൻ കേസ് പ്രകാരം പോലീസ് എഫ് ഐ ആർ ഇട്ടത് രാത്രി 11.30–നു ആയിരുന്നു. വൈകുന്നേരം 5.30–നു തന്നെ കുറ്റകൃത്യം സംബന്ധിച്ച വിവരം സ്റ്റേഷനിൽ ലഭിച്ചു എന്നിരിക്കെ 5.30–നു ലഭിച്ച വിവരപ്രകാരം പോലീസ് രേഖപ്പെടുത്തിയ ജനറൽ ഡയറി എൻട്രി (അതായത് നമ്മുടെ സിനിമയിൽ വിട്ടുപോയി എന്ന് ഞാൻ സൂചിപ്പിച്ച സംഗതി) എഫ് ഐ ആർ ആയി കരുതേണ്ടതാണ് എന്നും 11.30–നു പോലീസ് കൃത്യസ്ഥലത്തു പോയി ശേഖരിച്ച മൊഴികളുടെയും മറ്റും അടിസ്ഥാനത്തിൽ തയ്യാറാക്കിയത് എഫ് ഐ ആറിന്റെ ഭാഗമല്ല മറിച്ചു സി ആർ പി സി 161–ാം വകുപ്പ് പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് ആയെ കരുതാൻ പാടുള്ളുവെന്നുമാണ് ഉയർന്നു വന്ന വാദമുഖം.

നിയമതല്പരരായ ആളുകളാണ് ഈ കുറിപ്പിന്റെ വായനക്കാർ എന്നതിനാൽ 154–ാം വകുപ്പും 161–ാം വകുപ്പും തമ്മിലും അതിന്റെ തെളിവ് മൂല്യം സംബന്ധിച്ചുമൊന്നും വിശദീകരണത്തിന്റെ കാര്യം ഇല്ലെന്നറിയാം. എങ്കിലും കേസ് അന്വേഷിക്കുന്ന പോലീസുദ്യോഗസ്ഥൻ ഏതെങ്കിലും ഒരു സാക്ഷിയിൽ നിന്നും ചോദിച്ചറിയുന്ന വിവരങ്ങൾ എഴുതി തയ്യാറാക്കുന്ന ഒരു സ്റ്റേറ്റ്മെന്റ് ആണ് 161 പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് എന്ന് സിമ്പിൾ ആയി പറഞ്ഞു പോകാം. അതായത് അത് പോലീസ് അന്വേഷണത്തിന്റെ ഭാഗമാണ് എന്ന് തന്നെ. ഈ വാദം ശരിവെച്ചു കൊണ്ട് 5.30–നു ലഭിച്ച വിവരമാണ് ഫസ്റ്റ് ഇൻഫർമേഷൻ എന്നും രാത്രി 11.30–നു രേഖപ്പെടുത്തിയ രണ്ടാമത്തേത് എഫ് ഐ ആർ അല്ലെന്നുമാണ് വിചാരണ കോടതി വിലയിരുത്തിയതെന്നതിനാൽ ടി ടി ആന്റണി Vs സ്റ്റേറ്റ് ഓഫ് കേരള (2001) 6 SCC 181, ദാമോദർ Vs സ്റ്റേറ്റ് ഓഫ് രാജസ്ഥാൻ (2004) 12 SCC 336 എന്നീ കേസുകളുടെ വിധിയുടെ അടിസ്ഥാനത്തിൽ സുപ്രീം കോടതി ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കുറ്റകൃത്യം സംബന്ധിച്ച വിശദാംശങ്ങൾ ഇല്ലാത്ത ഫോൺ സന്ദേശങ്ങൾ ഉൾപ്പെടെയുള്ള സന്ദേശങ്ങൾ എഫ് ഐ ആർ ആയി പരിഗണിക്കാൻ കഴിയില്ല എന്ന് കോടതി ആവർത്തിച്ചു പ്രസ്താവിച്ചു. ഒരു ടെലഫോൺ കോളിൽ സി ആർ പി സി 154 ൽ പറയുന്ന.........എഴുതിയെടുത്തു തിരിച്ചു വായിച്ചു കേൾപ്പിച്ചു ഒപ്പ് വയ്ച്ചു വാങ്ങുന്ന നടപടിക്രമത്തിന്റെ അഭാവം ഉണ്ട് എന്ന് സുരാജിത് സർക്കാർ Vs സ്റ്റേറ്റ് ഓഫ് വെസ്റ്റ് ബംഗാൾ (2013) 2 SCC 146 എന്ന കേസിലെ സുപ്രീം കോടതിയുടെ തന്നെ വിധിയിലെ പരാമർശം ഉദ്ധരിച്ചുകൊണ്ട് ഒന്നുകൂടി ഓർമ്മിപ്പിക്കുകയും ചെയ്തു.

ഹൈക്കോടതി വിധി സുപ്രീം കോടതി ശരിവെച്ചു എന്ന് പറഞ്ഞുകൊണ്ട് കുറിപ്പ് അവസാനിപ്പിക്കാൻ ആണ് ആദ്യം വിചാരിച്ചത്. പക്ഷെ മനുഷ്യത്വം തൊട്ട് തീണ്ടാതെ പണത്തിന്റെ അഹങ്കാരം കാണിച്ച സാമ്സൺ അച്ചായനെ അല്പം കടന്ന നടപടിയിലൂടെ ആണെങ്കിലും അകത്താക്കിയ ബിജു പൗലോസിന് സലാം പറഞ്ഞു കൊണ്ടല്ലാതെ ഇതവസാനിപ്പിച്ചാൽ മാന്യവായനക്കാർ എന്നോട് പൊറുക്കുകയില്ലെന്ന് കരുതുന്നു. കേരള പോലീസിലെ നൂറുകണക്കിന് ബിജു പൗലോസുമാർക്ക് എന്റെ നല്ലനമസ്ക്കാരം...................





**ദിപിൻറോയ്**
അസിസ്റ്റ് ലീഗൽ ഓഫീസർ,
നിയമവകുപ്പ്.

# 'നോക്കുകൂലി'
# ( GAWKING WAGES)

എന്താണ് നോക്കുകൂലി എന്നും ഇത് സംബന്ധിച്ച് എന്തെല്ലാം നിയമങ്ങൾ നിലവിലുണ്ടെന്നും ഇത് തടയേണ്ടത് എങ്ങനെയെന്നുമൊക്കെ നാമെല്ലാം അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്. കേരളത്തിലെ ചുമട്ടുതൊഴിൽമേഖലയിൽ നിലനിന്നിരുന്ന അനഭിലഷണീയവും അനാരോഗ്യപരവും ആയ ഒരു പ്രവണതയാണ് നോക്കുകൂലി. ചെയ്യാത്ത ജോലിക്ക് കൂലി ആവശ്യപ്പെടുക അല്ലെങ്കിൽ കുറഞ്ഞ ജോലിക്ക് അമിതകൂലി ആവശ്യപ്പെടുക എന്നതടക്കമുള്ള നിയമവിരുദ്ധ പ്രവണതകളാണ് കാലക്രമത്തിൽ നോക്കുകൂലി എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങിയത്. നോക്കുകൂലി എന്നത് ഇംഗ്ലീഷ് ഭാഷയിൽ എഴുതുമ്പോഴും ''Nokkukooli'' എന്ന രീതിയിൽ തന്നെയാണ് പൊതുവെ എഴുതിക്കാണാറെങ്കിലും ഇംഗ്ലീഷ് പത്രമാധ്യമങ്ങളും മറ്റും നോക്കുകൂലി എന്നതിന് Gawking Wages, Gawking Charges, Gawking Fees എന്നിങ്ങനെ പല രീതിയിൽ ഉപയോഗിക്കുന്നുണ്ട്. അംഗീകൃത ചുമട്ട് തൊഴിലാളികളല്ലാത്തവരെക്കൊണ്ടോ ആധുനിക യന്ത്രങ്ങൾ ഉപയോഗിച്ചോ കയറ്റിറക്ക് ജോലികൾ നടത്തേണ്ടിവരുമ്പോഴൊക്കെ ആ പ്രദേശത്തെ തൊഴിലാളി യൂണിയന് കൊടുക്കേണ്ട കൂലി എന്ന രീതിയിലാണ് നോക്കുകൂലി സമ്പ്രദായത്തെ ഈ രംഗത്ത് പ്രവർത്തിച്ചിരുന്നവർ വിശേഷിപ്പിച്ചിരുന്നത്. "ജോലി ചെയ്യാനുള്ള അവകാശം" എന്ന ആശയത്തിന്റെ ചുവടുപിടിച്ചാണ് അനാരോഗ്യപരമായ ഈ പ്രവണത കേരളത്തിലെ ചുമട്ടുതൊഴിലാളി മേഖലയിൽ തൊഴിലെടുക്കുന്നവരുടെ ആത്മാർത്ഥതയുടെമേൽ ഒരു ചോദ്യചിഹ്നമായി അവശേഷിച്ചത്.

നോക്കുകൂലി സംബന്ധിച്ച വിശദാംശങ്ങളിലേക്ക് കടക്കുന്നതിന് മുൻപ് മറ്റു ചില വസ്തുതകൾ പരിശോധിക്കാം. യന്ത്രങ്ങൾ ലഭ്യമല്ലാത്തതിന് മുമ്പ് കേരളത്തിൽ ചുമട്ടുതൊഴിൽമേഖലയിലും നിർമ്മാണ-വ്യവസായ മേഖലയിലും കയറ്റിറക്ക് നടന്നതെങ്ങനെയെന്ന് അറിയണം. നിർമ്മാണ-വ്യവസായ മേഖലയിലെ വലിയ തോതിലുള്ള അത്തരം പ്രവർത്തനങ്ങളെ കൈകാര്യം ചെയ്യുന്നതിന് തൊഴിലാളികളെ ആവശ്യമായി വരുകയും ലോഡിംഗ്/അൺലോഡിംഗ് ജോലി ചെയ്യുന്നതിന് ഒരു കൂലി നിശ്ചയിക്കുകയും ചെയ്തുകൊണ്ടാണ് ചുമട്ടുതൊഴിൽ എന്ന തൊഴിൽമേഖല ആരംഭിച്ചത്. കാലക്രമത്തിൽ ആകർഷകമായ ദൈനംദിന വരുമാനം ലഭ്യമാകുന്ന ഒരു തൊഴിലായി ഇത് മാറി, അതിനാൽ "ചുമട്ടുതൊഴിലാളികൾ" എന്ന് വിളിക്കപ്പെടുന്ന ആളുകളുടെ കൂട്ടം കേരളത്തിലെ ഏത് പ്രദേശത്തും, കൂടുതലും നഗരപ്രദേശങ്ങളിലും സമീപ പ്രദേശങ്ങളിലും വ്യാപകമായിത്തുടങ്ങി. അവർ വൻതോതിൽ വളർന്നപ്പോൾ തൊഴിലാളികൾക്കിടയിൽ ഹെഡ്-ലോഡ് വർക്കേഴ്സ് യൂണിയനുകൾ രൂപപ്പെടുകയും രാഷ്ട്രീയമായും സാമൂഹികമായും സംഘടിച്ച് അവർ ഒരു വിലപേശൽ ശക്തിയായി മാറുകയും ചെയ്തു. 1990-കളിൽ,നിർമ്മാണ-വ്യവസായ മേഖലയിൽ ലോഡിംഗ്/അൺലോഡിംഗ് ചെയ്യുന്നതിനുള്ള ഒരു സാമ്പത്തിക ബദലായി യന്ത്രവൽകൃത സംവിധാനങ്ങൾ മാറിയപ്പോൾ, ഒരു പുതിയ തൊഴിൽ പ്രശ്നം ആരംഭിച്ചു. തൊഴിൽ നഷ്ടം വ്യാപകമായി, വരുമാനം കുറഞ്ഞു. അങ്ങനെ "നോക്കുകൂലി" എന്ന് വിളിക്കുന്ന ഒരു പുതിയ തന്ത്രം നിലവിൽ വന്നു; തൊഴിൽ നഷ്ടം നികത്താനുള്ള ഒരു മാർഗമായാണ് ഇത് ആരംഭിച്ചത്.

**കേരള ചുമട്ടുതൊഴിലാളി നിയമം, 1978**: ചുമട്ടുതൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനും തൊഴിൽ നിയന്ത്രിക്കുന്നതിനും തൊഴിൽ തർക്കം പരിഹരിക്കുന്നതിനും വേണ്ടി നിർമ്മിക്കപ്പെട്ടിട്ടുള്ള നിയമമാണ് 1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമം. ഇത്തരത്തിൽ ഒരു നിയമം ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും നിലവിലില്ലായിരുന്നു. അതുകൊണ്ട് തന്നെ ചുമട്ടു തൊഴിലാളി മേഖലയിൽ കേരളം നടത്തിയ സുപ്രധാന ചുവടുവയ്പ്പാണ് ഈ നിയമം.

1 കേരളമൊട്ടാകെ ഈ നിയമം ബാധകമാണെങ്കിലും കേന്ദ്ര സർക്കാർ ഉടമസ്ഥതയിൽ ഉള്ളതോ നിയന്ത്രണത്തിലുള്ളതോ ആയ സ്ഥാപനങ്ങൾക്കു ബാധകമല്ല.

2 വേതനം ക്രമപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടു കൂടിയും ചരക്കുകളും സാമഗ്രികളും കയറ്റുന്നതിനും ഇറക്കുന്നതിനും പരിവഹണം ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ട നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനുമായി 2002 ൽ കേരള കയറ്റിറക്ക് (കൂലി ക്രമപ്പെടുത്തലും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കലും) ആക്ടിന്റെ നിയമനിർമ്മാണം നടത്തിയെങ്കിലും പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ, കയറ്റുകയോ ഇറക്കുകയോ ചെയ്യുന്ന ജോലി ഉപജീവന മാർഗ്ഗമാക്കിയിട്ടുള്ള തൊഴിലാളികളുടെ ജോലി സാധ്യത ഇല്ലാതാക്കുന്നതിനാലും 1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്ടിൽ നോക്കുകൂലി ഉൾപ്പെടെയുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനുള്ള വ്യവസ്ഥകൾ ഉള്ളതിനാലും 2002 ലെ ആക്ടിലെ വ്യവസ്ഥകൾ 2008-ലെ 27-ാം ആക്ട് പ്രകാരം റദ്ദ് ചെയ്യുകയാണുണ്ടായത്.

കയറ്റിറക്ക് മേഖലയിലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 1978-ലെ ആക്ടിന്റെ 9-ാം വകുപ്പിലെ "ചുമട്ടുതൊഴിലാളി" എന്നതിന്റെ നിർവചനത്തിൽ കാലാനുസൃതമായ ഭേഗദതി കൊണ്ടുവന്നിട്ടുമുണ്ട്. വാഹനത്തിൽ നിന്നോ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്കോ തലച്ചുമടായോ ട്രോളി

ഉപയോഗിച്ചോ, കൈകാര്യം ചെയ്യാൻ വൈദഗ്ദ്ധ്യം വേണ്ട സാധനങ്ങൾ ഒഴികെയുള്ള, സാധന സാമഗ്രികൾ കയറ്റുന്നതിനും ഇറക്കുന്നതിനും, ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകുന്നതിനുമായി നേരിട്ടോ കരാറുകാരൻ മുഖേനയോ കൂലിക്കോ അല്ലാതെയോ ഏർപ്പെടുത്തുന്ന ആളിനെ ചുമട്ടുതൊഴിലാളി എന്ന നിർവചനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വീട്ടാവശ്യത്തിനായി ഒരു വ്യക്തി ഏർപ്പെടുത്തുന്ന ഒരാൾ ചുമട്ടുതൊഴിലാളി എന്ന നിർവചനത്തിൽ ഉൾപ്പെടുന്നില്ല. ഒരു ചുമട്ടുതൊഴിലാളി പുരുഷനാണെങ്കിൽ ഒരേ സമയം 55 കിലോഗ്രാമിൽ കൂടുതൽ ഭാരവും വനിതയാണെങ്കിൽ 35 കിലോഗ്രാമിൽ കൂടുതൽ ഭാരവും തലച്ചുമടായി വഹിക്കാൻ പാടില്ല. ഒരു ചുമട്ടുതൊഴിലാളി അംഗീകൃത രജിസ്ട്രേഷൻ കാർഡ് എപ്പോഴും കൈവശം സൂക്ഷിക്കേണ്ടതും, തൊഴിൽ ഉടമ ആവശ്യപ്പെടുന്നപക്ഷം പരിശോധനയ്ക്കായി നൽകാൻ ബാധ്യസ്ഥനുമാണ്. കാലാകാലങ്ങളിൽ തൊഴിൽ വകുപ്പ് പ്രസിദ്ധീകരിക്കുന്ന കൂലിനിരക്കാണ് ചുമട്ടുതൊഴിലാളിക്ക് നൽകേണ്ടത്.

ചുമട്ടുതൊഴിലുമായി ബന്ധപ്പെട്ടു തൊഴിലുടമകൾ തമ്മിലോ ചുമട്ടു തൊഴിലാളികൾ തമ്മിലോ തൊഴിൽ ഉടമയും ചുമട്ടു തൊഴിലാളിയും തമ്മിലോ ഉള്ള തർക്കത്തെയാണ് 'തൊഴിൽ തർക്കം' എന്ന രീതിയിൽ നിർവ്വചിച്ചിട്ടുള്ളത്. തൊഴിലുടമക്ക് നേരിട്ടോ അല്ലാതെയോ കരാറുകാരൻ മുഖേനയോ കയറ്റിറക്കു തൊഴിലാളിയെ നിയമി ക്കാവുന്നതാണ്. നോക്കുകൂലി ആവശ്യപ്പെട്ടത് സംബന്ധിച്ച തർക്കങ്ങൾ ചുമട്ടു തൊഴിലാളി ആക്ട് പ്രകാരം തൊഴിൽ തർക്കം എന്ന നിർവ്വചനത്തിൽ പെടാത്തതിനാൽ നിയമ പ്രകാരം പോലീസിൽ പരാതിപ്പെടാനും കേസ് രജിസ്റ്റർ ചെയ്യുന്നതിനും നിയമ തടസ്സമില്ല. ഇനി ഏതെല്ലാം സാഹചര്യത്തിൽ ചുമട്ടുതൊഴിലാളിക്ക് കയറ്റിറക്ക് സംബന്ധിച്ച് അവകാശവാദം ഉന്നയിക്കാൻ കഴിയില്ല എന്ന് നോക്കാം .

(എ) ഒരു വ്യക്തിക്ക്, വ്യാപാരാവശ്യത്തിനല്ലാതെ 10 ലക്ഷം രൂപയിൽ കവിയാത്ത ചെലവ് വരുന്ന വീട് നിർമ്മിക്കുന്നതിനോ, പുതുക്കി പണിയുന്നതിനോ വേണ്ടി വ്യക്തിപരമായ ഉപയോഗത്തിന് ആവശ്യമായ നിർമ്മാണ സാമഗ്രികൾ, ഉപകരണ ങ്ങൾ, യന്ത്രങ്ങൾ തുടങ്ങി ഏതു സാധനവും കയറ്റിറക്കു നടത്തുന്നതിന് ഉടമയോ ഉടമ നിർദ്ദേശിക്കുന്ന ആളിനോ അല്ലാതെ ചുമട്ടുതൊഴിലാളിക്ക് യാതൊരു അവകാശവും ഇല്ല .

(ബി) വ്യക്തിപരമായ ആവശ്യത്തിന് വേണ്ടി മരങ്ങളും തടിയും മുറിക്കുന്നതിനും നീക്കം ചെയ്യുന്നതിനും സ്ഥലം മാറ്റുന്നതിനും മറ്റും ;

(സി) വ്യക്തിപരമായ ആവശ്യത്തിന് മൃഗങ്ങളെ സ്ഥലം മാറ്റുന്നതിനും പരിവഹണം ചെയ്യുന്നതിനും ;

(ഡി) കാർഷികാവശ്യത്തിനു കൊണ്ട് പോകുന്ന സാധങ്ങൾ കയറ്റിറക്കു നടത്തുന്നതിന് ;

(ഇ) വീട് മാറി താമസിക്കുന്നതിലേക്കുള്ള ആവശ്യത്തിലേക്ക് കൊണ്ട് പോകുന്നതിനുള്ള സാധങ്ങൾ.

(എഫ്) അഞ്ചു ലക്ഷം രൂപയിൽ കവിയാത്ത പഴയ കെട്ടിട സമഗ്രികളും അല്ലെങ്കിൽ ഉപകരണങ്ങളും പൊളിച്ചു മാറ്റുന്നതിനും ഇടിച്ചുകളയുന്നതിനും സ്ഥലം മാറ്റം ചെയ്യുന്നതിനും.. ..

4 ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട കയറ്റിറക്കു ജോലികൾക്കും ചുമട്ടു

തൊഴിലാളികൾക്ക് നിയമപരമായി അവകാശവാദം ഉന്നയിക്കാൻ കഴിയില്ല . എന്നാൽ മുകളിൽ പറഞ്ഞ ഏത് പ്രവർത്തികൾ ചെയ്യുന്നതിനും ആവശ്യമെങ്കിൽ ചുമട്ടുതൊഴിലാളികളെ നിയമിക്കുന്നതിന് നിയമതടസ്സവുമില്ല.

കയറ്റിറക്കു സംബന്ധിച്ച തൊഴിൽ തർക്കങ്ങളുമായി ബന്ധപ്പെട്ട് ആദ്യം പരാതി നൽകേണ്ടത് അതാത് ഏരിയയിലെ അസിസ്റ്റന്റ് ലേബർ ഓഫീസർക്കാണ്. പരാതിക്കു പരിഹാരം ലഭിച്ചില്ലെങ്കിൽ ഡെപ്യൂട്ടി ലേബർ ഓഫീസർ, തുടർന്ന് ജില്ലാ ലേബർ ഓഫീസർ എന്നിവർക്ക് പരാതി നൽകാവുന്നതാണ്. ജില്ലാ ലേബർ ഓഫീസറുടെ ഉത്തരവിൽ ആക്ഷേപമുള്ളപക്ഷം ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ മുൻപാകെ അപ്പീൽ ഫയൽ ചെയ്തും പരിഹാരം കാണാവുന്നതാണ്. അടിയന്തരഘട്ടങ്ങളിൽ കയറ്റിറക്കു സംബന്ധിച്ചും അതുമായി ബന്ധപ്പെട്ട നോക്കുകൂലി സംബന്ധിച്ചും തർക്കമുണ്ടാവുകയാണെങ്കിൽ ആവശ്യമെങ്കിൽ പോലീസിന്റെ സഹായവും തേടാവുന്നതാണ്. സംസ്ഥാന സർക്കാർ 'നോക്കുകൂലി' 2018 മെയ് 1 മുതൽ നിരോധി ച്ചിട്ടുള്ളതാണ്. എന്നിരുന്നാലും നോക്കുകൂലി പൂർണ്ണമായും ഇല്ലാതായി എന്ന് പറയാൻ കഴിയില്ല. സർക്കാരും നിയമ സംവിധാനങ്ങളുമൊക്കെ ഇതിനെതിരെ കർശനമായ നിലപാടെടുത്തിട്ടുണ്ട്. നോക്കുകൂലി അവസാനിപ്പിക്കുന്നത് സംബന്ധിച്ചു ബഹു. കേരള ഹൈക്കോടതി സുപ്രധാനമായ നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. T.K.Sundaresan Vs. District Police Chief (WP(C) NO. 17866 of 2021(G)), എന്ന കേസിൽ, ഏതെങ്കിലും വ്യക്തി, ചുമട്ടുതൊഴിലാളി, യൂണിയൻ എന്നിവരിൽ നിന്ന് നോക്കുകൂലി സംബന്ധിച്ച ഏതെങ്കിലും തരത്തിലുള്ള ആവശ്യം നിയമവിരുദ്ധവും ഭരണഘടനാ വിരുദ്ധവുമാണെന്ന് ഹൈക്കോടതി പ്രഖ്യാപിച്ചു; മാത്രമല്ല, ആരോപണങ്ങളുടെ സ്വഭാവമനുസരിച്ച് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ ഉൾപ്പെടെ- കർശനവും ശക്തവുമായ നടപടിയെടുക്കാൻ ബന്ധപ്പെട്ട പ്രദേശത്തെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരോട് ഹൈക്കോടതി നിർദ്ദേശിച്ചു Jayaprakash Vs. Government of Kerala., Paulson Zachariya VS. Commission of Police എന്നീ കേസുകളിൽ നോക്കുകൂലി എന്നത് ഒരു സാമൂഹിക വിരുദ്ധ പ്രവർത്തിയാണ് എന്നും നിയമം അനുശാസിക്കുന്ന ശിക്ഷ ഉറപ്പാക്കണമെന്നും കോടതി നിർദ്ദേശിക്കുകയുണ്ടായി. Pynadath Granites Pvt. Ltd. Vs. K.S joy & Others (WP(c)No.24706/2017), Akbar Vs. Sub Inspector of Police (WP(C)No.30759/2014), Timber Merchant Association Pala &Ors Vs. Superiendent of Police (WP(C)No.21757/2014)എന്നീ കേസുകളിൽ യന്ത്രവൽകൃത സംവിധാനത്തിലൂടെ കയറ്റിറക്ക് നടത്തുമ്പോൾ ചുമട്ടുതൊഴിലാളിക്ക് അതിൽ അവകാശവാദം ഉന്നയിക്കാൻ കഴിയില്ലായെന്നും നോക്കുകൂലി ആവശ്യപ്പെടുന്നത് നിയമ വിരുദ്ധമാണെന്നും കോടതി നിരീക്ഷിച്ചു.

നോക്കുകൂലി നിരോധനം നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ടെങ്കിലും നോക്കുകൂലി ആവശ്യപ്പെടുന്നതും അത് കൊടുക്കുന്നത് സംബന്ധിച്ചും തൊഴിലാളികൾക്കും പൊതുജനങ്ങൾക്കുമുള്ള നിയമപരമായ അജ്ഞതയും അറിവില്ലായ്മയും പലപ്പോഴും ചുമട്ടുതൊഴിൽ മേഖലയിലും സമൂഹത്തിലും നോക്കുകൂലി പോലുള്ള നിയമവിരുദ്ധ പ്രവണതകൾ വ്യാപകമാകാൻ കാരണമാകുന്നുണ്ട്. നിയമ നിർമ്മാണസഭകൾ പാസ്സാക്കുന്ന നിയമങ്ങളും അതിൻകീഴിൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങളും ഉത്തരവുകളുമൊക്കെ പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്താറുണ്ട്. അതുകൊണ്ടുതന്നെ പൊതുജനങ്ങൾ എല്ലാ നിയമങ്ങളെ പ്പറ്റിയും അവകാശങ്ങളെപ്പറ്റിയും അവബോധമുള്ളവരായിരിക്കണം. കൃത്യമായ നിയമാവബോധമുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിലൂടെ മാത്രമേ നിയമവാഴ്ച ഉറപ്പാക്കുന്ന ഒരു ജനാധിപത്യ സംവിധാനത്തിന് നിലനിൽപ്പുള്ളൂ.




# നിയമപദപരിചയം

# LEGAL TERMINOLOGY

# നിയമപദപരിചയം

| | | |
|---|---|---|
| Malfeasance | - | നിയമവിരുദ്ധമായപ്രവൃത്തി |
| Approver | - | മാപ്പുസാക്ഷി |
| Antiquity | - | പുരാതനകാലം |
| Acquiescence | - | അനുമതി |
| Corrigendum | - | ശുദ്ധിപത്രം |
| Impugned order | - | ചോദ്യം ചെയ്യപ്പെട്ട/ വിമർശിക്കപ്പെട്ട/ ദോഷമാരോപിക്കപ്പെട്ട ഉത്തരവ് |
| Assignor | - | തീറുകൊടുക്കുന്നവൻ |
| Contraband | - | നിയമനിഷിദ്ധമായ |
| Conspicuous place | - | ശ്രദ്ധയാകർഷിക്കത്തക്ക സ്ഥലം |
| Donation mortis causa | - | മരണപ്രതീക്ഷയോടെ ചെയ്യുന്ന ദാനം |
| During the pendency of the suit | - | വ്യവഹാരം നിലവിലിരിക്കെ |
| Examination-in-Chief | - | ആദ്യവിസ്താരം |
| Hostage | - | ബന്ദിയാക്കൽ |
| Mandate | - | കൽപ്പന, ഉത്തരവ് |
| Par delictum | - | തുല്യമായി തെറ്റുചെയ്ത |
| Partition deed | - | ഭാഗപത്രം |
| Parol lease | - | വാക്കാലുള്ള വാടക ഉടമ്പടി |
| Parol evidence | - | വാക്കാൽ തെളിവ് |
| Parol contract | - | വാക്കാലുള്ള കരാർ |
| Parole | - | നല്ല നടപ്പിനുള്ള വ്യവസ്ഥകൾക്കു വിധേയമായി തടവു പുള്ളിയെമോചിപ്പിക്കൽ |
| Parolee | - | പരോളിൽ ഇറങ്ങിയ കുറ്റവാളി |




# നിയമ സൂക്തങ്ങൾ (ലീഗൽ മാക്സിമുകൾ)

# നിയമ സൂക്തങ്ങൾ
# (ലീഗൽ മാക്സിമുകൾ)

1) Ex nudo pacto non oritut (nascitur) actio

പ്രതിഫലമില്ലാത്ത ഉടമ്പടിക്കുമേൽ വ്യവഹാരം സാധ്യമല്ല.

( out of a nude pact no action arises)

2) Audi alteram partem :

എതിർഭാഗം പറയുന്നത് കൂടി കേൾക്കണം.

( Hear the other side)

3) Actio personalis moritur cum persona

ഒരു വ്യക്തിയുടെ പേരിൽ സ്വീകരിക്കുന്ന നിയമനടപടികൾ അയാളുടെ മരണത്തോടെ അവസാനിക്കുന്നു ( A personal action dies with the person).

4) Qui non obstat quod obstare potest facere videtur

ഒരു വ്യക്തി അയാൾക്ക് തടയുവാൻ കഴിയുമായിരുന്ന കാര്യം തടയാതിരുന്നാൽ ആ പ്രവൃത്തി അവൻ ചെയ്തതായി കണക്കാക്കും.

(He who does not prevent what he is able to prevent, is considered as committing the thing)

5) Ex pacto illicto oritur actio

നിയമവിരുദ്ധമായ ഉടമ്പടി വ്യവഹാരത്തിന് കാരണമാകുന്നില്ല.

From an illegal contract a cause of action does not arise. A right does not arise from an unlawful act.




# New Acts

2022-ലെ 15-ാം ആക്റ്റ്

2022-ലെ കേരള തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് ആക്റ്റ്

കേരള സംസ്ഥാനത്തെ പഞ്ചായത്ത്, മുൻസിപ്പാലിറ്റി,
തദ്ദേശസ്വയംഭരണ വകുപ്പ്
(പ്ലാനിംഗ്) എന്നിവയ്ക്ക് കീഴിലുള്ള സർവ്വീസുകളെയും,
ഗ്രാമവികസനം, തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം
സർവ്വീസുകളെയും ഏകീകരിച്ചുകൊണ്ട്

ഒരു തദ്ദേശസ്വയംഭരണ പൊതുസർവ്വീസ്
രൂപീകരിക്കുന്നതിനായുള്ള

ഒരു
## ആക്റ്റ്

പീഠിക.- കേരള സംസ്ഥാനത്തെ പഞ്ചായത്ത്, മുൻസിപ്പാലിറ്റി, തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്) എന്നിവയ്ക്ക് കീഴിലുള്ള സർവ്വീസുകളെയും, ഗ്രാമവികസനം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം സർവ്വീസുകളെയും ഏകീകരിച്ചുകൊണ്ട് ഒരു തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

III. ചുരുക്കപ്പേരും പ്രാരംഭവും.- (1) ഈ ആക്റ്റിന് 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2022 മാർച്ച് 31-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 1994ലെ 13-ാം ആക്റ്റിന്റെ ഭേദഗതി.- 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ (1994ലെ 13-ാം ആക്റ്റ്) 180-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പിൽ,-

(I) "ഉദ്യോഗസ്ഥൻമാരേയോ ജീവനക്കാരേയോ സംസ്ഥാനമൊട്ടാകെയോ ഓരാ ജില്ലയ്ക്കു വേണ്ടിയോ ഒരു പ്രത്യേക സർവ്വീസായി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതുമാണ്'' എന്ന വാക്കുകൾക്ക് പകരം ''ഉദ്യോഗസ്ഥരെയും ജീവനക്കാരെയും മറ്റേതെങ്കിലും സർവ്വീസുകളിലുള്ള സർക്കാർ ജീവനക്കാരെയും ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിനൊട്ടാകെയോ ഓരോ ജില്ലയ്ക്കുമായോ

തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതുമാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;-

(ii) താഴെപ്പറയുന്ന വിശദീകരണം ചേർക്കേണ്ടതാണ്, അതായത്:-

'വിശദീകരണം:- ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി, ''മറ്റേതെങ്കിലും സർവ്വീസുകളിലുള്ള സർക്കാർ ജീവനക്കാർ'' എന്നാൽ, സംസ്ഥാനത്തെ മുൻസിപ്പാലിറ്റി, തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്) എന്നിവയ്ക്ക് കീഴിലുള്ള സർവ്വീസുകളിലെയും ഗ്രാമവികസനം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം സർവ്വീസുകളിലെയും സർക്കാർ ജീവനക്കാർ എന്നർത്ഥമാകുന്നു.".

3. 1994-ലെ 20-ാം ആക്റ്റിന്റെ ഭേദഗതി.- 1994-ലെ കേരള മുൻസിപ്പാലിറ്റി ആക്റ്റിന്റെ (1994-ലെ 20-ാം ആക്റ്റ്) 222-ാം വകുപ്പിന്റെ (1ബി) ഉപവകുപ്പിൽ,-

(I) "ഉദ്യോഗസ്ഥരെയോ ജീവനക്കാരെയോ സംസ്ഥാനത്തിനൊട്ടാകെയൊ ഓരോ ജില്ലക്കുമായോ ഒരു പ്രത്യേക സർവ്വീസായി രൂപീകരിക്കുന്നതിനുകൂടി വ്യവസ്ഥ ചെയ്യാവുന്നതുമാണ്''എന്ന വാക്കുകൾക്ക് പകരം 'ഉദ്യോഗസ്ഥരെയും ജീവനക്കാരെയും മറ്റേതെങ്കിലും സർവ്വീസുകളിലുള്ള സർക്കാർ ജീവനക്കാരെയും ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിനൊട്ടാകെയോ ഓരോ ജില്ലയ്ക്കുമായോ തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതുമാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) താഴെപറയുന്ന വിശദീകരണം ചേർക്കേണ്ടതാണ്, അതായത്:-

'വിശദീകരണം:- ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി, "മറ്റേതെങ്കിലും സർവ്വീസുകളിലുള്ള സർക്കാർ ജീവനക്കാർ" എന്നാൽ, സംസ്ഥാനത്തെ പഞ്ചായത്ത്, തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്) എന്നിവയ്ക്ക് കീഴിലുള്ള സർവ്വീസുകളിലെയും ഗ്രാമവികസനം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നീ സർവ്വീസുകളിലെയും സർക്കാർ ജീവനക്കാർ എന്നർത്ഥമാകുന്നു.".

4. 2016-ലെ 9-ാം ആക്റ്റിന്റെ ഭേദഗതി.- 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ (2016-ലെ 9-ാം ആക്റ്റ്) 10-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിനുശേഷം താഴെപറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:-

"(3) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, 1968-ലെ കേരള പബ്ലിക് സർവ്വീസസ് ആക്റ്റ് (1968-ലെ 19-ാം ആക്റ്റ്) പ്രകാരം ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളനുസരിച്ച് ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും തരംതിരിവ്, റിക്രൂട്ട്മെന്റ്/നിയമനരീതി, സേവന വ്യവസ്ഥകൾ, ശമ്പളവും ബത്തകളും, അച്ചടക്കം, പെരുമാറ്റം എന്നിവ സർക്കാർ നിയന്ത്രിക്കേണ്ടതും അങ്ങനെയുള്ള ചട്ടങ്ങളിൽ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട, തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്)-ലെ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും മറ്റേതെങ്കിലും സർവ്വീസുകളിലുള്ള സർക്കാർ ജീവനക്കാരെയും ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിനൊട്ടാകെയോ ഓരോ ജില്ലയ്

ക്കുമായോ തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതുമാണ്.

വിശദീകരണം:- ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി, "മറ്റേതെങ്കിലും സർവ്വീസുകളിലുള്ള സർക്കാർ ജീവനക്കാർ"എന്നാൽ സംസ്ഥാനത്തെ പഞ്ചായത്ത്, മുൻസിപ്പാലിറ്റി എന്നിവയ്ക്ക് കീഴിലുള്ള സർവ്വീസുകളിലെയും ഗ്രാമവികസനം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നീ സർവ്വീസുകളിലെയും സർക്കാർ ജീവനക്കാർ എന്നർത്ഥമാകുന്നു.".

5. സാധൂകരണം.- 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ഓർഡിനൻസിന് (2022-ലെ 5) (ഇതിനുശേഷം പ്രസ്തുത ഓർഡിനൻസ് എന്നാണ് പരാമർശിക്കപ്പെടുക) 2022 ആഗസ്റ്റ് 8-ാം തീയതി പ്രാബല്യം ഇല്ലാതായിത്തീർന്നിരുന്നാൽതന്നെയും,-

(എ) പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13-ാം ആക്റ്റ്), 1994-ലെ കേരള മുൻസിപ്പാലിറ്റി ആക്റ്റ് (1944-ലെ 20-ാം ആക്റ്റ്), 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റുകൾ എന്നാണ് പരാമർശിക്കപ്പെടുക) എന്നീ ആക്റ്റുകളിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ, എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റുകളിലെ വ്യവസ്ഥകൾ പ്രകാരം ചെയ്തതതായോ എടുത്തതായോ കരുതപ്പെടേണ്ടതും;

(ബി) പ്രസ്തുത ഓർഡിനൻസിന് പ്രാബല്യം ഇല്ലാതായിത്തീർന്നതിന് ശേഷവും ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനുമുമ്പും ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, പ്രസ്തുത ഓർഡിനൻസിന്റെ പ്രാബല്യം ഇല്ലാതായിത്തീർന്നില്ലായെങ്കിൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റുകളിൻകീഴിൽ ചെയ്യുകയോ എടുക്കുകയോ ചെയ്യുമായിരുന്നു എന്നപോലെ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റുകളിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതുമാണ്.

# നിയമലോകം

## ജസ്റ്റിസ്. ശ്രീ. ഡി. വൈ. ചന്ദ്രചൂഡ്


### ഇന്ത്യൻ ചീഫ് ജസ്റ്റിസ്



ജസ്റ്റിസ് ശ്രീ യു. യു. ലളിതിന്റെ പിൻഗാമിയായി ജസ്റ്റിസ് ശ്രീ ധനഞ്ജയ യശ്വന്ത് ചന്ദ്രചൂഡ് ഇന്ത്യയുടെ 50-ാമത് ചീഫ്ജസ്റ്റിസായി അധികാരമേറ്റു. 2022 നവംബർ 9-ന് രാഷ്ട്രപതിഭവനിൽ നടന്ന ചടങ്ങിൽ ബഹു. രാഷ്ട്രപ്രതി ശ്രീമതി ദ്രൗപതി മൂർമ്മുവാണ് അദ്ദേഹത്തിന് സത്യവാചകം ചൊല്ലിക്കൊടുത്തത്.

നാഷണൽ ലീഗൽ സർവ്വീസസ് അതോറിട്ടിയുടെ മുൻ എക്സിക്യൂട്ടീവ് ചെയർമാനാണ് ജസ്റ്റിസ് ശ്രീ. ഡി. വൈ. ചന്ദ്രചൂഡ്. 1959 നവംബർ 11-ന് ജനിച്ച അദ്ദേഹം, 1978 മുതൽ 1985 വരെ ഇന്ത്യൻ ചീഫ് ജസ്റ്റിസായി ഏറ്റവും കൂടുതൽ കാലം സേവനമനുഷ്ഠിച്ച ജസ്റ്റിസ് ശ്രീ. വൈ. വി. ചന്ദ്രചൂഡിന്റെയും, പ്രഭാ ചന്ദ്രചൂഡിന്റെയും മകനാണ് . ഇന്ത്യൻ ജുഡീഷ്യറിയുടെ ചരിത്രത്തിൽ ആദ്യമായാണ് ഇന്ത്യയുടെ ചീഫ് ജസ്റ്റിസായിരുന്ന ഒരാളുടെ മകൻ ഇന്ത്യൻ ചീഫ് ജസ്റ്റിസായി അധികാരമേൽക്കുന്നത്.

ന്യൂഡൽഹിയിലെ സെന്റ് സ്റ്റീഫൻസ് കോളേജിൽ നിന്നും സാമ്പത്തിക ശാസ്ത്രത്തിൽ ഓണേഴ്സ് ബിരുദം നേടിയശേഷം അദ്ദേഹം ഡൽഹി



യൂണിവേഴ്സിറ്റിയിലെ ക്യാമ്പസ് ലാ സെന്ററിൽനിന്നും നിയമബിരുദം നേടി. അമേരിക്കയിലെ ഹാർവാഡ് ലാ സ്കൂളിൽനിന്നും നിയമത്തിൽ മാസ്റ്റർ ബിരുദവും തുടർന്ന് ജുറിഡിക്കൽ സയൻസിൽ ഡോക്ടറേറ്റും നേടി.

ബോംബെ ഹൈക്കോടതിയിൽ അഭിഭാഷകനായി പ്രാക്ടീസ് തുടങ്ങിയ അദ്ദേഹം മുംബൈ, ഒക്കലഹോമ യൂണിവേഴ്സിറ്റികളിൽ വിസിറ്റിംഗ് പ്രൊഫസറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1998-ൽ ഇന്ത്യയുടെ അഡീഷണൽ സോളിസിറ്റർ ജനറലായിരുന്നു. 2000-ത്തിൽ മുംബൈ ഹൈക്കോടതി ജഡ്ജിയായ അദ്ദേഹം 2013-ൽ അലഹബാദ് ഹൈക്കോടതി ചീഫ് ജസ്റ്റിസായി ഉയർത്തപ്പെട്ടു. തുടർന്ന് 2016 മേയിൽ സുപ്രീംകോടതി ജഡ്ജിയായി. അയോദ്ധ്യ ഭൂമി തർക്കകേസ്, സ്വകാര്യതക്കുള്ള അവകാശം ഉയർത്തിപ്പിടിച്ച വിധി, ശബരിമല കേസ്, ലിംഗനീതികേസ്, കോവിഡ് മഹാമാരികേസ് തുടങ്ങിയ ചരിത്രത്തിലിടം നേടിയ ഒട്ടനേകം നിർണ്ണായകങ്ങളായ സുപ്രീംകോടതി വിധികളുടെ ഭാഗമായിരുന്നു ജസ്റ്റിസ് ശ്രീ. ഡി. വൈ. ചന്ദ്രചൂഡ്.



2021-ൽ സുപ്രീംകോടതിയുടെ ഇ-കമ്മിറ്റിയുടെ അധ്യക്ഷനെന്ന നിലയിൽ കോടതി നടപടികളുടെ തൽസമയ സംപ്രേഷണത്തിനുള്ള കരട് നിർദ്ദേശം അദ്ദേഹമാണ് നൽകിയത്. ആധാർ കേസിലെയടക്കം ജസ്റ്റിസ് ശ്രീ. ഡി. വൈ. ചന്ദ്രചൂഡിന്റെ വിയോജിപ്പുള്ള വിധിന്യായങ്ങൾ പ്രശസ്തവും ചിന്തോദ്ദീപകവുമാണ്. "വിയോജിപ്പിനെ ഭയപ്പെടാത്ത ജഡ്ജി" എന്ന് അദ്ദേഹം വിളിക്കപ്പെടാറുണ്ട്. 2024 നവംബർ 10 വരെ ഇന്ത്യൻ ചീഫ്



ജസ്റ്റിസ് സ്ഥാനത്ത് കാലാവധിയുള്ള ജസ്റ്റിസ് ശ്രീ. ഡി. വൈ. ചന്ദ്രചൂഡിൽ നിന്നും ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഒട്ടനേകം ചരിത്രവിധികൾ പ്രതീക്ഷിക്കാം.

## 103 – ാം ഭരണഘടനാ ഭേദഗതി നിയമം സുപ്രീംകോടതി ശരിവച്ചു.

2019-ലെ 103-ാം ഭരണഘടനാ ഭേദഗതിനിയമം സുപ്രീംകോടതി ശരിവച്ചു. (ജൻഹിത് അഭിയാൻ Vs. യൂണിയൻ ഓഫ് ഇന്ത്യ W.P © No.55/2019) സംവരണേതര വിഭാഗത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പൗരൻമാർക്ക് (EWS) ജോലിക്കും വിദ്യാഭ്യാസത്തിനും 10 ശതമാനം വരെ സംവരണം അനുവദിച്ചുകൊണ്ടുള്ള ഭരണഘടനാ ഭേദഗതിയാണ് 103-ാം ഭേദഗതി നിയമം. ഭരണഘടനയുടെ 15, 16 അനുച്ഛേദങ്ങളിൽ ഖണ്ഡം (6) ഉൾപ്പെടുത്തിക്കൊണ്ടാണ് 103-ാം ഭേദഗതി പാർലമെന്റ് പാസ്സാക്കിയത്.

ഡൽഹി ആസ്ഥാനമാക്കി 2007 മുതൽ പ്രവർത്തിച്ചുവരുന്ന 'ജൻഹിത് അഭിയാൻ' എന്ന എൻ.ജി.ഒ ആണ് 103-ാം ഭേദഗതികളുടെ സാധുതയെ സുപ്രീം കോടതിയിൽ ചോദ്യം ചെയ്തത്. സാമ്പത്തികനിലയുടെ മാത്രം അടിസ്ഥാനത്തിൽ പ്രത്യേക പരിരക്ഷ നൽകുന്നത് ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങളിൽ നിന്നുള്ള വ്യതിചലനമാണെന്നായിരുന്നു ഹർജിക്കാരുടെ വാദം. എന്നാൽ 103-ാം ഭേദഗതി ഭരണഘടനയുടെ അടിസ്ഥാനഘടനയെ ബാധിക്കുന്നില്ലെന്ന് ബഹു. ചീഫ് ജസ്റ്റിസ് ശ്രീ. യു. യു. ലളിത് നേതൃത്വം നൽകിയ അഞ്ചംഗ ഭരണഘടനാബഞ്ച് ഭൂരിപക്ഷവിധിയിൽ (3:2) വ്യക്തമാക്കി. ബഹു. ജസ്റ്റിസ് ദിനേശ് മഹേശ്വരി, ബഹു. ജസ്റ്റിസ് ബേല. എം. ത്രിവേദി, ബഹു.ജസ്റ്റിസ് ജെ. ബി. പർദിവാല എന്നിവർ ഭേദഗതി നിയമം ശരിവച്ചപ്പോൾ ബഹു. ജസ്റ്റിസ് രവീന്ദ്രഭട്ടും ബഹു. ചീഫ് ജസ്റ്റിസ് യു. യു. ലളിതും ഭൂരിപക്ഷ വിധിയോട് വിയോജിച്ചു.



# നിയമവകുപ്പ് വാർത്തകൾ


## മലയാളദിനാഘോഷം

2022-ലെ മലയാളദിനാഘോഷവും ഭരണഭാഷാവാരാഘോഷവും നിയമ വകുപ്പ് സമുചിതം ആഘോഷിച്ചു. നിയമ (ഔദ്യോഗികഭാഷ-പ്രസിദ്ധീകരണസെൽ) വകുപ്പ് സംഘടിപ്പിച്ച മലയാള ദിനാഘോഷം നവംബർ 4-ന് സെക്രട്ടേറിയറ്റ് അനക്സ് II-ലെ ശ്രുതി ഹാളിൽ വൈകുന്നേരം 3 മണിക്ക് ബഹു നിയമവകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു. ഫയലുകൾ കഴിയുന്നതും ലളിതമായ മലയാളത്തിൽ കൈകാര്യം ചെയ്യണമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. നിയമവകുപ്പ് സെക്രട്ടറി ശ്രീ. വി. ഹരിനായർ അധ്യക്ഷനായ ചടങ്ങിന് നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി ശ്രീ. സാദിഖ്. എം കെ സ്വാഗതവും അഡീഷണൽ നിയമ സെക്രട്ടറി ശ്രീ. എൻ. ജീവൻ ആശംസയും അറിയിച്ചു. ജോയിന്റ് സെക്രട്ടറി ശ്രീ. കെ. പ്രസാദ് നന്ദി രേഖപ്പെടുത്തി. മലയാളദിനാഘോഷത്തോടനുബന്ധിച്ച് നവംബർ



4-ന് രാവിലെ 11 മണിക്ക് നിയമ (ഔദ്യോഗികഭാഷ-പ്രസിദ്ധീകരണസെൽ) വകുപ്പ് സെക്രട്ടേറിയറ്റിലെ പൊതുഭരണം, ധനം, നിയമം വകുപ്പുകളിലെ ജീവനക്കാർക്കായി "തൽസമയ പരിഭാഷാ മത്സരം" സംഘടിപ്പിച്ചു. 50 ജീവനക്കാർ പങ്കെടുത്ത മത്സരത്തിൽ പൊതുഭരണ വകുപ്പിലെ അണ്ടർ സെക്രട്ടറി ശ്രീ. ബിനുരാജ്. എസ് ഒന്നാം സ്ഥാനവും, പൊതുഭരണവകുപ്പിലെ അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ ശ്രീ. ഹരി. പി. നായർ രണ്ടാം സ്ഥാനവും, നിയമവകുപ്പിലെ അസിസ്റ്റന്റ് ലീഗൽ ഓഫീസറായ ബാലരാജൻ. ബി മൂന്നാം സ്ഥാനവും നേടി.

## ഭരണഘടനാദിനാഘോഷം




2022 നവംബർ 26-ന് നിയമ (ഔദ്യോഗികഭാഷ -പ്രസിദ്ധീകരണസെൽ) വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഭരണഘടനാദിനാഘോഷം സംഘടിപ്പിച്ചു. ഇന്ത്യൻ ഭരണഘടനയെ അടിസ്ഥാനമാക്കി സെക്രട്ടേറിയറ്റ് ജീവനക്കാർക്കായി നടത്തിയ ക്വിസ് മത്സരം പ്രധാന ആകർഷണമായിരുന്നു. 35 ജീവനക്കാർ പങ്കെടുത്ത മത്സരത്തിന്റെ എലിമിനേഷൻ റൗണ്ട് 23.11.2022-ന് നടത്തി. അവസാന റൗണ്ടിലേക്ക് യോഗ്യത നേടിയ 9 പേരെ പങ്കെടുപ്പിച്ചുകൊണ്ട് ഫൈനൽ ക്വിസ് മത്സരം 25.11.2022-ന് സംഘടിപ്പിച്ചു. നിയമ വകുപ്പിലെ ലീഗൽ അസിസ്റ്റന്റ് ശ്രീമതി അമൽ രാജഗോപാൽ ഒന്നാം സ്ഥാനവും ധനകാര്യ വകുപ്പിലെ അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ ശ്രീ. ജിതിൻ. കെ. ജോൺ രണ്ടാം സ്ഥാനവും, ധനകാര്യവകുപ്പിലെ അസിസ്റ്റന്റ് സെക്ഷൻ ഓഫീസറായ ശ്രീ. ഹരി കൃഷ്ണൻ. ആർ, ടി വകുപ്പിലെ അസിസ്റ്റന്റായ ശ്രീ. ജിഷ്ണു. പി. പി എന്നിവർ മൂന്നാം സ്ഥാനവും പങ്കിട്ടു.

കേരള ഹൈക്കോടതി മുൻ ജഡ്ജിയും 'കാപ്പ' ഉപദേശക സമിതി ചെയർമാനുമായ ജസ്റ്റിസ് ശ്രീ. എൻ. അനിൽകുമാർ ഭരണഘടനാദിനാഘോഷം ഉദ്ഘാടനം ചെയ്തു. സെക്രട്ടേറിയറ്റിലെ അനക്സ് II-ലെ ശ്രുതി ഹാളിൽ ഉച്ചയ്ക്കു ശേഷം സംഘടിപ്പിച്ച ആഘോഷപരിപാടിയിൽ ചീഫ് സെക്രട്ടറി ഡോ. വി. പി. ജോയ് ഐ എ എസ് മുഖ്യപ്രഭാഷണം നടത്തുകയും പരിഭാഷാ മത്സരത്തിലേയും, ഭരണഘടനാ ക്വിസ് മത്സരത്തിലേയും വിജയികൾക്കുള്ള മെമെന്റോകളും സർട്ടിഫിക്കറ്റുകളും വിതരണം നടത്തുകയും ചെയ്തു. നിയമവകുപ്പ് സെക്രട്ടറി

ശ്രീ. വി. ഹരിനായർ അധ്യക്ഷത വഹിച്ച ചടങ്ങിൽ നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി ശ്രീ. സാദിഖ് എം. കെ സ്വാഗതവും അഡീഷണൽ നിയമ സെക്രട്ടറി ശ്രീ. എൻ. ജീവൻ ആശംസയും അറിയിച്ചു. അഡീഷണൽ നിയമ സെക്രട്ടറി ശ്രീമതി പി. വി. ഗീത നന്ദിയും രേഖപ്പെടുത്തി.

## നിയമ നോഡൽ വകുപ്പ്

നിയമ (നോഡൽ) വകുപ്പിന്റെ ആഭിമുഖ്യത്തിൽ KAT-ലെ ഗവൺമെന്റ് പ്ലീഡർമാർക്ക് സർവ്വീസ് നിയമങ്ങൾ സംബന്ധിച്ച് 15.10.2022-ന് എറണാകുളത്തെ കേരള ജുഡീഷ്യൽ അക്കാഡമിയിൽ വച്ച് പരിശീലന ക്ലാസ്സ് നടന്നു. കൂടാതെ 25.11.2022, 26.11.2022 എന്നീ തീയതികളിൽ ജില്ലാ കോടതികളിലെ ഗവൺമെന്റ് പ്ലീഡർമാർക്കായി കേരള ജുഡീഷ്യൽ അക്കാഡമിയിൽ വച്ച് Admissions and confessions in Evidence, Theory of Agency in criminal conspiracy cases, Computer Forensics, Mobile Forensics, Medical Evidence എന്നീ വിഷയങ്ങളിലും പരിശീലന പരിപാടി നടത്തി 35 ഗവൺമെന്റ് പ്ലീഡർമാർ പങ്കെടുത്തു.

## നിയമ (എച്ച്) വകുപ്പ്

സംസ്ഥാനത്തെ നോട്ടറി നിയമനം പൂർണ്ണമായി ഓൺലൈൻ ആയി നടപ്പാക്കുന്നതിലേക്കായി നാഷണൽ ഇൻഫോമാറ്റിക് സെന്ററിന്റെ സഹായത്തോടുകൂടി സംസ്ഥാന സർക്കാർ വികസിപ്പിച്ചെടുത്ത ഓൺലൈൻ പോർട്ടലിന്റെ ഔപചാരിക ഉദ്ഘാടനം 2022 നവംബർ 24 വ്യാഴാഴ്ച തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽ നിയമ (എച്ച്) വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടക്കുകയുണ്ടായി. ബഹു. നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി ശ്രീ. പി രാജീവ് ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ അഡ്വ. വികെ പ്രശാന്ത് എം എൽ എ അധ്യക്ഷനായിരുന്നു. നോട്ടറി സേവനത്തിൽ 52 വർഷം പിന്നിട്ട മുതിർന്ന അഭിഭാഷകനായ അഡ്വ. ജി.എം. ഇടിക്കുളയെ ചടങ്ങിൽ ബഹു നിയമമന്ത്രി ആദരിച്ചു. ബഹു. ചീഫ് സെക്രട്ടറി ഡോ. വി. പി. ജോയ് ഐ എ എസ് മുഖ്യാതിഥി ആയിരുന്ന ചടങ്ങിൽ അഡ്വ. സി എസ് അജിതൻ നമ്പൂതിരി (വൈസ് ചെയർമാൻ, ബാർകൗൺസിൽ ഓഫ് കേരള), അഡ്വ. പള്ളിച്ചൽ എസ്. കെ പ്രമോദ് ( ചെയർമാൻ എൻറോൾമെന്റ് കമ്മിറ്റി, ബാർകൗൺസിൽ ഓഫ് കേരള), അഡ്വ. ആനയറ ഷാജി (പ്രസിഡന്റ്, ബാർ അസോസിയേഷൻ തിരുവനന്തപുരം) എന്നിവർ ആശംസകൾ അർപ്പിച്ചു. നിയമസെക്രട്ടറി ശ്രീ. വി. ഹരിനായർ സ്വാഗതവും അഡീഷണൽ നിയമ സെക്രട്ടറി ശ്രീ. എൻ ജീവൻ നന്ദിയും പ്രകാശിപ്പിച്ചു.

## പതിനഞ്ചാം കേരളനിയമസഭയുടെ 6–ാം സമ്മേളനത്തിൽ അവതരിപ്പിച്ച ബില്ലുകൾ

1. 2021–ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ
2. 2022–ലെ കേരള സഹകരണസംഘ (രണ്ടാം ഭേദഗതി)ബിൽ
3. 2022–ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി)ബിൽ
4. 2022–ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ
5. 2022–ലെ കേരള ലോകായുക്ത (ഭേദഗതി)ബിൽ
6. 2022–ലെ കേരള ആഭരണതൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ
7. 2022–ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ
8. 2022–ലെ കേരള വ്യവസായ ഏകജാലകക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശവികസനവും (ഭേദഗതി) ബിൽ
9. 2022–ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി)ബിൽ
10. 2022–ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബിൽ
11. 2022–ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത(ഭേദഗതി) ബിൽ
12. 2022–ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ
13. 2022–ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ

### പതിനഞ്ചാം കേരളനിയമസഭയുടെ 6–ാംസമ്മേളനത്തിൽ അവതരിപ്പിച്ച ബില്ലുകളിൽ ആക്റ്റ് ആയവ

1. 2021–ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ആക്റ്റ് (2022–ലെ 12–ാം നമ്പർ ആക്റ്റ്)
2. 2022–ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്റ്റ് (2022–ലെ 13 -ാം നമ്പർ ആക്റ്റ്)
3. 2022–ലെ കേരള ആഭരണതൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് (2022–ലെ 14–ാം നമ്പർ ആക്റ്റ്)
4. 2022–ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ആക്റ്റ് (2022–ലെ 15–ാം നമ്പർ ആക്റ്റ്)
5. 2022–ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ആക്റ്റ് (2022–ലെ 16–ാം നമ്പർ ആക്റ്റ്)
6. 2022–ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ആക്റ്റ് ( 2022–ലെ 17–ാം നമ്പർ ആക്റ്റ്)
7. 2022–ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ആക്റ്റ് (2022–ലെ 18–ാം നമ്പർ ആക്റ്റ്)
8. 2022–ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരവികസനവും (ഭേദഗതി) ആക്റ്റ് (2022–ലെ 19–ാം നമ്പർ ആക്റ്റ്)

disclaimer **നിരാകരണം**

ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ലേഖനങ്ങളിലെ
അഭിപ്രായങ്ങൾ സംസ്ഥാന സർക്കാരിന്റെയോ നിയമവകുപ്പിന്റെയോ
ഔദ്യോഗിക അഭിപ്രായങ്ങളല്ല. ലേഖകരുടെ വ്യക്തിപരമായ
അഭിപ്രായങ്ങളാണ്, അവയ്ക്കുള്ള ഉത്തരവാദിത്വം ലേഖകർക്ക് മാത്രമാണ്.

പത്രാധിപസമിതി





മലയാളദിനാഘോഷവും ഭരണഭാഷാവാരാഘോഷവും
2022 നവംബർ 1 മുതൽ 7 വരെ
നിയമ (ഔദ്യോഗികഭാഷ - പ്രസിദ്ധീകരണസെൽ) വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള
മലയാളദിനാഘോഷം
2022 നവംബർ 4 വെള്ളിയാഴ്ച ഉച്ചയ്ക്ക് 3 മണി ശ്രുതിഹാൾ, അനക്സ് - II, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
ഉദ്ഘാടനവും മുഖ്യപ്രഭാഷണവും : ശ്രീ. പി.രാജീവ് (ബഹു.നിയമം, വ്യവസായം കയർ വകുപ്പുമന്ത്രി)
അധ്യക്ഷൻ : ശ്രീ. വി. ഹരി നായർ (ബഹു. നിയമസെക്രട്ടറി)
SECRETARIAT






2022 നവംബർ


നിയമ വകുപ്പ്
കേരള സർക്കാർ
സംസ്ഥാന സർക്കാരിന്റെ



## സെക്രട്ടേറിയറ്റ് ജീവനക്കാർക്കായി ഭരണഘടനാ ദിനവുമായി ബന്ധപ്പെട്ട് നിയമവകുപ്പ് സംഘടിപ്പിച്ച ഭരണഘടനാപ്രശ്നോത്തരി മത്സരവിജയികൾ







**ശ്രീമതി അമൽ രാജഗോപാൽ**
നിയമ വകുപ്പ്




**ശ്രീ. ജിതിൻ. കെ. ജോൺ**
ധനകാര്യ വകുപ്പ്




**ശ്രീ. ജിഷ്ണു. പി. പി**
ധനകാര്യവകുപ്പ്




**ശ്രീ. ഹരികൃഷ്ണൻ. ആർ**
ധനകാര്യവകുപ്പ്

## സെക്രട്ടേറിയറ്റ് ജീവനക്കാർക്കായി നിയമ വകുപ്പ് സംഘടിപ്പിച്ച തത്സമയ പരിഭാഷാമത്സരവിജയികൾ







**ശ്രീ. ബിനുരാജ്. എസ്**
പൊതുഭരണ വകുപ്പ്




**ശ്രീ. ഹരി. പി. നായർ**
പൊതുഭരണവകുപ്പ്




**ബാലരാജൻ. ബി**
നിയമവകുപ്പ്

# അഭിനന്ദനങ്ങൾ

RNI REG. No. KERMAL/2017/74542

നിയമധ്വനി
NIYAMADWANI
TITLE CODE KERMAL-15918
വാല്യം 06
ഇഷ്യൂ 02

DATE OF PUBLICATION
28/11/2022



Printed by Veeran.T the Superintendent of Government Presses(in charge), Thiruvananthapuram
Published by V. Harinair, Secretary, Law Department, Government Secretariat, Thiruvananthapuram-695 001
On behalf of Govt. of Kerala and printed at Government Central Press, Thiruvananthapuram
and published at Law Department, Secretariat, Thiruvananthapuram-695 001, Chief Editor: V. Harinair.